പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## ഇരുപതാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## ഇരുപതാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9–ാം തീയതി സഭയിൽ സമർപ്പിച്ചത്)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003–04 മുതൽ 2006–07 വരെയുള്ള
വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
കൊച്ചി കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ്
ഖണ്ഡികകൾ സംബന്ധിച്ച്

689/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 67 |
| അനുബന്ധം II : സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 109 |
| അനുബന്ധം III : ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് | .. | 170 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദീൻ *

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ.എൻ.എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവെച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 ഏപ്രിൽ മാസം 2-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

# റിപ്പോർട്ട്

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 മുതൽ 2006-07 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ

ഓഡിറ്റ് ഖണ്ഡിക

**അനധികൃതമായി സബ്സിഡി അനുവദിച്ചു**

1999-2000-ലെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളുടെ സബ്സിഡിക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് 5-4-1999ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എംഎസ്.) 20/99 പ്രകാരം കക്കൂസ് നിർമ്മാണത്തിനുവേണ്ടി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 2,000 രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി 846/99-2000-ാം നമ്പർ പ്രോജക്ട് പ്രകാരം 4,500 രൂപ വീതം സബ്സിഡിയായി നൽകിയിരിക്കുന്നു. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമായ ഈ നടപടിമൂലം 1999-2000-ലെ ജനകീയാസൂത്രണ ത്തിലെ 'കക്കൂസും കുളിമുറിയും' എന്ന 846-ാം നമ്പർ പ്രോജക്ടിൽ അനധികൃത സബ്സിഡി നൽകിയ ഇനത്തിൽ 2,95,000 (118 x 2,500) രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III.3(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**കക്കൂസും കുളിമുറിയും നിർമ്മിക്കുന്നതിനുള്ള ധനസഹായം**

കൊച്ചി നഗരസഭാപ്രദേശത്തെ 150 പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസും കുളിമുറിയും നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് 4,500 രൂപാ ക്രമത്തിൽ നൽകുന്നതിന് 6,75,000 രൂപ വകകൊള്ളിക്കുകയുണ്ടായി. എന്നാൽ പരിശോധനയിൽ 150 ഗുണഭോക്താക്കൾക്ക് പകരം 189 പേർ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു. ഇപ്രകാരം 39 പേർക്ക് 4,500 രൂപാ വീതം അധികം നൽകിയിരിക്കുന്നത് പദ്ധതിയിൽ ഭേദഗതികൾ വരുത്തി അംഗീകാരം വാങ്ങാതെയായതിനാൽ 1,75,500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

20-8-1998-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) 175/98 പ്രകാരം 2,500 രൂപ കക്കൂസ് നിർമ്മാണത്തിന് സബ്സിഡിയായി നൽകാമെങ്കിലും ഇതിന്റെകൂടെ കുളിമുറി കൂടെച്ചേർത്ത് 'കക്കൂസും കുളിമുറിയും പണിയുന്നതിന് ധനസഹായം' എന്നൊരു പ്രോജക്റ്റുണ്ടാക്കി അധിക സബ്സിഡി നൽകിയത് സർക്കാർ നിർദ്ദേശങ്ങളെ അവഗണിക്കലും ധനദുരുപയോഗശ്രമവുമാണ്. അതിനാൽ ഒരാൾക്ക് 2,000 രൂപവീതം അനധികൃത സബ്സിഡിയായി 150 പേർക്ക് നൽകിയ 3,00,000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

അനർഹരായവർക്ക് ആനുകൂല്യം നൽകിയ 1,75,500 രൂപയും അനധികൃത സബ്സിഡിയായി നൽകിയ 3,00,000 രൂപയും കൂടി ആകെ 4,75,500 രൂപ കൊച്ചി നഗരസഭ ദുർവിനിയോഗം ചെയ്തു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III.3(vi)]

ഓഡിറ്റ് ഖണ്ഡിയിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 2,000 രൂപയാണെന്ന സർക്കാർ ഉത്തരവു നിലനിൽക്കെ കൊച്ചി കോർപ്പറേഷൻ 4,500 രൂപ വീതം സബ്സിഡി നൽകിയിരിക്കുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കക്കൂസ് നിർമ്മാണത്തിനു മാത്രമാണോ യൂണിറ്റൊന്നിന് 4,500 രൂപവീതം സബ്സിഡി നൽകിയിരിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് കക്കൂസും കുളിമുറിയുംകൂടി ഒറ്റനിർമ്മാണ പ്രോജക്ടായിട്ടാണ് ചെയ്തിരിക്കുന്നതെന്നും ഇതിനു രണ്ടിനുംകൂടിയാണ് സബ്സിഡി നൽകിയിരിക്കുന്നതെന്നും ഓഡിറ്റിന്റെ സമയത്ത് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിരുന്നില്ല എന്നതിനാലാണ് ഓഡിറ്റ് വകുപ്പ് തടസ്സം ഉന്നയിച്ചതെന്നും എന്നാൽ പിന്നീട് പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അർബൻ അഫേയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതിയിൽ മറുപടി നൽകി.

2. കക്കൂസ് നിർമ്മാണത്തിനു മാത്രമായി സബ്സിഡി പ്രഖ്യാപിച്ചിരുന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി കുളിമുറിക്കുകൂടി സബ്സിഡി നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകാൻ ഡി.പി.സി.-ക്ക് അധികാരമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് കുളിമുറിക്ക് സബ്സിഡി നൽകരുതെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടില്ലെന്ന് എസ്. പി.എ.ഒ. ശ്രീ. എസ്. ദിവാകരൻ പിള്ള സമിതിയിൽ വ്യക്തമാക്കി.

3. പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടിയാണ് പദ്ധതി പണം ചെലവഴിച്ചിരിക്കുന്നതെന്നും കൗൺസിൽ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റുണ്ടെന്നും ജോയിന്റ് ഡയറക്ടർ തുടർന്ന് അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**4. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ് 5-4-1999-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് നല്കാവുന്ന പരമാവധി സബ്സിഡി 2,000 രൂപയാണ്. പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി കൊച്ചി നഗരസഭ 1998-99, 1999-2000 വർഷങ്ങളിലെ പദ്ധതിപ്രകാരം കക്കൂസ് നിർമ്മിച്ച ഓരോ കുടുംബത്തിനും 4,500 രൂപ സബ്സിഡി അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിക്ക് 1999-2000-ൽ 10 ലക്ഷം രൂപ വകയിരുത്തിയതിൽ 118 കുടുംബങ്ങൾക്കായി 5,31,000 രൂപയും 1998-1999-ൽ പുതുക്കിയ പദ്ധതിക്ക് 191 കുടുംബങ്ങൾക്കായി 8,59,500 രൂപ വകയിരുത്തിയതിൽ 189 കുടുംബങ്ങൾക്കായി 8,50,500 രൂപയും ചെലവഴിച്ചിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. സർക്കാർ ഉത്തരവിൽ, കക്കൂസ് നിർമ്മാണത്തിന്**

**മാത്രമാണ് സബ്സിഡി തുക പരമാവധി 2,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്ന തെന്നും ഈ പദ്ധതിയിൻകീഴിൽ കക്കൂസിനോടൊപ്പം കുളിമുറിയുടെ നിർമ്മാണം കൂടി ഉൾപ്പെടുത്തിയിരുന്നുവെന്നും കുളിമുറിയുടെ നിർമ്മാണം അനുവദനീയമല്ല എന്ന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നില്ല എന്നും കോർപ്പറേഷൻ പറയുന്നു. കൂടാതെ, വളരെ പരിമിതമായ സാഹചര്യത്തിൽ ജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കായി വിഭാവനം ചെയ്ത ഈ പദ്ധതിപ്രകാരം മുഴുവൻ വാർഡുകളിൽ നിന്നും വാർഡ് കമ്മിറ്റി മുൻഗണനാക്രമത്തിൽ അംഗീകരിച്ച ലിസ്റ്റ് നഗരസഭയും അംഗീകരിച്ചതിനു ശേഷമാണ് ആനുകൂല്യം നല്കിയതെന്നും പദ്ധതിക്ക് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി, നഗരസഭാ കൗൺസിൽ, കോർപ്പറേഷൻ ലെവൽ എക്സ്പെർട്ട് കമ്മിറ്റി, ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരവു മുണ്ടെന്നും കോർപ്പറേഷൻ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ, വളരെയധികം ദാരിദ്ര്യത്തിലും പരിമിതമായ സാഹചര്യത്തിലും ജീവിക്കുന്ന പട്ടികജാതി ജനവിഭാഗങ്ങളുടെ ആരോഗ്യസുരക്ഷയ്ക്കുവേണ്ടി വിഭാവനംചെയ്തു നടപ്പിലാക്കിയ പദ്ധതി എന്ന നിലയ്ക്കും പദ്ധതിക്കായി മാറ്റിവെച്ച തുകയ്ക്കുള്ളിൽത്തന്നെ നടപ്പിലാക്കിയെന്നത് പരിഗണിച്ചും ഭാവിയിൽ ഇത്തരം ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ സാധൂകരണംകൂടി തേടി ഓഡിറ്റ് തടസ്സങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കണമെന്ന അഭിപ്രായത്തോടെ മേൽ പരാമർശിക്കുന്ന രണ്ട് ഓഡിറ്റ് ഖണ്ഡികകളിലേയും ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചൂടാറാപ്പെട്ടി വിതരണം—ധനദുർവിനിയോഗം**

ഉൽപ്പാദനക്ഷമമല്ലാത്ത ചില ആസ്തികൾ വിതരണം ചെയ്യുകവഴി പദ്ധതിപ്പണം പാഴാക്കുന്നതിനാൽ ചില ഇനങ്ങൾ വിതരണം ചെയ്യരുതെന്ന് സർക്കാർ തദ്ദേശഭരണ (പി) 2-10-1998-ലെ 37804/പി 3/98-ാം നമ്പർ സർക്കുലർ പ്രകാരം കർശനനിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിനു വിരുദ്ധമായി വ്യക്തികൾക്ക് ചൂടാറാപ്പെട്ടി വിതരണം ചെയ്യുകവഴി 1999-2000, 2000-2001 എന്നീ സാമ്പത്തികവർഷങ്ങളിലായി 1,92,320 രൂപ ദുർവ്യയം ചെയ്തതായി ഓഡിറ്റിൽ കണ്ടെത്തി. ഏതെങ്കിലും ഇനത്തിൽ ഫണ്ട് ചെലവുചെയ്യുന്നത് നിയമവും ചട്ടവും സർക്കാർ നിർദ്ദേശങ്ങളും അനുസരിക്കാതെ യാണെങ്കിൽ ധനദുർവിനിയോഗമാണെന്ന് 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 22(2) 111 (ഇ) എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഈയിനത്തിൽ തുക ചെലവഴിച്ചതിൽ വ്യക്തമായ ക്രമക്കേടുകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ദുർവ്യയം നടത്തിയ 1,92,320 രൂപ ഉത്തരവാദികളിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III.3(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനത പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. 2-10-1998-ലെ 37804/പി3/98-ാം നമ്പർ സർക്കുലർ പ്രകാരം ചൂടാറാപ്പെട്ടി വിതരണം നടത്തരുതെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പ്രസ്തുത ഉത്തരവു വരുന്നതിനു മുമ്പുതന്നെ സ്പിൽ ഓവർ പദ്ധതിയായി ചൂടാറാപ്പെട്ടി വിതരണം നടപ്പിലാക്കാൻ കോർപ്പറേഷൻ തീരുമാനിച്ചതാണെന്നും ഈ പദ്ധതിക്ക് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**6. കൊച്ചി കോർപ്പറേഷൻ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ പുകയില്ലാത്ത അടുപ്പിന്റെയും ചൂടാറാപ്പെട്ടിയുടെയും വിതരണം പരമാവധി ഊർജം സംരക്ഷിക്കാൻ കഴിയുന്ന ഉല്പാദനക്ഷമമായ പദ്ധതി എന്ന നിലയ്ക്കാണ്. ചൂടാറാപ്പെട്ടിക്ക് 175 രൂപ വിലയുള്ളതിനാൽ 75 രൂപ ഗുണഭോക്തൃവിഹിതം സ്വീകരിച്ച് ആക്ഷേപരഹിതമായും സർക്കാർ അംഗീകൃത ഏജൻസിയായ ശാസ്ത്ര സാഹിത്യ പരിഷത്തു മുഖേനയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം ചൂടാറാപ്പെട്ടി വിതരണം ചെയ്യുന്നത് തടസ്സപ്പെടുത്തുന്നില്ലായെന്നും, പ്രത്യുത പന്ത്രണ്ട് ഇനങ്ങൾ മാത്രമേ നല്കരുതെന്ന് പറഞ്ഞിട്ടുള്ളൂവെന്നും മറ്റുള്ളവ നല്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് വിവേചനാധികാരമുണ്ടെന്നും ആയതുപ്രകാരം ജില്ലാ ആസൂത്രണ സമിതി ഈ പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്നും കോർപ്പറേഷൻ വിശദീകരിക്കുന്നു. സർക്കാരിന്റെ മറുപടിയുടെയും കോർപ്പറേഷന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് വയറിങ്-നിർവ്വഹണത്തിലെ ക്രമക്കേടുകൾ**

1999-2000-ലെ 'വീട് വൈദ്യുതീകരണം' എന്ന എസ്.സി.പി. പ്രോജക്ട് പ്രകാരം 100 പേർക്ക് വീട് വയറിങ് ധനസഹായം നൽകാൻ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 80,000 രൂപയിൽ ഇതുവരെ 10,400 രൂപ ചെലവഴിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിരേഖയിൽ താൽക്കാലിക അംഗീകാരം ലഭിച്ച ടി പ്രോജക്ട് അന്തിമ അംഗീകാരമില്ലാതെ എപ്രകാരമാണ് നടപ്പിലാക്കിയതെന്ന് വ്യക്തമല്ല. മറ്റൊരു പ്രോജക്ടിനുവേണ്ടി വകയിരുത്തിയ പദ്ധതി വിഹിതത്തിൽനിന്നും വകമാറ്റി ഈ പ്രോജക്ടിൽ തുക ചെലവാക്കാനുണ്ടായ സാഹചര്യം അവ്യക്തമാണ്. ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയതായി കാണുന്നില്ല. ആധികാരിക ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഒരാൾക്ക് 800 രൂപ നിരക്കിൽ 13 പേർക്ക് നൽകേണ്ട 10,400 രൂപ 31-3-2000-ൽ പണമാക്കി മാറ്റിയെങ്കിലും ഗുണഭോക്താക്കൾക്ക് പണമായി നൽകിയത് 5/2000-ൽ ആണ്. അനധികൃതമായി സെക്രട്ടറി രണ്ടു മാസത്തോളംകാലം സ്വന്തം കൈയിൽവച്ച് ദുരുപയോഗം ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III.3(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടിപത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

7. വീട് വൈദ്യുതീകരണത്തിന് നൂറുപേർക്ക് ധനസഹായം നൽകാൻ പ്രോജക്ടിൽ തീരുമാനിച്ചെങ്കിലും 13 പേർക്ക് മാത്രം ധനസഹായം നൽകുകയും അതിനുവേണ്ടിയുള്ള 10,400 രൂപ രണ്ട് മാസക്കാലം നഗരസഭ സെക്രട്ടറി കൈവശം വയ്ക്കുകയും ചെയ്തതു സംബന്ധിച്ച് ഓഡിറ്റ് തടസ്സത്തിന്മേൽ എന്ത് വിശദീകരണമാണ് നൽകുവാനുള്ളതെന്ന് സമിതി ആരാഞ്ഞു. നൂറുപേർക്ക് ധനസഹായം കൊടുക്കാൻ തീരുമാനിച്ചുവെങ്കിലും സി.ഡി. അടച്ച 13 പേർക്ക് മാത്രമാണ് ധനസഹായം നൽകിയ തെന്നും 31-3-2000-ന് ചെക്ക് എഴുതി നൽകിയാൽ ഒന്നുരണ്ട് മാസത്തിനുശേഷമാണ് ബാങ്കിൽനിന്ന് തുക ലഭിക്കുന്നതെന്നും പണംമാറി കയ്യിൽ സൂക്ഷിക്കുന്ന പ്രവണത ശരിയല്ലെന്നും മേലിൽ ഇപ്രകാരം സംഭവിക്കാതെ ശ്രദ്ധിക്കാമെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

8. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയ തീയതി ഫയലിൽ ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഗുണഭോക്താക്കൾ എല്ലാവരും 8-5-2000-ന് തുക കൈപ്പറ്റിയതായും, അന്ന് ചെക്ക് കൊടുക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നതെന്നും പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയില്ലായിരുന്നെന്നും അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

9. 31-3-2010-ലാണ് ചെക്ക് എഴുതിയതെന്നും 3-4-2000-ൽ താൻ റിട്ടയർ ചെയ്തുവെന്നും 2000 മേയ് മാസത്തിലാണ് പണം ഗുണഭോക്താക്കൾക്ക് നൽകിയ തെന്നും മുൻ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ശ്രീ. എം. എസ്. പ്രഭാകരൻ സമിതിയിൽ വ്യക്തമാക്കി.

10. ഗുണഭോക്താക്കൾക്ക് 5-2000-ൽ തുക കൈമാറിയതിന്റെ രേഖകളും ഗുണഭോക്തൃ ലിസ്റ്റും ഉണ്ടെന്നും എന്നാൽ സി.ഡി. അടച്ചതായ ഒരു രേഖയും കാണുന്നില്ലെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

11. ഗുണഭോക്താക്കൾക്ക് തുക നൽകിയ സെക്രട്ടറി ആരായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് ശ്രീ. കെ. ആർ. ഗോപാലകൃഷ്ണനായിരുന്നു അന്ന് സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്നതെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

12. സി.ഡി. അടച്ച രേഖയാണ് പദ്ധതി പൂർത്തീകരിച്ചു എന്നതിന്റെ അന്തിമ രേഖ/തെളിവ് എന്നും പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട പ്രധാന ഫയലിൽ അത് സംബന്ധിച്ച രേഖകൾ ഉണ്ടെങ്കിൽ അത് സമിതിമുമ്പാകെ ഹാജരാക്കണമെന്നും സമിതി വ്യക്തമാക്കി.

13. പ്രോജക്ട് സംബന്ധിച്ച ഫയലിൽ ഗുണഭോക്താക്കളുടെ ലിസ്റ്റും ചെക്ക് നമ്പരും ഗുണഭോക്താക്കൾ പണം കൈപ്പറ്റിയതിന്റെ രസീത് ബുക്കും ഉണ്ടെന്നും 13 ഗുണഭോക്താക്കൾക്കും യോഗ്യതയുണ്ടെന്ന് കണ്ടെത്തിയശേഷമാണ് ചെക്ക് എഴുതിയതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

14. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട 13 വീട്ടുകാരെയും കണ്ടുപിടിച്ച് ആ വീടുകളിൽ വൈദ്യുതി സപ്ലൈ ഉണ്ടോ, കൺസ്യൂമർ നമ്പരുണ്ടോ, എപ്പോഴാണ് കണക്ഷൻ കിട്ടിയത് എന്നീ വിവരങ്ങൾ അന്വേഷിക്കേണ്ടതാണെന്ന് എസ്.പി.എ.ഒ. ശ്രീ. എസ്. ദിവാകരൻപിള്ള സമിതിയിൽ അഭിപ്രായപ്പെട്ടു.

15. ചെക്ക് കൊടുക്കുകയും ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്യണമെങ്കിൽ റസിഡന്റ് സർട്ടിഫിക്കറ്റ് കോർപ്പറേഷൻ നൽകണമെന്നും അപ്രകാരം റസിഡന്റ് സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ ഹൗസ് നമ്പർ വേണമെന്നും ഫയലിലുള്ള രസീതിൽ ഹൗസ് നമ്പർ ഉണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഫയലിൽ ഗുണഭോക്താക്കളുടെ ഹൗസ് നമ്പർ ഉണ്ടെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

16. ഇതുസംബന്ധിച്ച് ഗുണഭോക്താക്കൾ വൈദ്യുതി കണക്ഷനുവേണ്ടി സി.ഡി. അടച്ചതിനുള്ള രേഖകൾ, ആനുകൂല്യ തുക പിൻവലിച്ച് കൈവശം സൂക്ഷിച്ച സെക്രട്ടറിയുടെ പേരുവിവരങ്ങൾ, തുക വിതരണം ചെയ്യാനുണ്ടായ കാലതാമസത്തിനുള്ള വിശദീകരണം, എന്നിവ ബന്ധപ്പെട്ട ഫയൽ സഹിതം രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

17. **കോർപ്പറേഷൻ എസ്.സി.പി. പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗങ്ങളുടെ വീട് വൈദ്യുതീകരണത്തിന് 100 പേർക്ക് 800 രൂപാവീതം ധനസഹായം നല്കുന്നതിന് സംസ്ഥാനാവിഷ്കൃത ഫണ്ടിൽനിന്നും 80,000 നീക്കിവെച്ചെങ്കിലും കേവലം 13 പേർക്കായി 10,400 രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ ബാഹുല്യംമൂലം പദ്ധതിത്തുക ഉയർത്തിയെന്ന് വാദിക്കുന്ന കോർപ്പറേഷന് ആദ്യം വിഭാവനം ചെയ്ത ലക്ഷ്യത്തിന്റെ അരികിലെത്താൻ പോലുമായില്ല. പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയതായി പറയപ്പെടുന്ന 13 ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള തുകയായ 10,400 രൂപ 31-3-2000-ൽ ട്രഷറിയിൽനിന്നും പിൻവലിച്ചതായി കാണുന്നുണ്ടെങ്കിലും 8-5-2000-ൽ മാത്രമാണ് ഗുണഭോക്താക്കൾക്ക് ചെക്ക് നല്കുന്നത്. വിവിധ പദ്ധതികൾക്കായി നിരവധി ചെക്കുകൾ ഉള്ളതിനാൽ ബാങ്കിൽനിന്നും ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞേ പണം ലഭ്യമാകുകയുള്ളൂവെന്ന കോർപ്പറേഷന്റെ മറുപടി സ്വീകാര്യമല്ല.**

18. **ഗുണഭോക്താക്കൾക്ക് പണം നേരിട്ട് നല്കിയ കോർപ്പറേഷന്റെ പക്കൽ ഗുണഭോക്തൃ ലിസ്റ്റും ചെക്കുനമ്പരും ഗുണഭോക്താക്കൾ പണം കൈപ്പറ്റിയെന്നതിന്റെ രസീതു ബുക്കുമല്ലാതെ ബന്ധപ്പെട്ട ഫയലോ, വൈദ്യുതി കണക്ഷന് സി.ഡി. അടച്ചതിന്റെ പകർപ്പോ ഇല്ല. പദ്ധതി വിഹിതത്തിൽനിന്നും പണം ചെലവഴിക്കുമ്പോൾ ആയതിന് വ്യക്തമായ രേഖകൾ ഉണ്ടാകണമെന്ന് സമിതി നിഷ്കർഷിക്കുന്നു. വ്യക്തമായ രേഖകൾ ഇല്ലാതെ പണം ചെലവഴിക്കുന്ന പക്ഷം ആയത് ചെലവഴിക്കുന്ന വ്യക്തിയുടെ പേരിൽ ബാധ്യതയായി ചുമത്തേണ്ടതാണ്. ട്രഷറിയിൽനിന്ന് പണം പിൻവലിച്ച് കൈയിൽ സൂക്ഷിച്ച് മാസങ്ങൾക്കുശേഷം മാത്രം ചെലവാക്കുന്നത് ഭാഗികമായ പണാപഹരണമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**19. പദ്ധതിപ്രകാരം 13 ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായി ചെലവഴിച്ച 10,400 രൂപ വിതരണം ചെയ്തതിന് വൈദ്യുതി ബോർഡിൽ സി.ഡി. അടച്ചതിന്റെ രേഖകൾ, ആനുകൂല്യം നല്കുന്നതിനുള്ള തുക പിൻവലിച്ച് അനധികൃതമായി കൈവശം സൂക്ഷിച്ച സെക്രട്ടറിയുടെ പേരുവിവരം, തുക വിതരണം ചെയ്യാനുണ്ടായ കാലതാമസത്തിനുള്ള കാരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് 15-12-2009-ലെ സമിതിയോഗം ആവശ്യപ്പെടുകയും അതു സംബന്ധിച്ച് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പ് നല്കുകയും ചെയ്തിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ അവ ലഭ്യമാക്കിയിട്ടില്ല. ഇത് സർക്കാരിന്റെയും കോർപ്പറേഷന്റെയും ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയായും സമിതിയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു. ഈ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം പദ്ധതിപ്പണം യഥാർത്ഥ ലക്ഷ്യത്തിനായി വിനിയോഗിക്കപ്പെട്ടില്ല എന്ന നിഗമനത്തിൽ ഈയിനത്തിൽ ചെലവാക്കിയ 10,400 രൂപ പലിശസഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് റിപ്പയർ—ഉത്തരവുകളുടെ ലംഘനംവഴി അനധികൃത സബ്സിഡി നൽകിയതും, ധനദുർവിനിയോഗവും**

1998-99-ലെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്ക് ബാധകമായ സബ്സിഡി നിരക്ക് നിശ്ചയിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് 14-10-1998-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി 'വീട് റിപ്പയർ' എന്ന പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി. 1998-99-ലും സ്പിൽ ഓവറായി 1999-2000-ലുമായി നടപ്പിലാക്കിയ ടി പ്രോജക്ടിൽ ഗുണഭോക്താക്കളുടെ ജാതിയും വരുമാനവും തെളിയിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ഗുണഭോക്തൃസമിതി രൂപീകരിക്കാതെയും നടപ്പിലാക്കിയ ടി പ്രോജക്ടിൽ ആനുകൂല്യം ഓരോരുത്തർക്കും പണമായി നല്കിയിരിക്കുന്നതായും കാണുന്നു. ഈ ഇനത്തിൽ നഗരസഭ ആകെ ചെലവാക്കിയ 6,60,000 രൂപയും സർക്കാർ നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത് ധനദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III.3(iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടിപത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

20. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് സർക്കാർ നടപടിക്രമം അനുസരിച്ച് ജനറൽ വിഭാഗത്തിന് 5,000 രൂപ മാത്രമേ നൽകാവൂ എന്ന് എസ്.പി.എ.ഒ. സമിതിയിൽ വ്യക്തമാക്കി.

21. 1998-99 വർഷത്തെ ഭവനം ബലപ്പെടുത്തൽ പ്രോജക്ട് പ്രകാരം നിർദ്ദിഷ്ട രേഖകൾ കൗൺസിലറുടെ ശുപാർശയോടുകൂടി 1999 മാർച്ച് 31-ാം തീയതിക്കുമുമ്പായി ഹാജരാക്കുന്ന ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന എല്ലാ ഗുണഭോക്താക്കൾക്കും വാസയോഗ്യമായ വീട് നൽകണം എന്ന സർക്കാർനയം പരിഗണിച്ച് ലിസ്റ്റിൽ ഉള്ളവരും ഇല്ലാത്തവരുമായ എല്ലാപേർക്കും ഈ പദ്ധതിയുടെ ആനുകൂല്യം നൽകാൻ കൗൺസിൽ തീരുമാനിക്കുകയും അതുപ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കേണ്ട രേഖകൾ ലഘൂകരിച്ചുകൊണ്ട് കൗൺസിൽ തീരുമാനമെടുക്കുകയും കൗൺസിലിന്റെ 23-3-1999-ലെ 78-ാം നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു എന്നാണ് ഫയൽ പരിശോധിച്ചതിൽനിന്ന് മനസ്സിലാകുന്നതെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

22. എന്നാൽ ജനകീയാസൂത്രണത്തിന്റെ ഗൈഡ്‌ലൈൻസ് അനുസരിച്ചു മാത്രമേ കൗൺസിലിന് തീരുമാനം എടുക്കാൻ അധികാരമുള്ളൂ എന്ന് എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. വ്യക്തമാക്കി. 5,000 രൂപ ധനസഹായം നല്കുന്നതിനുപകരം 10,000 രൂപ നൽകിയതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് 10,000 രൂപയുടെ എസ്റ്റിമേറ്റ് ഗുണഭോക്താക്കളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 5,000 രൂപ വച്ചാണ് നൽകിയതെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

23. ലിസ്റ്റിൽ പട്ടികജാതിയിൽപ്പെട്ടവരും അല്ലാത്തവരും ഉണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പദ്ധതി ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കാണെന്നും എന്നാൽ പട്ടികജാതിയിൽപ്പെട്ടവർക്കും ആനുകൂല്യം നൽകാമെന്നും ജനറൽ വിഭാഗത്തിന് 5,000 രൂപയും പട്ടികജാതി വിഭാഗത്തിന് 7,500 രൂപയും വീതമാണ് നൽകിയതെന്നും ഇതിന് ഡി.പി.സി.-യുടെ അംഗീകാരമുണ്ടെന്നും എന്നാൽ ഇതു സംബന്ധിച്ച് പ്രോജക്ടിന്റെ ഫയൽ കാണാനില്ലെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

24. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്കും വീട് നൽകണമെന്ന് തീരുമാനിക്കാൻ കൗൺസിലിന് അധികാരമുണ്ടോയെന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നെന്നും സമിതി ആരാഞ്ഞതിന് അന്നത്തെ സെക്രട്ടറി താനായിരുന്നെന്നും വാർഡ് കൗൺസിലർമാർ ശുപാർശ ചെയ്തതനുസരിച്ച് വാർഡുതലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് കൗൺസിലിൽവച്ച് അംഗീകരിച്ച് അതൊരു ബുക്കായി പ്രിന്റ് ചെയ്തിട്ടുണ്ടായിരുന്നുവെന്നും എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കളുടെ എണ്ണം ആവശ്യത്തിന് ഇല്ലാതെവന്ന സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ, (അഡ്മിനിസ്ട്രേഷൻ) സമിതിയിൽ മറുപടി നൽകി.

25. അപ്രകാരമുള്ള ബുക്ക് ഉണ്ടായിരുന്നിട്ടും കുറെ വ്യക്തികളെ ഉൾപ്പെടുത്താതെ പോയത് എന്തുകൊണ്ടാണ് എന്ന സമിതിയുടെ ചോദ്യത്തിന് ഉൾപ്പെടുത്താത്തതല്ലെന്നും ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാതെവന്ന സാഹചര്യത്തിലാണ് അപ്രകാരം സംഭവിച്ചതെന്നും നഗരകാര്യവകുപ്പ് (അഡ്മിനിസ്ട്രേഷൻ) ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

26. വാർഡ് കൗൺസിലേഴ്സ് ശുപാർശചെയ്ത വ്യക്തികളുടെ വിവരം ബൈന്റ് ചെയ്ത ബുക്കിൽവരുമോ എന്ന് സമിതി ആരാഞ്ഞതിന്, ആദ്യത്തെ ഗുണഭോക്തൃ ലിസ്റ്റിലെ 1,20,000 അപേക്ഷകരിൽനിന്ന് സ്ക്രൂട്ടിണി ചെയ്ത് തിരഞ്ഞെടുത്താണ് രണ്ടാമത്തെ ലിസ്റ്റ് ഉണ്ടാക്കിയിട്ടുള്ളതെന്നും നിയമാനുസൃതമല്ലാത്ത എല്ലാ കാര്യത്തിനും താൻ വിയോജനക്കുറിപ്പ് എഴുതിയിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

27. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്താനുള്ള അധികാരം കൗൺസിലിന് ഇല്ലെന്ന് സമിതി വ്യക്തമാക്കി.

28. മുനിസിപ്പൽ നിയമത്തിൽ സെക്രട്ടറിക്ക് ഒരു ഉപദേശകൻ എന്ന പദവിയാണുള്ളതെന്നും കൗൺസിൽ ഒരു റസല്യൂഷൻ എടുക്കുമ്പോൾ സെക്രട്ടറിയോട് ഉപദേശം ചോദിക്കാതെ നിർദ്ദേശങ്ങൾ നൽകുവാനുള്ള അവകാശമില്ലെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

29. അഭിപ്രായം പറയുന്നതോടൊപ്പം കൈവശമുള്ള ഫയലിൽ അഭിപ്രായം രേഖപ്പെടുത്താനുള്ള അവകാശവും സെക്രട്ടറിക്കുണ്ടെന്ന് എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. വ്യക്തമാക്കി.

30. നിയമാനുസൃതമല്ലാത്ത തീരുമാനമാണ് കൗൺസിൽ എടുക്കുന്നതെങ്കിൽ ഫയലിൽ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തണമെന്നും വീണ്ടും കൗൺസിൽ മുൻ തീരുമാനത്തിൽത്തന്നെ ഉറച്ചുനിൽക്കുകയാണെങ്കിൽ സെക്രട്ടറിക്ക് ബാധ്യതവരില്ലെന്നും സമിതി വ്യക്തമാക്കി.

31. ഒറിജിനൽ പ്രോജക്ട് റിപ്പോർട്ടും ഫയലും ഓഡിറ്റിനും നഗരകാര്യ ഡയറക്ടർക്കും പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതലായ ഗുണഭോക്താക്കളെ ഉൾപ്പെടുത്താനുള്ള കാരണവും സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് പദ്ധതി നടപ്പാക്കാൻ തീരുമാനമെടുത്ത കൗൺസിൽയോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേരുവിവരങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ടും ഒരു മാസത്തിനകം സമിതിക്കും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

32. **ജനകീയാസൂത്രണ പദ്ധതിപ്രകാരം 1998-99-ലും സ്പിൽ ഓവറായി 1999-2000-ലുമായി കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കിയ ദുർബ്ബല വിഭാഗങ്ങളുടെ വീട് റിപ്പയർ പ്രോജക്ടിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ നിശ്ചയിക്കുവാൻ വ്യക്തമായ മാനദണ്ഡവും, നടപടിക്രമവും സർക്കാർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും ആനുകൂല്യം നല്കിയിരിക്കുന്നു. പദ്ധതിയുടെ അടങ്കൽത്തുക ആദ്യം 25 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നത് പിന്നീട് തുക 38.75 ലക്ഷം രൂപയായും ഗുണഭോക്താക്കളുടെ എണ്ണം 775 ആയും നഗരസഭ ഉയർത്തിയിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്ന്**

വ്യക്തമാകുന്നു. പദ്ധതിപ്രകാരം ആനുകൂല്യത്തിനായി 1,20,000 അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് തെളിവെടുപ്പുയോഗത്തിൽ വ്യക്തമാക്കിയ നഗരസഭാ ഉദ്യോഗസ്ഥർ, ഇത്രയേറെ അപേക്ഷകർ ഉണ്ടായിട്ടും ഗുണഭോക്താക്കൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് ആനുകൂല്യം നല്കുന്നതിനുള്ള നടപടിക്രമങ്ങളും സമർപ്പിക്കേണ്ട രേഖകളും ലഘൂകരിക്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്നും പറയുന്നു. ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാലിച്ചിരിക്കേണ്ടതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും അവ ലംഘിച്ചും തീരുമാനമെടുക്കുവാൻ നഗരസഭാ കൗൺസിലിന് അധികാരമില്ല എന്ന് സമിതി ശക്തമായി അഭിപ്രായപ്പെടുന്നു. ഇത്തരം സന്ദർഭത്തിൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്. വ്യവസ്ഥകൾക്ക് വിരുദ്ധമായ തീരുമാനത്തോട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായാണ് നഗരസഭാ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വെളിപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, നഗരസഭാ കൗൺസിലിൽ നഗരസഭാ സെക്രട്ടറിക്ക് ഒരു ഉപദേശകന്റെ റോൾ മാത്രമേയുള്ളൂവെന്ന നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ നിലപാടിനോട് സമിതി വിയോജിക്കുന്നു. സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി കൗൺസിൽ തീരുമാനമെടുക്കുമ്പോൾ സെക്രട്ടറി അഭിപ്രായം പറയേണ്ടതും കൗൺസിൽ മുൻതീരുമാനത്തിൽ ഉറച്ച് നിൽക്കുന്നപക്ഷം അതിനോടുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. നിയമാനുസൃതമല്ലാത്ത തീരുമാനം കൗൺസിൽ എടുക്കുന്നപക്ഷം കൗൺസിൽ അംഗങ്ങൾ ഉത്തരവാദികളായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

33. കൊച്ചി നഗരസഭാ കൗൺസിൽ, പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ വിഷയത്തിന്മേൽ, ജനകീയാസൂത്രണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചു മാത്രമേ തീരുമാനമെടുക്കാൻ അധികാരമുള്ളൂ എന്നിരിക്കെ, സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം നല്കിയിരിക്കുന്നു. നഗരസഭാ കൗൺസിലിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

34. ഒറിജിനൽ പ്രോജക്ട് റിപ്പോർട്ടും ഫയലുകളും ഓഡിറ്റിനും നഗരകാര്യ ഡയറക്ടർക്കും പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനുള്ള കാരണവും ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന സമിതിയുടെ 15-12-2009-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത വിഷയത്തിന്മേൽ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഭാഗത്തുനിന്നുമുള്ള ഈ സമീപനം സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടുമാസത്തിനകം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഗ്രൂപ്പ് ജനത അപകടമരണ ഇൻഷ്വറൻസ് പദ്ധതി—അപാകതകൾ**

1996-1997 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം കൊച്ചി നഗരസഭ ഗ്രൂപ്പ് ജനത അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. നഗരസഭാപരിധിയിൽ സ്ഥിരതാമസമുള്ള വ്യക്തികൾ അപകടമരണത്തിന് ഇരയാകുമ്പോഴാണ് ഈ ആനുകൂല്യത്തിന് അർഹരാകുന്നത്. 2002-03 സാമ്പത്തിക വർഷത്തേക്ക് നഗരസഭ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയമിനത്തിൽ 28,22,945 രൂപ അടച്ചിട്ടുണ്ട്. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതികൂടാതെ ഇത്തരം ചെലവുകൾ അനുവദിക്കാവുന്നതല്ല. ഈയിനത്തിൽ 1996-97 സാമ്പത്തികവർഷം 7 ലക്ഷം രൂപ ചെലവഴിച്ചതിനാൽ ഇത്തരം ചെലവുകൾ ആവർത്തിക്കാൻ പാടില്ലായെന്ന് സർക്കാർ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള ഇൻഷ്വറൻസ് പരിപാടികൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. വിശദപരിശോധനയിൽ വളരെക്കുറച്ച് നഷ്ടപരിഹാരത്തുക മാത്രമാണനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഓരോവർഷവും ഈ സ്കീമിൽ അനുവദിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും അടച്ച ഭീമമായ തുകയും താരതമ്യപ്പെടുത്തുമ്പോൾ മുടക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം ലഭിക്കുന്നില്ല എന്ന് കാണാം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III.3(v)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടിപത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

35. സർക്കാർ അനുമതി വാങ്ങിയാണോ ഇൻഷ്വറൻസ് പ്രോജക്ട് നടപ്പാക്കിയതെന്ന് സമിതി ആരാഞ്ഞു. 1996-97 മുതൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി എല്ലാ വർഷവും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയായിരുന്നു ഇതെന്നും 2002-03 വർഷമാണ് പദ്ധതി ഓഡിറ്റ് തടസ്സപ്പെടുത്തിയതെന്നും സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഇപ്പോൾ ഈ പ്രോജക്ട് നിർത്തലാക്കിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

36. 1996-97 സാമ്പത്തികവർഷം 7 ലക്ഷം രൂപ ചെലവഴിച്ചതിനാൽ അത്തരം ചെലവുകൾ ആവർത്തിക്കാൻ പാടില്ലെന്നും സർക്കാർ അംഗീകരിച്ച ഇൻഷ്വറൻസ് പരിപാടികൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം നൽകാവൂ എന്നുമുള്ള സർക്കാർ നിർദ്ദേശം ലംഘിച്ച് 2003 ആഗസ്റ്റ് മാസം വരെ 95,84,803 രൂപ കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ഇൻഷ്വറൻസ് കമ്പനികൾ ക്ലെയിം ഇനത്തിൽ നല്കിയ തുക തുച്ഛമാണെന്ന് സമിതി വ്യക്തമാക്കി. ടി സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള കമ്പനികൾ ഏതൊക്കെയാണ് എന്ന സമിതിയുടെ ചോദ്യത്തിന് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് എന്നിവയാണെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

37. ഇത്തരം പദ്ധതികൾ ആവർത്തിക്കാൻ പാടില്ലെന്ന് സർക്കാർ കർശനമായി പറഞ്ഞിട്ടും അതിനെതിരായി തീരുമാനമെടുക്കാൻ കാരണമെന്തെന്നും 2002-03-ൽ വീണ്ടും ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നെന്നും കൊച്ചി നഗരസഭയിൽ വിജയകരമായി നടപ്പാക്കിവരുന്ന അപകടമരണ ഇൻഷ്വറൻസ് 40,000 രൂപയായി വർദ്ധിപ്പിക്കണം എന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

38. സർക്കാർ ഉത്തരവുകൾ കൗൺസിലറുടെയോ മേയറുടെയോ ശ്രദ്ധയിൽ പ്പെടുത്തേണ്ടത് സെക്രട്ടറിയായിരുന്നുവെന്നും 17-10-2000-ലെ സർക്കാർ ഉത്തരവിനു ശേഷം ഒരു കാരണവശാലും ഇൻഷ്വറൻസ് പദ്ധതിക്ക് പണം ചെലവഴിക്കാൻ പാടില്ലായിരുന്നെന്നും സമിതി വ്യക്തമാക്കി.

39. അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് താനായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും 17-10-2000-ൽ സർക്കാർ ഉത്തരവ് വന്നതിനുശേഷം താൻ അവിടെ ഇല്ലായിരുന്നെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയിൽ ബോധിപ്പിച്ചു.

40. പ്രസ്തുത പദ്ധതിയിൽ ഏത് വിഭാഗം ജനങ്ങളെയാണ് ഉൾപ്പെടുത്തിയി ട്ടുള്ളത് എന്ന് സമിതി ആരാഞ്ഞതിന് മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

41. 17-10-2000-ലെ 4187/2000 നമ്പരായ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇൻഷ്വറൻസ് അടയ്ക്കാൻ ബഡ്ജറ്റ് നിർദ്ദേശം ഉണ്ടായത് സംബന്ധിച്ചും അപ്രകാരം പദ്ധതി നടപ്പാക്കിയത് സംബന്ധിച്ചും വകുപ്പു തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

42. **കൊച്ചി നഗരസഭാ പരിധിയിൽ സ്ഥിരതാമസമുള്ള വ്യക്തികൾക്ക് അപകടമരണം സംഭവിക്കുമ്പോഴാണ് ഗ്രൂപ്പ് ജനത അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാകുന്നത്. 1996-97 സാമ്പത്തിക വർഷം 7 ലക്ഷം രൂപ ആയിനത്തിൽ ചെലവഴിച്ചെങ്കിലും തുച്ഛമായ തുകമാത്രമാണ് നഷ്ടപരിഹാരമായി വിതരണം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം ചെലവുകൾ നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പരാമർശവിധേയമായ സംഗതിയിൽ ചെലവാക്കിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണത്തിന് നഗരസഭ അപേക്ഷിച്ച സന്ദർഭത്തിൽ 1996-97 സാമ്പത്തിക വർഷത്തിൽ ചെലവായ 7,00,000 രൂപയ്ക്ക് മാത്രം സർക്കാർ മാപ്പ് അനുവാദം നൽകിയതായും ഇത്തരം ചെലവുകൾ ആവർത്തിക്കാൻ പാടില്ലായെന്ന് 17-10-2000-ലെ ജി. ഒ. (ആർ ടി.) നമ്പർ 4187/2000/ത.സ്വ.ഭ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കർശന നിർദ്ദേശം നല്കിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ, 1996-97 സാമ്പത്തിക**

വർഷത്തിനുശേഷം 2003-04 വരെ 95,84,803 രൂപ നഗരസഭ ഈയിനത്തിൽ ചെലവഴിച്ചതായി കാണുന്നു.

43. സർക്കാർ അംഗീകരിച്ച ഇൻഷ്വറൻസ് പദ്ധതികൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം നല്കാവൂവെന്ന കർശന നിർദ്ദേശമുണ്ടായിട്ടും 2003-04 കാലയളവുവരെ പ്രയോജനപ്രദമല്ലാത്ത ഈ പദ്ധതിക്ക് വലിയൊരു തുക ചെലവിട്ട നഗരസഭയുടെ നടപടി സർക്കാരിനോടുള്ള വെല്ലുവിളിയായാണ് സമിതി കരുതുന്നത്. സർക്കാരിന്റെ 17-10-2000-ലെ ഉത്തരവിനുശേഷവും പണം ചെലവഴിച്ചതിന് യാതൊരു ന്യായീകരണവും സമിതിക്ക് കാണുവാനാകുന്നില്ല. സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെ നഗ്നമായ ലംഘനം നടത്തിയ നഗരസഭയുടെ ഈ നടപടിയെ സമിതി ശക്തമായി അപലപിക്കുന്നു. കൂടാതെ, മേലിൽ ഇത്തരം ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

44. നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെയുള്ള എല്ലാ കമ്മിറ്റികളിലും നഗരസഭാ സെക്രട്ടറിയുടെ സാന്നിധ്യം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ പുറപ്പെടുവിക്കുന്നതും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളതുമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും മേയറുടെയോ ബന്ധപ്പെട്ട ഭരണസമിതികളുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അവ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അതാതു സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ ചുമതലയാണ്. കൊച്ചിനഗരസഭയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങളുടെ ഏതെങ്കിലും ഘട്ടത്തിൽ, പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് തദവസരത്തിൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാർ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നോവെന്നുള്ളത് സംശയാസ്പദമാണ്. ഇക്കാര്യം വകുപ്പുതലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നല്കുവാൻ സമിതിയുടെ 15-12-2009-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതിയോഗം ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുന്നതിനും സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചെത്തുന്ന ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. ആയത് പാലിക്കാത്ത നടപടിയെ സമിതി ഗൗരവമായി കാണുകയും അപലപിക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണവും നല്കുവാൻ സമിതി ആവശ്യപ്പെടുന്നു.

45. കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൗൺസിലർമാരുടെയും മേയറുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

ഓഡിറ്റ് ഖണ്ഡിക

**മൈത്രി ഭവന നിർമ്മാണ പദ്ധതി**

300 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുകയാണ് പദ്ധതിലക്ഷ്യം. അതിനായി കൊച്ചി നഗരസഭ പുറപ്പെടുവിച്ച ഭവനനിർമ്മാണ പ്രോജക്ടിന്റെ വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റിൽ 297 പേരുടെ പേരുകൾ മാത്രം കാണുന്നുവെങ്കിലും 777 പേർക്ക് പദ്ധതിയാനുകൂല്യം നൽകിയിട്ടുണ്ട്. ഇതുവഴി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാതലായ സുതാര്യത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ഉണ്ടായിട്ടില്ലായെന്നത് സ്പഷ്ടമാണ്. നിലവിലുണ്ടായ പ്രോജക്റ്റിൽ ഭേദഗതിവരുത്തിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കാതെ പദ്ധതി നടപ്പിലാക്കിയത് ഗുരുതരമായ വീഴ്ചയാണ്. ഒന്നാം ഗഡുവായി 7,000 രൂപ വീതം 777 പേർക്ക് നൽകിയിട്ടുണ്ട്. ഇതിൽ 480 പേർക്ക് (777-297) ആനുകൂല്യം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അനധികൃതമായി ഈയിനത്തിൽ നൽകിയ 33,60,000 രൂപ വസൂൽ ചെയ്യേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-2003-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III. 3(VII).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

46. പ്രോജക്ടിൽ 300 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടതെങ്കിലും 777 പേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് 12-11-1999-ൽ കൂടിയ ഡി.പി.സി. അത്രയും പേരുടെ ലിസ്റ്റ് അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

47. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെന്ന് ജോയിന്റ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

48. മൈത്രി പദ്ധതിയുടെ ഒന്നാം ഗഡു ആർക്കാണ് നൽകിയത് എന്ന് സമിതി ആരാഞ്ഞതിന് വ്യക്തികൾക്കാണ് തുക നൽകിയത് എന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട തുക അടവാക്കേണ്ടത് ഭവനനിർമ്മാണ ബോർഡിലായിരുന്നെന്ന് സമിതി ചൂണ്ടിക്കാട്ടി.

49. 1997-98-ലെ ഭവന നിർമ്മാണ പദ്ധതിക്ക്, ഹൗസിംഗ് ബോർഡുമായി ബന്ധപ്പെട്ടത് കാരണം കാലതാമസം ഉണ്ടായെന്നും പ്രസ്തുത കാലതാമസം ഒഴിവാക്കാനായി 1998-99-ലെ ഭവനനിർമ്മാണ പ്രോജക്ടിൽ ഭവനനിർമ്മാണ ബോർഡിനെ ഒഴിവാക്കി 35,000 രൂപ വീതം 167 പേർക്ക് കൊടുക്കുന്നതിന് പ്രോജക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കൗൺസിലിനോട് കർമ്മസമിതി ശുപാർശ

ചെയ്തതനുസരിച്ച് 19,500 രൂപ വീതം 300 പേർക്ക് നൽകാനുള്ള ഭേദഗതി ഭൂരിപക്ഷ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

50. മൈത്രി ഭവനനിർമ്മാണ പദ്ധതി ഹൗസിംഗ് ബോർഡുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണെന്നും, ബോർഡിനെ ഒഴിവാക്കിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ അക്കൗണ്ടബിലിറ്റിയില്ലാത്ത വ്യക്തികളുടെ കൈവശം ആദ്യ ഗഡുവായ 7,000 രൂപ നൽകാനുള്ള അധികാരം കൗൺസിലിനില്ലെന്നും രണ്ടാമത്തെ ഗഡു എന്തുകൊണ്ട് നൽകിയില്ലെന്നും പദ്ധതി പൂർത്തിയാക്കിയോ എന്ന് ഉറപ്പുവരുത്തിയിട്ടില്ലെന്നും മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും ലഭ്യമല്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

51. ഹൗസിംഗ് ബോർഡിനെ ഒഴിവാക്കാൻ ഭൂരിപക്ഷ അഭിപ്രായ പ്രകാരം കൗൺസിൽ എടുത്ത തീരുമാനത്തിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

52. ഒറിജിനൽ പ്രോജക്ട് റിപ്പോർട്ട്, പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച രേഖകൾ എന്നിവ പരിശോധിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ക്രമപ്രകാരമാണോ, പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ, പൂർത്തീകരിച്ചിട്ടുണ്ടോ, രണ്ടാം ഗഡു തുക നൽകിയിട്ടുണ്ടോ, ബന്ധപ്പെട്ട സമിതികളുടെ അംഗീകാരമുണ്ടോ, ജനകീയാസൂത്രണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഈ പ്രോജക്ടിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിച്ച് വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

53. **നഗരസഭയുടെ മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം 300 ഗുണഭോക്താക്കൾക്കാണ് ധനസഹായം നല്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 297 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച നഗരസഭ 777 പേർക്ക് 7,000 രൂപ വീതം ഒന്നാം ഗഡു ധനസഹായം നല്കിയിരിക്കുന്നു. മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡുമായി ചേർന്നാണ് ഭവന പദ്ധതി നടപ്പിലാക്കേണ്ടത്. ധനസഹായ തുക ഹൗസിംഗ് ബോർഡിൽ നിക്ഷേപിക്കേണ്ടതും വ്യക്തികൾക്ക് നേരിട്ട് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഹൗസിംഗ് ബോർഡിനെ ഒഴിവാക്കി ഗുണഭോക്താക്കൾക്ക് തുക നേരിട്ട് നല്കിയ നഗരസഭ, അവശേഷിക്കുന്ന തുകയുടെ വിതരണമോ പദ്ധതിയുടെ പൂർത്തീകരണമോ ഉറപ്പാക്കിയതുമില്ല.**

54. **ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 300-ൽ നിന്നും 777 ആയി വർദ്ധിപ്പിച്ചുവെന്നും, വാർഡു സഭ തെരഞ്ഞെടുത്തതും കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ചതുമായ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമമനുസരിച്ചാണ് ആനുകൂല്യം വിതരണം ചെയ്തതെന്നും പറയുന്ന നഗരസഭ അതിന് ആധാരമായ രേഖകളൊന്നും ഓഡിറ്റിന്**

ഹാജരാക്കിയതായി കാണുന്നില്ല. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ജനകീയാസൂത്രണ പ്രസ്ഥാനം വിഭാവനം ചെയ്ത സുതാര്യത പാലിക്കപ്പെട്ടിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു.

55. പ്രാരംഭത്തിൽ 19,500 രൂപാ നിരക്കിൽ 300 പേർക്ക് ആനുകൂല്യം ലക്ഷ്യമിട്ടതിനുശേഷം 35,000 രൂപാ നിരക്കിൽ 167 പേർക്കായി ആനുകൂല്യം നിശ്ചയിക്കുന്നതിനുള്ള ഭേദഗതിയും ഹൗസിംഗ് ബോർഡിനെ ഒഴിവാക്കുവാനുള്ള നിർദ്ദേശവും നഗരസഭാ കൗൺസിൽ പാസ്സാക്കിയതായി കാണുന്നുവെങ്കിലും 777 പേർക്ക് 7,000 രൂപ നിരക്കിൽ തുക നല്കിയിരിക്കുന്നു. പദ്ധതി നടത്തിപ്പിനു സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളപ്പോൾ അവ മറികടക്കുവാൻ കൗൺസിലിന് അധികാരമില്ല. അത്തരം ലംഘനങ്ങൾ പദ്ധതിപ്പണത്തിന്റെ ദുരുപയോഗമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

56. പരാമർശവിധേയമായ മൈത്രി ഭവന പദ്ധതിയുടെ നടത്തിപ്പ് സുതാര്യമായിരുന്നില്ല എന്നാണ് സമിതി മുമ്പാകെ സമർപ്പിച്ച സർക്കാർ മറുപടിയിൽനിന്നും തെളിവെടുപ്പ് യോഗത്തിൽ നൽകിയ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യമായത്. ടി പദ്ധതിയുടെ ഒറിജിനൽ പ്രോജക്ട്, പ്രസ്തുത പ്രോജക്ടിൽ മാറ്റം വരുത്തുവാൻ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ്, പ്രോജക്ടിന്റെ നടത്തിപ്പ്, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, പ്രോജക്ടിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് 2009 ഡിസംബർ 15-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റേയും നഗരസഭയുടെയും ഈ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനും ആവശ്യപ്പെടുന്നു.

57. കൊച്ചി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ പരിശോധിക്കുന്നതിനും തെളിവെടുപ്പിനുമായി 2009 ആഗസ്റ്റ് 8-ാം തീയതി ചേർന്ന യോഗത്തിൽ ഹാജരായ കോർപ്പറേഷൻ സെക്രട്ടറിയും മറ്റു ഉദ്യോഗസ്ഥരും സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നല്കാത്തതിനാൽ യോഗം മാറ്റിവയ്ക്കേണ്ടതായിവരികയും ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ഗൗരവപൂർവ്വം പരിശോധിക്കാതെയും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താതെയും സമിതി മുമ്പാകെ തെളിവെടുപ്പിന് ഹാജരായ ഉദ്യോഗസ്ഥരുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. അതേ ഓഡിറ്റ് ഖണ്ഡികകൾ പരിശോധിക്കുന്നതിനായി 15-12-2009-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറി ഹാജരായില്ല. ആയതിന് അദ്ദേഹം നല്കിയ വിശദീകരണം തൃപ്തികരമായിരുന്നില്ല. പ്രസ്തുത യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്കും സമിതി ഉന്നയിച്ച പരമപ്രധാനമായ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നല്കാനായില്ല എന്നത് സമിതി അത്യധികം ഗൗരവപൂർവ്വം

**വീക്ഷിക്കുന്നു. സമിതി മുമ്പാകെ പരിഗണനയിലിരിക്കുന്ന സമാഹൃത റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാവേളയിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സമിതി ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് സ്പഷ്ടമായ വിശദീകരണം നല്കുവാൻ പ്രാപ്തരായിരിക്കണം എന്ന് സമിതി നിഷ്കർഷിക്കുന്നു. സമിതിക്കാവശ്യമായ വിവരങ്ങളും രേഖകളും തെളിവെടുപ്പിനുമുമ്പ് തന്നെ ലഭ്യമാക്കേണ്ടതും പരിഗണിക്കപ്പെടുന്ന വിഷയത്തെ കുറിച്ചുള്ള മുഴുവൻ ഫയലുകളും രേഖകളും വേണ്ടവിധത്തിൽ പഠിച്ച് മാത്രം യോഗത്തിന് ഹാജരാകേണ്ടതും ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന വീഴ്ച സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. നിയമസഭാ സമിതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നതിലൂടെ സഭയുടെ പ്രത്യേകാവകാശം തന്നെ ചോദ്യം ചെയ്യപ്പെടുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേലിൽ സഭാ സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ രേഖകൾ യഥാസമയം ലഭ്യമാക്കണമെന്നും സമിതി യോഗങ്ങളിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർ യഥാവിധി തയ്യാറെടുപ്പുകളുമായി എത്തണമെന്നും സമിതി ശക്തമായി നിഷ്ക്കർഷിക്കുന്നു. അല്ലാത്തപക്ഷം സമിതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടിക്ക് ശുപാർശ ചെയ്യുവാൻ സമിതി നിർബന്ധിതമാകുമെന്ന് ഓർമ്മിപ്പിക്കുന്നു. സമിതിയുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട്ടുവളപ്പിൽ മുട്ടകോഴി വളർത്തൽ—ചെറുകിടപദ്ധതി**

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വനിതാഗുണഭോക്താക്കൾക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം വാങ്ങി വിതരണം ചെയ്യുന്നതിനും അതോടൊപ്പം ഓരോ യൂണിറ്റിനും അഞ്ചു കിലോഗ്രാം നിരക്കിൽ 'ഫീഡ് സപ്ലിമെന്റ്' എന്ന മരുന്നും സപ്ലൈ ചെയ്യുകയാണ് പദ്ധതി ലക്ഷ്യം.

മൂന്നു മാസത്തിൽ കുറഞ്ഞ കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിലും മൂന്ന് മാസം മുതൽ നാലുമാസം വരെയുള്ള 14840 മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ (5x 2968 യൂണിറ്റ്) സർക്കാർ ഫാമുകളിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. മൂന്നുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും മൂന്നു മാസത്തിൽക്കൂടുതൽ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിരിക്കുകയും ചെയ്തിനാൽ ഒരു കോഴിക്ക് 10 രൂപ നിരക്കിൽ അധികം നൽകേണ്ടിവന്നിട്ടുണ്ട്. അതിനാൽ 77,950 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കോഴിക്കുഞ്ഞുങ്ങൾക്കായുള്ള ഫീഡ് സപ്ലിമെന്റ് വാങ്ങുന്നതിന് ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും വളരെ ഉയർന്ന നിരക്ക് കാണിച്ച ക്വട്ടേഷൻ നെഗോഷ്യേറ്റ് ചെയ്ത് 53 രൂപ നിരക്കിൽ 4452 കിലോഗ്രാം പൗൾട്രി മിക്സർ വാങ്ങിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് കാണിച്ചിരുന്ന ക്വട്ടേഷനുകൾ നിരസിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

പ്രോജക്റ്റിന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റില്ലാതെയാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരിക്കുന്നത്. ടി കാരണങ്ങളാൽ പദ്ധതി നിർവ്വഹണത്തിനായി കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയയിനത്തിൽ ചെലവായ 4,67,700 രൂപയും ഫീഡ് സപ്ലിമെന്റ് വിലയിനത്തിൽ 1,57,304 രൂപയുൾപ്പെടെ ആകെ ചെലവഴിച്ച 6,25,004 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-2003-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III. 3(viii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

58. 3 മുതൽ 4 മാസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 രൂപ നിരക്കിൽ വാങ്ങാമെന്നാണ് ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതെന്നും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതെന്നും എന്നാൽ ഒരു കോഴിക്കുഞ്ഞിന് പത്ത് രൂപ വീതം അധികം നൽകി എന്നാണ് ഓഡിറ്റിൽ കണ്ടെത്തിയിരിക്കുന്നതെന്നും പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലെന്നും നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സീനിയർ വെറ്ററിനറി സർജൻ ഡോ. എൻ.എൻ. സുനിൽ സമിതിയിൽ വിശദീകരിച്ചു.

59. ഓഡിറ്റ് അഭിപ്രായപ്പെട്ടതുപോലെ കൃത്യം 3 മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ കിട്ടുകയില്ലെന്നും അപ്രകാരം 3 മാസത്തിൽ കൂടുതൽ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങുമ്പോൾ സ്വാഭാവികമായും വിലയിൽ വ്യത്യാസം വരുമെന്നും സമിതി ചൂണ്ടിക്കാട്ടി.

60. ഗുണഭോക്താക്കളെ തീരുമാനിച്ചത് ആരാണെന്ന സമിതിയുടെ ചോദ്യത്തിന് കോർപ്പറേഷൻ ഏരിയയിൽ വിതരണം ചെയ്യാനാവശ്യമായ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം തീരുമാനിക്കുന്ന ഡിവിഷൻ-വൈസ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ 50 രൂപ അടച്ചതിന്റെ രസീത് നമ്പർ അടക്കം കോർപ്പറേഷൻ തന്ന ലിസ്റ്റ് അടിസ്ഥാനപ്പെടുത്തിയാണ് ഓരോ ഡിവിഷനിലും വേണ്ട കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതെന്നും ലിസ്റ്റിന്റെ കോപ്പി തന്റെ കൈവശമുണ്ടെന്നും രേഖകളെല്ലാം സി & എ.ജി.ക്കും പെർഫോമെൻസ് ഓഡിറ്റിനും നൽകുകയുണ്ടായെന്നും എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനാ സമയത്ത് ഫയൽ കാണുന്നില്ലെന്ന് കോർപ്പറേഷൻ പറഞ്ഞതിനാലാണ് ഇപ്രകാരം ഒരു ഓഡിറ്റ് തടസ്സം വന്നതെന്നും 2000-ൽ എറണാകുളം ജില്ലയിൽ നിന്നും താൻ ട്രാൻസ്ഫറായി പോയെന്നും മുൻ നിർവ്വഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ സമിതിയിൽ വിശദീകരിച്ചു.

61. പ്രോജക്ടിന്റെ നിർവ്വഹണം കഴിഞ്ഞാലുടൻ കോർപ്പറേഷന്റെ പ്ലാനിംഗ് സെല്ലിൽ ഫയലുകൾ തിരികെ ഏൽപ്പിക്കുകയായിരുന്നു അന്ന് പതിവെന്നും തന്റെ കൈവശം ഗുണഭോക്താക്കൾ പണമടച്ച രസീതിന്റെ പകർപ്പ് ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

62. കൈവശമുള്ള രസീതുകളുടേയും മറ്റ് രേഖകളുടേയും കോപ്പി ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോധ്യപ്പെടുത്തണമെന്ന് സമിതി മുൻനിർവ്വഹണോദ്യോഗസ്ഥ നോട് നിർദ്ദേശിച്ചു. നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുവാനും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

63. **സർക്കാർ ഉത്തരവ് പ്രകാരം വീട്ടുവളപ്പിൽ മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് 3 മുതൽ 4 മാസംവരെ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചതായി നിർവ്വഹണോദ്യോ ഗസ്ഥനായ വെറ്ററിനറി സർജന്റെ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ അംഗീകൃത ഫാമിൽ നിന്നാണ് വിതരണത്തിനുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയ തെന്നും സമിതി മനസ്സിലാക്കുന്നു. കോഴിക്കുഞ്ഞുങ്ങൾക്കുള്ള ഫീഡ് സപ്ലിമെന്റായി വിതരണം ചെയ്തത് പ്രോജക്ടിലെ വ്യവസ്ഥപ്രകാരമുള്ള ധാതുലവണ മിശ്രിതമാണെന്നും ഇതിന് കോഴിത്തീറ്റയേക്കാളും വില കൂടുതലാണെന്നും ഫീഡും (കോഴിത്തീറ്റ) ഫീഡ് സപ്ലിമെന്റും (ധാതുലവണ മിശ്രിതം) വ്യത്യസ്തമാണെന്നും ഇവ തെറ്റായി ധരിച്ചതുമൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിനിർവ്വഹണം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സമിതി മുമ്പാകെ നല്കിയ വിശദീകരണത്തിന്റേയും സർക്കാർ രേഖാമൂലം നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പേവിഷ നിർമ്മാർജ്ജനം—ഇമ്മ്യൂണൈസേഷൻ ചെലവ് 1,03,260 രൂപ അനുവദനീയമല്ല**

1998-1999-ൽ ഗുണഭോക്തൃ പ്രോജക്റ്റുകളിൽ നൽകാവുന്ന സബ്സിഡിയുടെ പരിധി നിർണയിച്ചുകൊണ്ട് തദ്ദേശഭരണവകുപ്പ് 14-10-1998-ൽ പുറപ്പെടുവിച്ച ജി.ഒ.(പി) 209/98 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ല. ഈ നിബന്ധന ലംഘിച്ചുകൊണ്ട് കൊച്ചി നഗരസഭയിൽ നടപ്പാക്കിയ പേവിഷ നിർമ്മാർജ്ജനം എന്ന പ്രോജക്റ്റിൽ 1000 വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിലേക്കുവേണ്ടി പദ്ധതിപണം ചെലവഴിച്ചതായി കാണുന്നു. നായ്ക്കൾക്ക് കുത്തിവയ്പ് നടത്തുന്നതിന്റെ ചെലവ് ഉടമകളിൽ നിന്നും വാങ്ങാതെ തികച്ചും സൗജന്യമായി ഈ പ്രോജക്റ്റ് നടപ്പിലാക്കുകയാണുണ്ടായത്. ഈ പ്രോജക്റ്റിനുവേണ്ടി 1998-1999-ലെ ധനവിനിയോഗ പത്രിക പ്രകാരം 1,03,260 രൂപ ചെലവഴിച്ചത് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-2003-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III. 3(ix).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

64. പദ്ധതി സംബന്ധിച്ച ഫയൽ താൻ പെർഫോർമൻസ് ഓഡിറ്റിനും എ.ജി.യുടെ ഓഡിറ്റിനും പ്രസന്റ് ചെയ്തശേഷം കോർപ്പറേഷനെ ഏൽപ്പിച്ചുവെന്നും താൻ ട്രാൻസ്ഫറായ ശേഷമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് നടന്നതെന്നും മുൻനിർവ്വഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ഡോ. എൻ. എൻ. സുനിൽ സമിതിയിൽ വിശദീകരിച്ചു.

65. 14-10-1998-നുശേഷം സബ്സിഡി നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്തശേഷമാണ് ഇങ്ങനെയൊരു ഓർഡർ ഉണ്ടെന്ന് അറിഞ്ഞതെന്നും, അത് അറിഞ്ഞ ഉടൻ മേയർക്ക് കത്ത് നൽകുകയും മേയർ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഡി.പി.സി. പ്രോജക്ട് അംഗീകരിച്ചശേഷമാണ് ഓർഡർ ലഭിച്ചതെന്നും വെറ്ററിനറി സർജൻ കൂട്ടിച്ചേർത്തു.

66. സർക്കാർ ഉത്തരവ് 14-10-1998-നാണ് വന്നതെന്നും 31-10-1998-നാണ് ഡി.പി.സി. പ്രോജക്ടിന് അനുമതി നൽകിയതെന്നും സമിതി വ്യക്തമാക്കി. നേരത്തെ സർക്കാർ സൗജന്യമായി സബ്സിഡി നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മുമ്പ് സൗജന്യമായി നൽകിയിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ അഞ്ച് രൂപ ഈടാക്കി യാണ് നൽകുന്നതെന്നും മുൻനിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കി.

67. പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

68. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ലാതാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച അതേ തീയതിയിലെ നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് 22-10-1998-ന് നഗരസഭാ വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതിയും 31-10-1998-ന് ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനു ശേഷമാണ് സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടതെന്നും ഉടൻതന്നെ അക്കാര്യം മേയറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും മേയർ അക്കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം ന്യായയുക്തമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണം പൂർത്തിയായി കഴിഞ്ഞതിന്റേയും മേൽ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെറുകിട പശു വളർത്തൽ യൂണിറ്റ്**

നഗരാതിർത്തിയിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കൊച്ചി നഗരസഭ 1998-99-ൽ നടപ്പാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിക്കായി ആകെ 28,922 രൂപ ചെലവഴിച്ചതായി കാണുന്നു. 144 യൂണിറ്റാണ് പ്രോജക്റ്റ് ലക്ഷ്യം. 9,600 രൂപ (ഗുണഭോക്തൃവിഹിതം 4,800 രൂപ, പദ്ധതി വിഹിതം 4,800 രൂപ) പത്രപ്പരസ്യത്തിലൂടെ ക്വട്ടേഷൻ ക്ഷണിച്ചാണ് പശുക്കുട്ടികളെ വാങ്ങിയിരിക്കുന്നത്. എന്നാൽ ഇവ സപ്ലൈ ചെയ്തിട്ടുള്ളതിന്റെ യാതൊരുവിധ രേഖയും ഇല്ല. അതിനുള്ള പേയ്മെന്റ് 31-3-1999 വരെ നടത്തിയിട്ടില്ല. 192 പശുക്കുട്ടികളെ വിതരണം നടത്തിയിട്ടുള്ള കൈപ്പറ്റുരസീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇതിൽ 135 ഗുണഭോക്താക്കൾ മാത്രമാണ് കോർപ്പറേഷൻ പ്രസിദ്ധീകരിച്ച അന്തിമ ലിസ്റ്റിൻപ്രകാരം ഉള്ളത്. പശുക്കുട്ടികളെ സപ്ലൈ ചെയ്തിട്ടുള്ള രേഖകൾ ഇല്ലാത്തതിനാൽ ഇവ വിതരണം നടത്തിയിട്ടുള്ളതായി ഓഡിറ്റ് കരുതുന്നില്ല. 28,922 രൂപ എന്താവശ്യത്തിനുവേണ്ടി ചെലവഴിച്ചതാണെന്ന് മനസ്സിലാകുന്നില്ല. നിജസ്ഥിതി മനസ്സിലാക്കുവാൻ പലപ്രാവശ്യം ഫോണിലൂടെ ആവശ്യപ്പെട്ടുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വരവുചെലവ് കണക്കുകൾ എഴുതി തയ്യാറാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ടുണ്ടായിരുന്നില്ല. ഈ അപാകതകൾ അതീവ ഗുരുതരമായ തിനാൽ 28,922 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-2003-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.III. 3(x).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

69. 192 പശുക്കളെ വിതരണം നടത്തിയോ എന്ന് സമിതി ആരാഞ്ഞതിന് കൊച്ചി നഗരസഭയുടെ നിർദ്ദേശമനുസരിച്ചുള്ള പശുക്കുട്ടികളെ സപ്ലൈ ചെയ്യാൻ കഴിയാത്തതിനാൽ ടി പ്രോജക്ട് നടപ്പാക്കിയില്ലെന്നും, പശുക്കുട്ടികളെ കിട്ടും എന്ന ധാരണയിലാണ് ഇൻഷ്വറൻസ് തുകയടച്ച് ഡി.ഡി. എടുത്തതെന്നും പ്രോജക്ട് നടപ്പാക്കാത്തതിനാൽ അടുത്തവർഷം സ്പിൽ ഓവറായി പദ്ധതി നടപ്പാക്കിയപ്പോൾ ഈ ഡി.ഡി. തന്നെ ഉപയോഗിക്കുകയും ആദ്യം വാങ്ങിയ മിനറൽ മിക്സ്ച്ചർ തന്നെ പിന്നീട് ഉപയോഗിക്കുകയും ചെയ്തുവെന്നും സീനിയർ വെറ്ററിനറി സർജൻ സമിതിയിൽ വിശദീകരിച്ചു.

70. കൊച്ചി കോർപ്പറേഷനിൽ ടി പദ്ധതി സംബന്ധിച്ച ഫയലുകളോ പ്രോജക്ടോ ഉണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കോർപ്പറേഷനിൽ ഫയൽ ഇല്ലെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഫയലുകൾ പ്ലാനിംഗ് സെല്ലിന് നൽകിയിട്ടുണ്ടെന്ന് മുൻ ഇംപ്ലിമെന്റിംഗ് ഓഫീസർ കൂട്ടിച്ചേർത്തു.

71. കോർപ്പറേഷനെ ഫയലുകൾ തിരിച്ചേൽപ്പിക്കുന്ന സാഹചര്യം വന്നാൽ അത് പ്രോപ്പർ അക്നോളജ്മെന്റോടുകൂടി പ്ലാനിംഗ് സെല്ലിൽ നൽകുകയാണ് ചെയ്യുന്നതെന്നും ഇതെല്ലാം തന്നെ കോർപ്പറേഷന്റെ റൂൾ അനുസരിച്ചാണ് ചെയ്യുന്നതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

72. ചെറുകിട പശുവളർത്തൽ യൂണിറ്റ് എന്ന പ്രോജക്ടിന് രൂപം കൊടുക്കുന്നത് കോർപ്പറേഷനാണെങ്കിൽ അതിന് രേഖയുണ്ടാകില്ലേയെന്നും സബ്സിഡിക്കായി ഈ പ്രോജക്ട് നടപ്പാക്കിയെങ്കിൽ അതിന് കോർപ്പറേഷന്റെ തീരുമാനം വേണ്ടേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിന്റെ മൂന്ന് കോപ്പികൾ കോർപ്പറേഷനിൽ ഉണ്ടാകേണ്ടതാണെന്ന് ജോയിന്റ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

73. ഡി.ഡി. അടച്ചുവെങ്കിലും പ്രോജക്ട് പ്രാവർത്തികമായില്ലെന്നും പിന്നെ മൂന്ന് മാസം കഴിഞ്ഞ് വേറെ പ്രോജക്ടിന് ആ ഡി.ഡി. ഉപയോഗിച്ചു എന്നാണ് പറയുന്നതെന്നും ഇതുമായി ബന്ധപ്പെട്ട രേഖ കണ്ടെത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്താൻ സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് അപ്രകാരം സാധിക്കുമെന്നും ഫയലുകൾ മുഴുവനും കോർപ്പറേഷനെ താൻ ഏൽപ്പിച്ചുവെങ്കിലും ആയതിന്റെ രേഖകളൊന്നും താൻ വാങ്ങിയിട്ടില്ലെന്നും മുൻ നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി.

74. ബന്ധപ്പെട്ട ഫയലുകൾ തുടർന്നുവരുന്ന ഉദ്യോഗസ്ഥനെയല്ലേ ഏൽപ്പിക്കേണ്ടത് എന്നും ആദ്യത്തെ പ്രോജക്ടിന്റ തുക മറ്റൊരു പ്രോജക്ടിന് വിനിയോഗിച്ചു എന്നത് തെളിയിക്കാൻ സാധിക്കുമോ എന്നും സമിതി ആരാഞ്ഞതിന്, താൻ ഫയലുകൾ മുഴുവൻ പ്ലാനിംഗ് സെല്ലിനെ/കോർപ്പറേഷനെ ഏൽപ്പിച്ചുവെന്നും ഫയലുകൾ തിരികെ കിട്ടുകയാണെങ്കിൽ തെളിയിക്കാം എന്നും മുൻനിർവ്വഹണോദ്യോഗസ്ഥൻ സമിതിയിൽ വിശദീകരിച്ചു.

75. തുക സബ്സിഡിക്കായി ഏതു പ്രോജക്ടിനാണ് വിനിയോഗിച്ചതെന്ന് സമിതി ആരാഞ്ഞതിന്, സ്പിൽ ഓവർ പ്രോജക്ടിനാണ് വിനിയോഗിച്ചതെന്നും കിടാരികളെ വാങ്ങിയത് ആദ്യം കരാറിൽ ഏർപ്പെട്ടിരുന്ന വ്യക്തികളിൽ നിന്നല്ലെന്നും അതിന് പ്രത്യേകം പ്രോജക്ടുണ്ടെന്നും മുൻനിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി.

76. സ്കീം സബ്സിഡിക്കായി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തരമായി ഹാജരാക്കാൻ സമിതി മുൻനിർവ്വഹണോദ്യോഗസ്ഥനോട് നിർദ്ദേശിച്ചു. കൂടാതെ പദ്ധതി സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, സമിതിക്കു റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

77. **നഗരസഭ വിഭാവനം ചെയ്ത ചെറുകിട പശുവളർത്തൽ യൂണിറ്റ് പദ്ധതി 1998-99-ൽ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും കരാറിലേർപ്പെട്ട സ്ഥാപനം സാമ്പത്തികവർഷത്തെ അവസാന ദിവസമായിട്ടും കിടാരികളെ എത്തിക്കാത്തതിനാൽ പ്രസ്തുത വർഷം പദ്ധതി നടപ്പിലായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരാമർശത്തിന് വിധേയമായ പദ്ധതിതുക ചെലവഴിച്ചത് കിടാരികളെ ഇൻഷ്വർ ചെയ്യുന്നതിനായിരുന്നുവെന്നും പദ്ധതിയിൻ കീഴിൽ ടി വർഷം 27,607 രൂപയാണ് ആകെ ചെലവായതെന്നും മൂന്നു മാസത്തിനുശേഷം സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയെന്നും നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വെറ്ററിനറി സർജൻ മറുപടി നല്കിയിരിക്കുന്നു.**

78. **സ്പിൽ ഓവറായി മൂന്നു മാസങ്ങൾക്കുശേഷം പദ്ധതി നടപ്പിലാക്കിയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സമിതി മുമ്പാകെ വാദിച്ചെങ്കിലും ആയത് തെളിയിക്കുവാനാവശ്യമായ യാതൊരു രേഖയും ഓഡിറ്റിനോ സമിതിക്കോ ലഭ്യമാക്കിയില്ല. പദ്ധതി സംബന്ധിച്ച ഫയൽ നഗരസഭയിലും ലഭ്യമല്ല എന്നാണ് നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. സമിതിയുടെ യോഗത്തിൽ വച്ച് പദ്ധതി നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തിയെങ്കിലും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് 5-12-2009-ൽ നല്കിയ മറുപടിയിൽപോലും പൂർത്തീകരണത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. ലഭ്യമാകാത്ത കിടാരികൾക്കായി പദ്ധതിപ്പണം പിൻവലിച്ച് ഇൻഷ്വറൻസ് കമ്പനിയുടെ പേരിൽ ഡി.ഡി. എടുത്ത നിർവ്വഹണോദ്യോഗസ്ഥന്റെ നടപടി തികച്ചും നിരുത്തരവാദപരമാണെന്ന് സമിതി വിലയിരുത്തുന്നു. സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയപ്പോൾ പ്രസ്തുത ഡി.ഡി. ഉപയോഗിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും അതു തെളിയിക്കുവാനുള്ള രേഖ ഹാജരാക്കുവാൻ കഴിയാത്തതിൽ നിന്നും ആയതിന്റെ വിനിയോഗം സംബന്ധിച്ച അവകാശവാദം സംശയാസ്പദമാകുന്നു.**

79. **പദ്ധതി സംബന്ധിച്ച ഫയലുകളും രേഖകളും സ്ഥലമാറ്റവേളയിൽ തിരിച്ചേൽപ്പിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എന്നാൽ ഫയൽ കൈമാറ്റം ചെയ്തതിനുള്ള യാതൊരു തെളിവും ഹാജരാക്കാത്തതിനാൽ ടിയാന്റെ വാദം വിശ്വസനീയമായി കരുതുവാനാവില്ല. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ നിർവ്വഹണോദ്യോഗസ്ഥരുടെ അധീനതയിലാണെന്നും കൈമാറ്റം ചെയ്യുന്നത് മതിയായ കൈപ്പറ്റു രസീതോടെയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയ തുകയുടെ വിനിയോഗം, പദ്ധതിയുടെ നിർവ്വഹണം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നല്കുവാനും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടിരുന്ന നടപടികൾ സ്വീകരിച്ച് റിപ്പോർട്ടുചെയ്യുവാനും പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് റിപ്പയർ ധനസഹായ പദ്ധതി**

1998-99-ൽ ഏറ്റെടുത്ത വ്യക്തിഗത ഗുണഭോക്തൃപദ്ധതികൾക്ക് ബാധകമായ സബ്സിഡിനിരക്ക് നിശ്ചയിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് 14-10-1998-ൽ പുറപ്പെടുവിച്ച ജി.ഒ.(പി) 209/98 പ്രകാരം വീട് റിപ്പയർ എന്ന പദ്ധതിക്ക് ബാധകമായ നിബന്ധനകളൊന്നും പാലിക്കാതെയാണ് വീട് റിപ്പയർ എന്ന പ്രോജക്ട് നടപ്പിലാക്കിയിരുന്നത്. ഗുണഭോക്താക്കളുടെ ജാതി, വരുമാനം എന്നിവ കാണിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ നിർവ്വഹണവേളയിൽ ഗുണഭോക്തൃ സമിതിയുടേയോ നിർമ്മിതി കേന്ദ്രത്തിന്റേയോ കോസ്റ്റ് ഫോർഡിന്റേയോ സേവനം ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ആനുകൂല്യം പണമായാണ് നൽകിയിരിക്കുന്നത്. ഇത് ഗുരുതരമായ ക്രമക്കേടും സർക്കാർ ഉത്തരവുകളുടെ ലംഘനവുമാണ്. നിർദ്ദിഷ്ട പ്രോജക്ട് ഭേദഗതിവരുത്തിയത് ഡി.പി.സി. അംഗീകരിച്ചിട്ടില്ല. സർക്കാരിന്റെ നിബന്ധനകൾക്കു വിപരീതമായി, ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതിവിഹിതം ചെലവഴിച്ചിട്ടുള്ളത് ധനദുർവ്വിനിയോഗമാണ്. 1998-99-ലെ പ്രോജക്ട് കണക്കുപ്രകാരം 25,35,000 രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. III.3(xi).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80. പദ്ധതിക്ക് ഡി.പി.സി.യുടെ അംഗീകാരമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, 12-11-1998-ൽ ഡി.പി.സി. അംഗീകരിച്ചിട്ടുണ്ടെന്നും വ്യവസ്ഥ ലഘൂകരിച്ച് കൗൺസിൽ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തികൾക്ക് 5,000 രൂപ വച്ച് നൽകുകയായിരുന്നെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

81. പദ്ധതിയുടെ ഒറിജിനൽ പ്രോജക്ട് റിപ്പോർട്ട്, ഫയലുകൾ, ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ പരിശോധിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ, ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയിട്ടുണ്ടോ, ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ എന്നീ വിശദാംശങ്ങൾ സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് (സമാനമായ മുൻഓഡിറ്റ് ഖണ്ഡികയ്ക്കൊപ്പം) നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

82. **സർക്കാർ ഉത്തരവ് ലഘൂകരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതിവിഹിതം ചെലവഴിച്ചത് തികച്ചും ധനദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് കാരണമായ വസ്തുതകളെക്കുറിച്ച്**

**അന്വേഷിച്ച് നിജസ്ഥിതി സമിതിയെ അറിയിക്കുവാൻ ജോയിന്റ് ഡയറക്ടർ, അഡ്മിനിസ്ട്രേഷൻ (അർബൻ)-നോട് സമിതി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ മറുപടി നാളിതുവരെ ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു.**

83. **പ്രോജക്ടിന്റെ യഥാർത്ഥ എസ്റ്റിമേറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും മറ്റ് ബന്ധപ്പെട്ട രേഖകളും അടിയന്തിരമായി പരിശോധിച്ച് മറുപടി നല്കുവാൻ സർക്കാരിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോടും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസം**

ഭൂരഹിതരും ഭവനരഹിതരുമായ 30 പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുവാൻ ഒരാൾക്ക് 50,000 രൂപ വീതം നൽകാൻ വിഭാവനം ചെയ്ത ഈ പ്രോജക്ടിൽ 15,00,000 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടായും 1,50,000 രൂപ ഗുണഭോക്തൃ വിഹിതവുമായിട്ടാണ് സാങ്കേതിക അനുമതി രേഖയിൽ വകയിരുത്തിയിരുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക മുഴുവൻ പദ്ധതി വിഹിതത്തിൽ നിന്നും നൽകുവാൻ കൗൺസിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ ബന്ധപ്പെട്ട കർമ്മസമിതി, വിദഗ്ദ്ധ സമിതി, ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരം ഇതിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം 20 വ്യക്തികൾക്കായി ആകെ 6,75,000 രൂപ ഇതുവരെ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇവരിൽ പലരും കരാറിലെ വ്യവസ്ഥയനുസരിച്ച് ആധാരത്തിന്റെ കോപ്പികൾ ഹാജരാക്കുകയോ ജാതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്വന്തമായി വീടുള്ള ചിലരും ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു. നഗരസഭാ പരിധിക്കകത്ത് രണ്ടു സെന്റെങ്കിലും വാങ്ങണമെന്നതാണ് പ്രോജക്ടിലെ വ്യവസ്ഥ. എന്നാൽ ഇതിനു വിരുദ്ധമായി നഗരാതിർത്തിക്കുവെളിയിൽ വീടും സ്ഥലവും കൂടി വാങ്ങിയ വ്യക്തികൾക്ക് ഡി.പി.സി. യുടെ അംഗീകാരമില്ലാതെ ധനസഹായം നൽകിയിട്ടുണ്ട്. നിയമപ്രകാരം വാർഡ് കമ്മിറ്റികൾവഴി തെരഞ്ഞെടുത്തവർക്കല്ല ഈ പ്രോജക്റ്റിൽ സാമ്പത്തികാനുകൂല്യം നൽകിയതെന്ന വസ്തുത ധനദുർവിനിയോഗത്തിന് മതിയായ തെളിവാണ്. ഇപ്രകാരം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ച 6,75,000 രൂപ ധനദുർവിനിയോഗ മായി കണക്കാക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. III 3 (xii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

84. പദ്ധതി പ്രകാരം സ്ഥലം വാങ്ങിക്കുന്നതിന് 15,000 രൂപയും വീട് വയ്ക്കുന്നതിന് 35,000 രൂപയുമാണ് ധനസഹായം നൽകിയതെന്നും പദ്ധതിക്ക് നഗരാസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

85. ഗുണഭോക്താക്കളിൽ പലരും കരാറിലെ വ്യവസ്ഥയനുസരിച്ച് ആധാരത്തിന്റെ കോപ്പിയോ ജാതി തെളിയിക്കുന്ന രേഖകളോ ഹാജരാക്കിയിട്ടില്ലെന്നും കരാറിനു വിരുദ്ധമായി നഗരാതിർത്തിക്ക് വെളിയിൽ വീടും സ്ഥലവുംകൂടി വാങ്ങിയ വ്യക്തികൾക്കും ഡി.പി.സി.യുടെ അംഗീകാരമില്ലാതെ സഹായം നൽകിയിട്ടുണ്ടെന്നും ഇപ്രകാരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 6,75,000 രൂപ കോർപ്പറേഷൻ ചെലവഴിച്ചതിന് എന്ത് വിശദീകരണം നൽകാൻ കഴിയും എന്ന് സമിതി ആരാഞ്ഞതിന് പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, കോർപ്പറേഷൻ ഓഫീസിൽ ടി പ്രോജക്ട് സംബന്ധിച്ച് ഒരു ജനറൽ ഫയൽ മാത്രമേയുള്ളൂവെന്നും മറ്റു ഫയലുകൾ കാണാതെ ഇത് സംബന്ധിച്ച് ഒന്നും പറയാൻ കഴിയില്ലെന്നും കൊച്ചി കോർപ്പറേഷൻ മുൻസെക്രട്ടറി സമിതിയെ അറിയിച്ചു.

86. 50,000 രൂപയ്ക്ക് കോർപ്പറേഷനകത്ത് രണ്ട് സെന്റ് വസ്തു വാങ്ങാൻ കഴിയുകയില്ല എന്നതിൽ സമിതിക്ക് തർക്കമില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

87. പദ്ധതിയുടെ ഗൈഡ്‌ലൈൻ അനുസരിച്ച് ഒരു ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിന് 15,000 രൂപയും വീട് വയ്ക്കുന്നതിന് 35,000 രൂപയും അനുവദിക്കുന്നതോടൊപ്പം ഗുണഭോക്തൃവിഹിതമായി 5,000 രൂപ അഡീഷണലായി വകകൊള്ളിച്ചിരുന്നെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

88. കരാറിന്റെ അടിസ്ഥാനത്തിലും പ്രമാണം രജിസ്റ്റർ ചെയ്ത് ഹാജരാക്കുമ്പോഴുമാണ് തുക നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

89. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഫയലും ആധാരത്തിന്റെ കോപ്പി ഉൾപ്പെടെ മറ്റ് അനുബന്ധ രേഖകളും ഒരു മാസത്തിനകം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഓഡിറ്റ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

90. **പ്രോജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സ്വന്തമായി വീടുള്ളവർക്കും ആവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകിയ കോർപ്പറേഷന്റെ നടപടി ന്യായീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് നടക്കുന്ന വേളയിൽ ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതാണ് ഓഡിറ്റ് തടസ്സങ്ങൾക്ക് പ്രധാനകാരണമെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയലുകളും രേഖകളും ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനാവശ്യമായ**

**നടപടി സ്വീകരിക്കണമെന്നും ഓഡിറ്റ് വകുപ്പ് അവ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നല്കണമെന്നും 15-12-2009-ലെ സമിതിയോഗം നിർദ്ദേശിച്ചിരുന്നു. എന്നാൽ, പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമിതിക്ക് നല്കിയിട്ടില്ല. ഇത് സമിതിയോടുള്ള അനാദരവായി സമിതി കാണുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കി മറുപടി നല്കുവാനും സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അനുമതിയില്ലാതെ പുതിയ കാർ വാങ്ങി**

പുതുതായി അധികാരമേൽക്കുന്ന മേയർ, ഡെപ്യൂട്ടി മേയർ തുടങ്ങിയവരുടെ ഉപയോഗത്തിനുവേണ്ടി രണ്ട് ഡീസൽ അംബാസിഡർ കാറുകൾ വാങ്ങുന്നതിലേക്കു വേണ്ടി കൊച്ചി നഗരസഭാ സെക്രട്ടറി 22-12-2000-ൽ എം.ഒ.ഇ. 6/23454/2000 നമ്പർ കത്തുപ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയും ഇവയ്ക്ക് രണ്ട് ഡ്രൈവർമാരുടെ തസ്തിക അനുവദിക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷിക്കുകയുമുണ്ടായി. എന്നാൽ 13-2-2001-ലെ ജി.ഒ.(ആർറ്റി.) 487/2001/ത.സ്വ.ഭ.വ. പ്രകാരം മേയറുടെ നിലവിലുള്ള കാർ കയ്യൊഴിയുവാനും കാറിന്റെ ഡ്രൈവർ തസ്തികയുടെ സേവനം ഉപയോഗപ്പെടുത്തുവാനും നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഈ സർക്കാർ ഉത്തരവ് ലഭിക്കുന്നതിനുമുമ്പു തന്നെ 9,11,446 രൂപ ചെലവഴിച്ച് രണ്ട് പുതിയ അംബാസിഡർ ഡീസൽ കാറുകൾ വാങ്ങുകയുണ്ടായി. കൂടാതെ പഴയ കാർ കയ്യൊഴിയുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധികമായി ഒരു കാർ കൂടുതൽ വാങ്ങിയതിനാൽ 4,55,723 രൂപയുടെ അനധികൃത ചെലവും ചട്ടങ്ങളുടെ ലംഘനവുമാണ് നടന്നിരിക്കുന്നത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.3.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

91. നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ചാണ് വാഹനം വാങ്ങിയതെന്നും സർക്കാരിന്റെ അനുമതിക്കുവേണ്ടി എഴുതിയപ്പോൾ ഒരു കാർ വാങ്ങാൻ അനുമതി ലഭിച്ചുവെന്നും അനുമതി ലഭിച്ചപ്പോഴേയ്ക്കും രണ്ട് കാർ വാങ്ങിയിരുന്നെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

92. പി.ഡബ്ള്യൂ.ഡി.യുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടാണോ പഴയ കാർ വിറ്റതെന്ന സമിതിയുടെ ചോദ്യത്തിന്, സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നെന്നും അതിൽ പറഞ്ഞിരുന്ന വിലയേക്കാൾ കൂടുതൽ വിലയ്ക്കാണ് കാർ വിറ്റത് എന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

93. **കോർപ്പറേഷന്റെ തനതു ഫണ്ട് ഉപയോഗിച്ചാണ് കാർ വാങ്ങിയതെന്ന് സമിതി മനസ്സിലാക്കുന്നു. രണ്ട് കാറുകൾ വാങ്ങുവാനുള്ള അനുമതിക്കായി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഒരു കാർ വാങ്ങുവാൻ മാത്രമേ സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നുള്ളൂ. എന്നാൽ സർക്കാർ അനുമതി ലഭിക്കുന്നതിനുമുമ്പു തന്നെ നഗരസഭ രണ്ടുകാറുകൾ വാങ്ങിക്കഴിഞ്ഞതായി തെളിയുന്നു. നഗരസഭയുടെ ഈ നടപടി ഉചിതമാണെന്ന് സമിതി കരുതുന്നില്ല. നിലവിലുണ്ടായിരുന്ന പഴയ രണ്ട് കാറുകൾ പി.ഡബ്ല്യു.ഡി. വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ പറഞ്ഞിരുന്നതിന്റെയും കൂടുതൽ തുകയ്ക്ക് വില്ക്കുകയും തുക നഗരസഭയുടെ ഫണ്ടിലേക്ക് മുതൽകൂട്ടുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനതു ഫണ്ട് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ അധികാരമുണ്ടെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി നിഷ്കർഷിക്കുന്ന സംഗതികളിന്മേൽ ആയത് നേടിയിരിക്കണമെന്നും പരാമർശവിധേയമായ കാറുകൾ വാങ്ങുന്ന വിഷയത്തിൽ അതുണ്ടായിട്ടില്ലെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും സമിതി നിഷ്കർഷിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അനുമതി ഇല്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്തി**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 19 (എ)]

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 223 പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഒരു മുനിസിപ്പാലിറ്റിയുടെ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഈ ഉത്തരവിനു വിരുദ്ധമായി കൊച്ചി നഗരസഭ ഓരോ ആവശ്യത്തിനുമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു വരുന്നതായി കാണുന്നു. ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച ആറ് ക്ലാർക്കുമാരെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം പിരിച്ചുവിടുന്നതിനും മേലിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കരാറടിസ്ഥാനത്തിലോ ദിവസക്കൂലിയടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിക്കുവാൻ പാടില്ല എന്നും ഇതിനു വീഴ്ചവരുത്തുന്നപക്ഷം നഗരസഭാ സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്നും തദ്ദേശസ്വയംഭരണ (എ) വകുപ്പിന്റെ 5-2-2001-ലെ 3949/എ2 2001-ാം നമ്പർ കത്തിൽ ഇതൊക്കെ സ്പഷ്ടമാക്കിയിട്ടുണ്ട്. ഇതൊക്കെയായിട്ടും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നിലവിലില്ലാത്ത തസ്തികകളിലേക്ക് കൗൺസിൽ തീരുമാന പ്രകാരം നിയമനം നടത്തി വേതനം കൊടുക്കുന്നുണ്ട്. അനുമതിയില്ലാതെ ഇപ്രകാരം ജീവനക്കാരെ നിയമിച്ചതിന് കൊച്ചി നഗരസഭ 2000-2001 സാമ്പത്തിക വർഷം 18,50,721 രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ (7.3.2).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

94. സർക്കാർ അനുമതിയില്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുകവഴി 18,50,721 രൂപ കോർപ്പറേഷൻ ചെലവഴിച്ചത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കോർപ്പറേഷനിലെ മിക്ക തസ്തികകളും നിലവിലുള്ള തസ്തികകളാണെന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ മുനിസിപ്പൽ ഡയറക്ടറാണ് ആളെ തരേണ്ടതെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തണമെങ്കിൽ നോൺ-അവയലബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്നും അല്ലാത്ത സാഹചര്യത്തിൽ ഓഫീസ് സംവിധാനം സ്തംഭിക്കാതിരിക്കുന്നതിന് വേണ്ടിയാണ് ദിവസക്കൂലിയടിസ്ഥാനത്തിൽ നിലവിലുള്ള തസ്തികകളിൽ ആളെ നിയമിച്ചതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

95. ഒഴിവുള്ള തസ്തികകളിൽ മാത്രമാണോ കോർപ്പറേഷനിൽ ആളുകളെ നിയമിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് വേക്കന്റ് പോസ്റ്റുകളിലല്ലാതെ 34 കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെയും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ജോലിക്കുവേണ്ടി കരാർ വ്യവസ്ഥയിൽ 23 പേരെയും നിയമിച്ചിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

96. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താല്ക്കാലിക നിയമനങ്ങൾ നടത്തിയതിന് കൗൺസിലിന്റെ തീരുമാനം ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച് ഏതൊക്കെ തസ്തികകളിൽ, എത്ര ജീവനക്കാരെ എത്ര കാലത്തേക്ക് നിയമിക്കുവാനാണ് കൗൺസിൽ തീരുമാനം എന്നതുൾപ്പെടെയുള്ള രേഖകൾ ഓഡിറ്റിനെ ബോധിപ്പിക്കുവാനും അതോടൊപ്പം 2000-2001 സാമ്പത്തിക വർഷം എത്ര ജീവനക്കാരെ ഏതൊക്കെ തസ്തികകളിൽ (Sanctioned post and others) എത്ര കാലയളവിലേക്ക് നിയമിച്ചു എന്നതു സംബന്ധിച്ചും ഇവരുടെ ശമ്പളം ഏതു ഹെഡ്ഡിൽ നിന്ന് കൊടുത്തു, ആയതിന്റെ അക്വിറ്റൻസ് എന്നിവ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

97. **കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേക്കാണ് ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയ നഗരസഭാ അഡീഷണൽ സെക്രട്ടറി കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ബിൽ കളക്ടർ തുടങ്ങിയ തസ്തികകളിൽ അല്ലാതെയും നിയമനം നടത്തിയിട്ടുള്ളതായും പറയുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള**

ഈ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ള 18,50,721 രൂപ ചെലവഴിച്ചിട്ടുള്ളത് 2000–2001 സാമ്പത്തിക വർഷത്തിലാണ്. എന്നാൽ, ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്ന് വാദിച്ചുകൊണ്ട് ക്രമവിരുദ്ധമായ ഈ ചെലവിന് സർക്കാരിന്റെ 2006–ലെ ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് നഗരസഭ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതായാണ് സമിതി കാണുന്നത്. ഇത്തരം നിയമനങ്ങൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കുവാൻ സമിതിമുമ്പാകെ ഹാജരായ നഗരസഭയുടെ അഡീഷണൽ സെക്രട്ടറിക്ക് കഴിഞ്ഞില്ല. ആയതിനാൽ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമനകാലാവധി എന്നിവ സംബന്ധിച്ച രേഖകളും 2000–2001 സാമ്പത്തിക വർഷം ഇത്തരത്തിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം, തസ്തികകൾ, കാലയളവ്, ശമ്പളം നല്കിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവയും ഓഡിറ്റ് വകുപ്പിനും ആയതിന്മേലുള്ള റിപ്പോർട്ട് സമിതിക്കും നല്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു.

98. സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഈ സമീപനത്തെ സമിതി അപലപിക്കുകയും മേല്പറഞ്ഞ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. പരാമർശവിധേയമായ മേല്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ സർക്കാർ അനുമതിയോ നഗരസഭാ കൗൺസിൽ തീരുമാനമോ ഇല്ലാതെയാണ് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതെങ്കിൽ ആയിനത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായ നഗരസഭാ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതി ശുപാർശചെയ്യുന്നു.

99. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ സർക്കാരിന്റെ അനുമതി കൂടാത സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിന് നല്കിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാകില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത് നിർത്തിവെയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യവകുപ്പും സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കൃഷ്ണവിലാസം കൊട്ടാരംവളപ്പ് അന്യാധീനപ്പെടുത്തിയത് സംബന്ധിച്ച്**

കൊച്ചി നഗരസഭയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് പൊന്നുംവിലയ്ക്കെടുത്ത ഒന്നേകാൽ ഏക്കർ കൃഷ്ണവിലാസം കൊട്ടാരവളപ്പ്, എറണാകുളം ശിവക്ഷേത്രത്തിന്റെ വികസന ആവശ്യത്തിനായി ക്ഷേത്രസമിതിവഴി കൊച്ചി ദേവസ്വം ബോർഡിന് 3.75 കോടി രൂപ കൈപ്പറ്റി വിട്ടുകൊടുക്കുവാൻ കൗൺസിൽ 22-5-2000-ൽ സമ്മതിച്ചു. വിലയിൽ 75,00,000 രൂപ മുൻകൂർ അടയ്ക്കുവാനും ബാക്കി 3,00,00,000 രൂപ കരാർ തീയതി മുതൽ ഓരോ 5-ാം മാസവും 60,00,000 രൂപ വീതം 5 മാസം കൊണ്ട് അടയ്ക്കണമെന്നും ധാരണയുണ്ടായി. നാളിതുവരെ 1,75,00,000 രൂപയേ ഇതുവരെ ലഭിച്ചിട്ടുള്ളു എന്ന മറുപടി സെക്രട്ടറി ഓഡിറ്റിനു നൽകിയിട്ടുണ്ട്. ഇതിൽ 1,25,00,000 രൂപ നിക്ഷേപമാക്കി എന്നുപറയുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകൾ നൽകിയിട്ടില്ല. ബാക്കി 50 ലക്ഷം ഏത് അക്കൗണ്ടിൽ വരവുവെച്ചു എന്ന് വിശദീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഒപ്പിട്ട കരാറോ സർക്കാരിന്റെ അനുമതിയോ ഒന്നും നിലവിലുള്ളതായി കാണുന്നില്ല. ഫയൽ നമ്പർ എം.ഒ.(സി1) 12251/2000-ൽ വസ്തുവിന്റെ ഇപ്പോഴത്തെ കൈവശാവകാശത്തെ സംബന്ധിച്ചോ ഈ സ്ഥലത്തു നിന്നു ലഭിക്കുന്ന വാടക തുടങ്ങിയ വരുമാനങ്ങൾ സംബന്ധിച്ചോ യാതൊരു വിവരവും ഇല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.3.3).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

100. കൃഷ്ണവിലാസം കൊട്ടാരവളപ്പ് ദേവസ്വത്തിന് നൽകിയോ എന്ന് സമിതി ആരാഞ്ഞതിന്, ഇക്കാര്യം ചീഫ് സെക്രട്ടറിയുടെ പരിഗണനയിലിരിക്കുകയാണെന്നും, തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിന്റെ കൈവശമുണ്ടായിരുന്ന സ്ഥലം നഗരസഭയ്ക്ക് ഓഫീസ് കോംപ്ലക്സ് പണിയുന്നതിനുവേണ്ടി അക്വയർ ചെയ്തതാണെന്നും പിന്നീട് ശിവക്ഷേത്രത്തിന്റെ ഭാരവാഹികൾ അവർക്ക് ഈ സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെടുകയും കൗൺസിൽ തീരുമാനം അനുസരിച്ച് 3.75 കോടി രൂപയ്ക്ക് സ്ഥലം നൽകാൻ തീരുമാനിച്ച് കരാർ വയ്ക്കുകയും ചെയ്തുവെന്നും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ചും പലിശ കുറവ് ചെയ്ത് കിട്ടുന്നതിന് ക്ഷേത്രഭാരവാഹികൾ നൽകിയ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനുമായി ടി വിഷയം ചീഫ് സെക്രട്ടറിയുടെ പരിഗണനയിലാണെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. അന്നത്തെ കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. മാനുവൽ വിവേരയാണ് കോർപ്പറേഷനുവേണ്ടി കരാർ വച്ചതെന്നും എന്നാൽ സർക്കാർ അനുമതി ലഭിച്ചശേഷം മാത്രമേ കരാർ വയ്ക്കാൻ സെക്രട്ടറിക്ക് അധികാരമുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

101. വസ്തുവിന്റെ കൈവശാവകാശം ആർക്കാണ് എന്ന് സമിതി ആരാഞ്ഞതിന് വസ്തു ദേവസ്വത്തിന്റെ കൈയിലാണെന്നും റവന്യൂ റിക്കോർഡ് അനുസരിച്ച് ആധാരം ചെയ്തു കൊടുത്തിട്ടില്ലെന്നും ചീഫ് സെക്രട്ടറിയുമായുള്ള ചർച്ചയിൽ സ്ഥലം

ക്ഷേത്രത്തിന് നൽകാമെന്നുള്ള അനുഭാവപൂർവ്വമായ തീരുമാനത്തിലാണ് എത്തിയിരിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

102. ഈ സ്ഥലത്ത് താൽക്കാലിക ഷെഡ്ഡുകൾ കെട്ടിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അമ്പലത്തിന്റെ വകയായി ഷെഡ്ഡുകൾ കെട്ടിയിട്ടുണ്ടെന്നും സ്ഥിരമായ കൺസ്ട്രക്ഷൻ പാടില്ലെന്നാണ് കരാറിൽ പറഞ്ഞിരിക്കുന്നതെന്നും ദേവസ്വത്തിന് സ്ഥലം തീറാധാരം നൽകാനാണ് കൗൺസിൽ തീരുമാനിച്ചതെന്നും ഇതിനായി 3.75 കോടി രൂപയും പലിശയിനത്തിൽ 3 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

103. സർക്കാർ പൊന്നുംവിലയ്ക്ക് എടുത്ത് കോർപ്പറേഷന് നൽകിയ സ്ഥലം തീറാധാരം നൽകാൻ കോർപ്പറേഷന് അധികാരമില്ലെന്നും ആധാരം ചമച്ചുകൊടുക്കാൻ ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നോ എന്നും സമിതി ആരാഞ്ഞതിന് ആധാരം ചമച്ചുകൊടുക്കാൻ ഹൈക്കോടതി പ്രഷർ ചെയ്യുകയായിരുന്നെന്നും അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

104. കൊച്ചിയിൽ കോർപ്പറേഷന് ഓഫീസ് കോംപ്ലക്സ് പണിയാൻവേണ്ടിയാണ് സ്ഥലം അക്വയർ ചെയ്തത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

105. ഈ വിഷയം സംബന്ധിച്ചുള്ള സർക്കാരിന്റെയും കോടതിയുടെയും അന്തിമതീരുമാനം സമിതിയെ അറിയിക്കണമെന്ന് കോർപ്പറേഷൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

106. **കൊച്ചി നഗരസഭയ്ക്ക് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽ നിന്നും 85,58,325 രൂപ നല്കി പൊന്നുംവിലയ്ക്കെടുത്ത കൃഷ്ണവിലാസം കൊട്ടാരവളപ്പിലെ 1.28 ഏക്കർ ഭൂമി, ലക്ഷ്യമിട്ട പദ്ധതിക്ക് വിനിയോഗിക്കാതെയും സർക്കാർ അനുമതി കൂടാതെയുമാണ് എറണാകുളം ശിവക്ഷേത്ര സമിതിയുടെ അഭ്യർത്ഥന പ്രകാരം 3.75 കോടി രൂപയ്ക്ക് ക്ഷേത്രാവശ്യത്തിന് നല്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില നിശ്ചയിച്ചതിൽ ആക്ഷേപമുന്നയിച്ച് തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ എറണാകുളം സബ്കോടതിയിൽ സമർപ്പിച്ച എൽ.എ.ആർ. കേസിന്മേലുള്ള കോടതിവിധിപ്രകാരം 1,76,63,000 രൂപകൂടി ഭൂമിക്കുള്ള വിലയായി സർക്കാർ നല്കേണ്ടതായിവന്നു. കരാർ പ്രകാരം നിശ്ചയിച്ച തുക യഥാസമയം നല്കാത്തതിന്റെ ഫലമായി 1,36,66,666 രൂപ പലിശയായി നല്കുവാൻ ക്ഷേത്രസമിതി ബാധ്യസ്ഥമായിരുന്നു. കോടതി നിർദ്ദേശത്തെ തുടർന്ന്, ശിവക്ഷേത്ര സമിതി നല്കുവാൻ അവശേഷിച്ചിരുന്ന 75 ലക്ഷം രൂപയും നഗരസഭ ഇളവ് ചെയ്ത പലിശതുകയായ 3,12,132 രൂപയും നഗരസഭയിൽ അടവാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, എൽ.എ.ആർ. വിധിയിലൂടെ സർക്കാർ നല്കിയ 1,76,63,000 രൂപ നല്കുവാൻ ക്ഷേത്രസമിതി തയ്യാറായിട്ടില്ല.**

107. **ഒരു പ്രത്യേക ആവശ്യത്തിനായി പൊന്നുംവിലയ്ക്കെടുത്ത ഭൂമി വില്ക്കുവാൻ നഗരസഭയെടുത്ത തീരുമാനം ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില സംബന്ധിച്ച ആക്ഷേപം കോടതി മുമ്പാകെയുള്ളപ്പോൾ ആയതിന്മേലുള്ള കോടതി ഉത്തരവുമൂലമുണ്ടാകാവുന്ന ബാധ്യതകൂടി നല്കേണ്ടത് സംബന്ധിച്ച് വില്പനകരാറിൽ വ്യവസ്ഥ ചെയ്യാത്ത നഗരസഭയുടെ നടപടിയും നിരുത്തരവാദപരമാണെന്ന് സമിതി കരുതുന്നു. ഇതു സംബന്ധിച്ച് വ്യക്തത ഉണ്ടാകാതിരിക്കുമ്പോഴാണ് വില്പനവില യഥാസമയം അടവാക്കാത്തതിന്റെ ഫലമായി നല്കുവാനുണ്ടായിരുന്ന പലിശകൂടി ഇളവു നല്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്നത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് സർക്കാരിന്റെയും കോടതിയുടെയും അന്തിമതീരുമാനം അറിയിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല.**

108. **ആയതിനാൽ, കോടതി ഉത്തരവ് മുഖേന ഭൂമിക്ക് നഗരസഭ അധികമായി നല്കേണ്ടിവന്ന 1,76,63,000 രൂപ ബാങ്ക് നിരക്കിലുള്ള പലിശസഹിതം കൊച്ചി ദേവസ്വം ബോർഡിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, സ്ഥലം വിട്ടുകൊടുത്തതും പലിശ ഇളവ് ചെയ്തതും സംബന്ധിച്ച് നഗരസഭാ കൗൺസിൽ എടുത്ത തീരുമാനത്തിന്മേൽ സർക്കാർ അടിയന്തരമായി തീരുമാനമെടുത്ത് റിപ്പോർട്ട് ചെയ്യുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാർട്ടേഴ്സ് നിർമ്മാണത്തിലെ അപാകതകൾ**

പള്ളുരുത്തി സർക്കാർ ആശുപത്രിയിൽ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവേലയ്ക്ക് 5,07,273 രൂപയുടെ അടങ്കൽ തയ്യാറാക്കുകയും പള്ളുരുത്തിയിലെ റൂറൽ റീകൺസ്ട്രക്ഷൻ സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തെ പണി ഏൽപ്പിക്കുകയും ചെയ്തു. കരാർ പ്രകാരം 31-3-2000-ൽ തീർക്കേണ്ടിയിരുന്ന വേല 1-11-2003-ലും പൂർത്തീകരിച്ചിട്ടില്ല. ആകെ 3,60,396 രൂപ നാളിതുവരെയായി സൊസൈറ്റി കൈപ്പറ്റിയിട്ടുണ്ട്. ഫയൽ കുറിപ്പ് പ്രകാരം 31-3-2003 വരെ ചെയ്ത വേലയുടെ മൂല്യം 3,25,496 രൂപയാണ്. ബാക്കി 34,900 രൂപ ഇപ്പോഴും കൺവീനറുടെ പക്കലാണ്. കൺവീനർ യാതൊരുവിധ രേഖകളും ഹാജരാക്കിയിട്ടില്ല. നഗരസഭ ആകെ ചെയ്തത് കൺവീനർക്ക് ഒരു നോട്ടീസ് അയയ്ക്കുക മാത്രമാണ്. ഇത് കൺവീനർ കൈപ്പറ്റിയിരിക്കുന്നത് 31-10-2003-ലാണ്. കരാർ വച്ചിട്ട് 3 വർഷവും 9 മാസവും പൂർത്തിയായിട്ടുണ്ട്. വേല തീർക്കാത്തതിനാൽ റവന്യൂ റിക്കവറിക്കുള്ള നടപടികൾ നഗരസഭ ഇനിയും കൈക്കൊണ്ടിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.3.4).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

109. ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 5,07,273 രൂപയുടെ അടങ്കൽ തയ്യാറാക്കി പള്ളുരുത്തിയിലെ റൂറൽ റീകൺസ്ട്രക്ഷൻ സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചെങ്കിലും 31-3-2000-ൽ തീർക്കേണ്ടിയിരുന്ന പ്രവൃത്തി 1-11-2003-ലും പൂർത്തീകരിക്കുകയുണ്ടായില്ലെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ശ്രീ. അജിത് പാട്ടീൽ സമിതിയിൽ വിശദീകരിച്ചു. നാളിതുവരെ സൊസൈറ്റി ആകെ 3,60,396 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യം 3,25,496 രൂപ മാത്രമാണെന്നും ആയതിനാൽ അധികമായി കൈപ്പറ്റിയ 34,900 രൂപ കൺവീനറുടെ പക്കൽ നിന്നും തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകി.

110. ക്വാർട്ടേഴ്സിന്റെ പണി ഇപ്പോൾ പൂർത്തിയായോ എന്നും അത് പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് സെക്രട്ടറി വ്യക്തമായ ഉത്തരം നൽകുകയുണ്ടായില്ല.

111. റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വിഷയം കളക്ടർ തഹസിൽദാർക്ക് റഫർ ചെയ്തിരിക്കുകയാണെന്നും നിലവിലെ സ്ഥിതി വ്യക്തമല്ലെന്നും സെക്രട്ടറി മറുപടി നൽകി. കൺവീനർക്കെതിരെ സ്വീകരിച്ച ആർ.ആർ. നടപടികളുടെയും ക്വാർട്ടേഴ്സിന്റെ നിലവിലെ അവസ്ഥയും സമിതിയെ അറിയിക്കണമെന്നും പ്രസ്തുത മരാമത്തുപണി അടുത്ത പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

112. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 6-5-2011-ൽ നല്കിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

113. **പള്ളുരുത്തി സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണപദ്ധതി 31-3-2000-ൽ പൂർത്തിയാക്കേണ്ടതായിരുന്നുവെന്നും 2003 നവംബർ മാസമായിട്ടും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചില്ലെന്നും ഭാഗികമായി ചെയ്ത പ്രവൃത്തിയുടെ മൂല്യം 3,25,496 രൂപയായിരിക്കേ 3,60,396 രൂപ കരാർ സ്ഥാപനമായ സൊസൈറ്റിക്ക് നല്കിയതിലൂടെ 34,900 രൂപ അധികം നല്കിയെന്നും അധികമായി നല്കിയ ടി തുക തിരിച്ചു പിടിക്കാനുള്ള റവന്യൂ റിക്കവറി ആരംഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ആയതിന്മേലുള്ള നിലവിലെ സ്ഥിതി, ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലഭ്യമാക്കണമെന്ന് 7-12-2010-ലെ യോഗത്തിൽ കൊച്ചി നഗരസഭാ സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കാമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നല്കുകയോ തുടർനടപടികൾ**

**സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് 6-5-2011-ലെ റിപ്പോർട്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് സമിതിക്ക് സർക്കാരിൽ നിന്നോ നഗരസഭയിൽ നിന്നോ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ ലഭ്യമാക്കാത്തതും സമിതിയുടെ നിർദ്ദേശത്തിന്മേൽ മേൽനടപടി സ്വീകരിക്കാത്തതും സമിതിയോടുള്ള അവഹേളനമായി കണക്കാക്കുകയും ആയതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു.**

114. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, അധികമായി നല്കിയ തുകയായ 34,900 രൂപ പലിശസഹിതം കൺവീനറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് പൂർത്തീകരിച്ച് ഉപയുക്തമാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആംഡ് ഫോഴ്സ് ഫ്ളാഗ് ഡേ—നികുതിയിനത്തിൽ 65,968 രൂപ അധികം അടച്ചു**

സർക്കാർ ഉത്തരവ് നമ്പർ 35548/ഡി-3/95/എൽ.എ.ഡി./20-9-1995 പ്രകാരം എല്ലാവർഷവും ഡിസംബർ മാസം 7-ാം തീയതി ആംഡ് ഫോഴ്സ് ഫ്ളാഗ് ഡേ ആയി ആചരിക്കേണ്ടതാണെന്നും അന്നേദിവസം ഈടാക്കുന്ന വിനോദനികുതി, അധിക വിനോദനികുതി എന്നിവ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭാ പ്രദേശത്തെ വിവിധ തീയേറ്ററുകളിൽ നിന്നും 7-2-2001-ൽ നികുതിയിനത്തിൽ ലഭിച്ച 1,38,719 രൂപ ജില്ലാ വെൽഫെയർ ഓഫീസിൽ അടച്ചിട്ടുണ്ട്. വിശദമായ പരിശോധനയിൽ 65,968 രൂപ നഗരസഭാ ഫണ്ടിൽ നിന്നും അധികമായി ഫ്ളാഗ് ഡേ ഫണ്ടിനായി ജില്ലാ സൈനിക വെൽഫെയർ ഫണ്ടിലേക്ക് അടച്ചിരിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം നഗരസഭയ്ക്ക് 65,968 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 7.3.5.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

115. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് എല്ലാ വർഷവും ഡിസംബർ 7-ാം തീയിതി ഈടാക്കുന്ന വിനോദനികുതി, അധിക വിനോദനികുതി എന്നിവ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ ഒടുക്കേണ്ടതാണെന്ന സർക്കാർ ഉത്തരവ് പ്രകാരം (ജി.ഒ. നമ്പർ 35548/ഡി-3/95/എൽ.എ.ഡി./20-9-1995) 2001 വർഷത്തിൽ 1,38,719 രൂപ അടച്ചെന്നും എന്നാൽ ക്ളറിക്കൽ തകരാറുമൂലം ഡിസംബർ 7-ലെ വിനോദനികുതിയല്ല വെൽഫെയർ ഫണ്ടിൽ അടച്ചതെന്നും അധികമടച്ചതായി

ഓഡിറ്റിൽ കണ്ടെത്തിയ 65,968 രൂപ തിരികെ ഈടാക്കുന്നതിനായി സൈനികക്ഷേമ ഓഫീസർക്ക് കത്ത് നൽകിയതിൽ തുടർന്നുള്ള വർഷങ്ങളിൽ ടി തുക അഡ്ജസ്റ്റ് ചെയ്യാമെന്ന് അറിയിക്കുകയും, 2004-05-ലെ നികുതിയിനത്തിൽ 51,768 രൂപയും 2005-06-ലെ നികുതിയിനത്തിൽ 14,210 രൂപയും ജില്ലാ സൈനികക്ഷേമ ഓഫീസിലേക്ക് അടയ്ക്കാതെ 65,968 രൂപ അഡ്ജസ്റ്റ് ചെയ്യുകയും ചെയ്തതിനാൽ കോർപ്പറേഷന് യാതൊരുവിധ ധനനഷ്ടവും സംഭവിച്ചിട്ടില്ലെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

116. 65,698 രൂപ അധികമടച്ചതായി ഓഡിറ്റ് വകുപ്പ് തടസ്സം ഉന്നയിച്ചപ്പോൾ മാത്രമാണ് തുകവരുന്ന വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യാൻ സൈനികക്ഷേമ ഓഫീസ് തയ്യാറായതെന്നും അധികമടച്ച തുക 5 വർഷത്തോളം സൈനികക്ഷേമ ഓഫീസിന്റെ കൈവശമായിരുന്നെന്നും അപ്രകാരം 65,968 രൂപയുടെ 5 വർഷത്തെ പലിശ കോർപ്പറേഷന് നഷ്ടപ്പെട്ടിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി.

117. 65,968 രൂപ തുടർന്നുള്ള വർഷങ്ങളിൽ സൈനികക്ഷേമ ബോർഡ് അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോധിപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അതുസംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ മറുപടി നൽകി.

കോർപ്പറേഷന്റെ അക്കൗണ്ട്സ് ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് പൂർണ്ണമായും മാറ്റിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം മാറ്റിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

118. സൈനികക്ഷേമ ബോർഡിലേക്ക് അധികമായി അടവാക്കിയ 65,968 രൂപയുടെ 5 വർഷത്തെ പലിശ കോർപ്പറേഷനിലെ പ്രസ്തുത കാലയളവിലെ ഫിനാൻസ് ഓഫീസറുടെ പക്കൽനിന്നും ഈടാക്കാനും അതോടൊപ്പം 65,968 രൂപ തുടർന്നുള്ള വർഷങ്ങളിൽ സൈനികക്ഷേമ ബോർഡ് അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

119. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 6-5-2011-ലെ കത്തുമുഖേന നല്കിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

120. **കൊച്ചി നഗരസഭ, സർക്കാർ ഉത്തരവ് പ്രകാരം ആംഡ്ഫോഴ്സിന്റെ ഫ്ളാഗ് ഡേക്ക് ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ യഥാർത്ഥത്തിൽ അടവാക്കാനുള്ള തുകയേക്കാൾ 65,968 രൂപ അധികം അടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക രണ്ടു ഗഡുക്കളായി ജില്ലാ സൈനികക്ഷേമ ഓഫീസിൽനിന്നും തിരികെ ഈടാക്കിയതായി സർക്കാരിന്റെ രേഖാമൂലമുള്ള മറുപടിയിലും തെളിവെടുപ്പ് വേളയിലെ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിലും വ്യക്തമാക്കുന്നുണ്ടെങ്കിലും ആയതു സംബന്ധിച്ച യാതൊരുരേഖയും ഓഡിറ്റിനോ സമിതി മുമ്പാകെയോ ഹാജരാക്കപ്പെട്ടിട്ടില്ല. നഗരസഭാ ഫണ്ടിൽനിന്നും അധികമായി ജില്ലാ**

**സൈനിക ഓഫീസിൽ അടവാക്കിയ തുക ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് വർഷങ്ങൾക്കുശേഷമാണ് നഗരസഭയുടെ ഫണ്ടിലേക്ക് തിരിച്ചടയ്ക്കപ്പെട്ടിട്ടുള്ള തെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഇടവേളയിൽ നഗരസഭാ ഫണ്ടിന് അർഹമായ പലിശ, ജില്ലാ ക്ഷേമ ഓഫീസിൽ അധികംതുക ഒടുക്കിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.**

121. **നഗരസഭ അധികമായി ഒടുക്കിയ തുക അഡ്ജസ്റ്റ് ചെയ്തതിന്റെയും ടി തുക ജില്ലാ സൈനിക ഓഫീസിന്റെ അധീനതയിലായിരുന്ന കാലയളവിലെ സാധാരണ പലിശ കണക്കാക്കി തദവസരത്തിലെ നഗരസഭാ ഫിനാൻസ് ഓഫീസർ സർവ്വീസിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽനിന്നോ അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടിയിലൂടെയോ ഈടാക്കിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ 7-12-2010-ലെ സമിതിയോഗം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ, പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന് 6-5-2011-ലെ കത്തു മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. നഗരസഭയുടെ പ്രസ്തുത സമീപനത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള മേല്പറഞ്ഞ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ ശുപാർശയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊച്ചി നഗരസഭ അക്കൗണ്ട്സ് വിഭാഗം പെൻഷൻ സെക്ഷനുകളിൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയത് ഗുരുതരമായ ക്രമക്കേടുകൾ**

(സ്പെഷ്യൽ റിപ്പോർട്ട്)

25-6-2004-ൽ നഗരസഭ അക്കൗണ്ട്സ് വിഭാഗത്തില പെൻഷൻ, ഫാമിലി പെൻഷൻ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്ന സെക്ഷനുകളിൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയപ്പോൾ ഗുരുതരമായ ക്രമക്കേടുകളും ധനദുർവിനിയോഗവും കാണുകയുണ്ടായി.

റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ, ഫാമിലി പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ഉത്തരവാദിത്തപ്പെട്ട സെക്ഷൻ ക്ലാർക്ക് എഴുതി സൂക്ഷിച്ചിരിക്കുന്ന പെറ്റി ക്യാഷ് ബുക്കും അക്വിറ്റൻസ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെട്ടുകാണുന്നില്ല. അക്വിറ്റൻസ് രജിസ്റ്ററിൽ തുക കൈപ്പറ്റുന്ന ആരുംതന്നെ തീയതിവെച്ചുള്ള ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല തുക വിതരണംചെയ്യുന്ന ഉദ്യോഗസ്ഥൻ പോലും തീയതി രേഖപ്പെടുത്താതെയാണ് തുക വിതരണംചെയ്യുന്നത്. ആയതിനാൽ ഓരോ ദിവസവും എത്രതുക വിതരണം ചെയ്തു എന്ന് പരിശോധിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല. 2004 ജൂൺ മാസത്തിൽ ഓരോദിവസവും ഒരു മൊത്തം തുക പെൻഷൻ, ഫാമിലി പെൻഷൻ എന്നിവയിൽ വിതരണം ചെയ്തതായാണ് പെറ്റി ക്യാഷ് ബുക്കിൽ കാണിച്ചിരിക്കുന്നത്. ഇപ്രകാരം 16-6-2004 വരെ മാത്രമാണ് പെറ്റി ക്യാഷ് ബുക്ക്

എഴുതിയിരിക്കുന്നത്. പെറ്റി ക്യാഷ് ബുക്ക് പ്രകാരം 16-6-2004-ലെ നീക്കിയിരിപ്പ് 65,609 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 16-6-2004-നുശേഷം പെൻഷൻ, ഫാമിലി പെൻഷൻ തുകയൊന്നും വിതരണം ചെയ്തിട്ടുമില്ല. എന്നാൽ 25-6-2004-ൽ ക്യാഷ് വെരിഫിക്കേഷൻ സമയത്ത് സെക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ 27,460 രൂപ മാത്രമാണ് അക്കൗണ്ട്സ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഹാജരാക്കിയത്. വിശദമായ പരിശോധനയിൽ യഥാർത്ഥത്തിൽ 16-6-2004-ൽ സെക്ഷനിൽ നീക്കിയിരിപ്പായി ഉണ്ടായിരിക്കേണ്ട തുക 73,811 രൂപയാണ്. 46,351 രൂപ കുറവുള്ളതായി കാണുന്നു.

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണംചെയ്യുന്ന സെക്ഷനിൽ ക്യാഷ് വെരിഫിക്കേഷൻ സമയത്ത് സെക്ഷൻ ക്ലാർക്ക് 50,256 രൂപ മാത്രമാണ് ഹാജരാക്കിയത്. 6-2004-ലെ മാത്രം കണ്ടിജന്റ് പെൻഷൻ വിതരണത്തിന് നഗരസഭാ ഫണ്ടിൽനിന്നും പിൻവലിച്ച തുകയും വിതരണംചെയ്ത തുകയിലും 48,087 രൂപയുടെ കുറവ് ക്യാഷ് വെരിഫിക്കേഷൻ സമയത്ത് കണ്ടെത്തുകയുണ്ടായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.I.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

122. നഗരസഭയുടെ അക്കൗണ്ട്സ് വിഭാഗത്തിൽ പെൻഷൻ, ഫാമിലി പെൻഷൻ, കണ്ടിജന്റ് പെൻഷൻ എന്നിവ വിതരണംചെയ്യുന്ന സെക്ഷനുകളിൽ 25-6-2004-ൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയപ്പോൾ റഗുലർ പെൻഷൻ വിഭാഗത്തിൽ 46,351 രൂപയുടെയും കണ്ടിജന്റ് പെൻഷൻ വിഭാഗത്തിൽ 28,000 രൂപയുടെയും കുറവു കണ്ടെത്തിയതായാണ് ഓഡിറ്റ് തടസ്സമെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

123. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം 2002-03, 2003-04, 2004-05 എന്നീ കാലഘട്ടങ്ങളിലെ പെൻഷൻ വിതരണം സംബന്ധിച്ച് വിശദമായ പരിശോധനനടത്തി റഗുലർ പെൻഷൻ വിഭാഗത്തിൽ ശ്രീ. മാർട്ടിൻ ആന്റണിയുടെ ബാദ്ധ്യതയായി 1,35,955 രൂപ തിട്ടപ്പെടുത്തുകയും കണ്ടിജന്റ് പെൻഷൻ വിഭാഗത്തിൽ ശ്രീ. പി. ജെ. മാത്യുവിന്റെ ബാദ്ധ്യതയായി 1,30,956 രൂപ തിട്ടപ്പെടുത്തുകയും ചെയ്തുവെന്നും ശ്രീ. മാർട്ടിൻ ആന്റണിയുടെ ബാദ്ധ്യതയായ 1,35,955 രൂപ 45,000 രൂപവീതം മൂന്നുതവണകളായി ടിയാനിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടെന്നും പീനൽ ചാർജ് ഒന്നുംതന്നെ ഈടാക്കിയിട്ടില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

124. ശ്രീ. പി. ജെ. മാത്യു വിരമിച്ചതിനാൽ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും 1,22,000 രൂപ ഈടാക്കിയിട്ടുണ്ടെന്നും 8,872 രൂപ ആർ.ആർ. വഴി ഈടാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

125. ബാദ്ധ്യത ചുമത്തപ്പെട്ടവർക്കെതിരെ ഏതെങ്കിലും വിധത്തിലുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അപഹരിച്ച തുക തിരിച്ചടച്ചതിനാൽ രണ്ടു വ്യക്തികൾക്കെതിരെയും വകുപ്പുതല നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും അപ്രകാരം നടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷൻ

സെക്രട്ടറിക്കും കൗൺസിലിനും അധികാരമുണ്ടെന്നും ശ്രീ. മാർട്ടിൻ ആന്റണിയെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യുകയുണ്ടായെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

126. ഓഡിറ്റ് ഖണ്ഡികകൾ കൗൺസിൽ മുമ്പാകെ സമർപ്പിക്കാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം ചെയ്യാറുണ്ടെന്നും എന്നാൽ കൃത്യമായ തീയതി ഓർമ്മയില്ലെന്നും തീയതി വെരിഫൈ ചെയ്ത് പറയാമെന്നും സെക്രട്ടറി മറുപടി നൽകി.

127. ഏത് കൗൺസിൽ യോഗത്തിലാണ് ഓഡിറ്റ് ഖണ്ഡിക ചർച്ച ചെയ്തത് എന്നത് സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ ഓഡിറ്റ് വകുപ്പിന് നൽകുന്നില്ലെന്നും, കേരളാ മുനിസിപ്പാലിറ്റി റൂൾ ചട്ടം 14(3) പ്രകാരമുള്ള മറുപടിയല്ല കോർപ്പറേഷൻ നൽകിയിരിക്കുന്നത് എന്നും സമിതി വ്യക്തമാക്കി.

128. ഏതെങ്കിലും ഒരു ഓഡിറ്റ് റിപ്പോർട്ട് കൗൺസിലിൽ അവസാനമായി വച്ചതീയതി വ്യക്തമാക്കാമോ എന്ന് സമിതി ആരാഞ്ഞതിന് ഇലക്ഷന് മുമ്പ് 2010 ആഗസ്റ്റിൽ ഓഡിറ്റ് റിപ്പോർട്ട് കൗൺസിൽ മുമ്പാകെ വച്ചിരുന്നുവെന്ന് ഫിനാൻസ് ഓഫീസർ മറുപടി നൽകി. ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും 12% പലിശകൂടി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

129. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നല്കിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

130. **കൊച്ചി നഗരസഭ അക്കൗണ്ട്സ് വിഭാഗത്തിൽ റഗുലർ പെൻഷൻ, ഫാമിലി പെൻഷൻ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ചുമതലപ്പെട്ട ക്ലർക്കുമാരുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകളും ധനദുർവിനിയോഗവും ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. 2004 ജൂൺ മാസത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2002-2003, 2003-2004, 2004-2005 കാലയളവിലെ ഇതു സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് വീണ്ടും വിശദമായി പരിശോധിച്ചപ്പോൾ റഗുലർ പെൻഷൻ വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും 1,35,955 രൂപയുടെയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണംചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും 1,30,956 രൂപയുടെയും ക്രമക്കേടുകൾ കണ്ടെത്തിയതായാണ് തെളിവെടുപ്പ് യോഗത്തിലെ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽനിന്നും സമിതി മനസ്സിലാക്കുന്നത്. ഇവയിൽ ഒരു ഉദ്യോഗസ്ഥനിൽനിന്നും മൂന്നു ഗഡുക്കളായി മുഴുവൻ തുകയും ഈടാക്കിയെന്നും ഒരാൾ സർവ്വീസിൽനിന്നും വിരമിച്ചതിനാൽ ടിയാന്റെ ഡി.സി.ആർ.ജി. തുക മുഴുവനും ഈടാക്കിയെങ്കിലും ഇനിയും 8,872 രൂപ ഈടാക്കുവാനുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. തുടർച്ചയായുള്ള മൂന്നു വർഷങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടും അവ കണ്ടെത്തുവാൻ മേലുദ്യോഗസ്ഥർക്കായില്ല എന്നത് സമിതി ഗൗരവമായി**

**വീക്ഷിക്കുന്നു. മാത്രമല്ല, ലക്ഷക്കണക്കിനു തുകയുടെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടും കേവലം നഷ്ടപ്പെട്ട തുകമാത്രം തിരികെ ഈടാക്കിക്കൊണ്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഒരാളെ സസ്പെൻഡ് ചെയ്തതൊഴിച്ച് യാതൊരു ശിക്ഷാനടപടിയും സ്വീകരിക്കാത്തതും ക്രമവിരുദ്ധമായി കൈവശംവച്ച പണത്തിന് സാധാരണനിരക്കിൽപ്പോലും പലിശ ഈടാക്കാത്തതുമായ നഗരസഭയുടെ നടപടി സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടിയെടുക്കുവാൻ നഗരസഭാ സെക്രട്ടറിക്കും കൗൺസിലിനും അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആരോപണവിധേയരായ മേല്പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടി എടുക്കേണ്ടതില്ലെന്ന കൗൺസിൽ തീരുമാനം സംബന്ധിച്ച് വ്യക്തമായ ഉത്തരം നല്കുവാൻ നഗരസഭാ സെക്രട്ടറിക്കായില്ല. കൂടാതെ, ഓഡിറ്റ് റിപ്പോർട്ടിന് കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ ചട്ടം 14(3) പ്രകാരമല്ല മറുപടി നല്കിയിരിക്കുന്നതെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനും ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിൽ വയ്ക്കുന്നതും ഈ ഓഡിറ്റ് റിപ്പോർട്ട് വെച്ചതു സംബന്ധിച്ചുമുള്ള സമിതിയുടെ ചോദ്യത്തിനും നഗരസഭാ സെക്രട്ടറിക്കോ ഫിനാൻസ് ഓഫീസർക്കോ വ്യക്തമായ മറുപടി പറയുവാൻ സാധിച്ചിട്ടില്ല.**

131. **ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമായാലുടൻതന്നെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുശാസിക്കുംപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളിൽ വെയ്ക്കുകയും ആയതിന്മേലുള്ള പരാമർശങ്ങൾ ഗൗരവപൂർവ്വം പരിശോധിച്ച് ഉചിതമായ മറുപടി യഥാസമയം നല്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

132. **പരാമർശവിധേയമായ മേൽസംഗതിയിൽ ഇനിയും ഈടാക്കുവാനുള്ള തുകയായ 8,872 രൂപയും ദുരുപയോഗം ചെയ്ത പണത്തിന് സാധാരണനിരക്കിൽ പലിശയും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ 7-12-2010-ലെ സമിതിയോഗം ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടി റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ സമിതി ആവശ്യപ്പെട്ട മേൽനടപടികൾ അടിയന്തിരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊതുകുനിവാരണ പ്രവർത്തനത്തിന് സ്പിക് ബയോമോസ് ലാർവിസൈഡ് വാങ്ങിയതിൽ നഗരസഭയ്ക്ക് 2.3 ലക്ഷം നഷ്ടം**

(സ്പെഷ്യൽ റിപ്പോർട്ട്)

കൊച്ചി നഗരസഭാപ്രദേശത്ത് കൊതുകുനിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി കൊച്ചിയിലെ പെട്രോ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽനിന്നും 1997-1998, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ കൊതുകുനശീകരണത്തിനുവേണ്ടി സ്പിക് ബയോമെഡ്, സ്പിക്ബയോ ബി.റ്റി.ഐ. എന്നീ ലാർവിസൈഡുകൾ വാങ്ങിയിട്ടുള്ളതും വിലയിനത്തിൽ പല തീയതികളിലായി പാർട്ടുബില്ലുകളായി തുക നൽകിയിട്ടുള്ളതുമാണ്.

ഫയലുകൾ പരിശോധിച്ചതിൽ അധികംതുക നൽകിയിരിക്കുന്നതായി കാണുന്നു. ഫയൽ നമ്പർ എം.ഒ.എച്ച്-6/17461/97 പ്രകാരം 28,86,000 രൂപയുടെ ലാർവിസൈഡ് വാങ്ങിയതിൽ സർച്ചാർജ്ജ് ഇൻകം ടാക്സ് എന്നിവ ശരിയായ രീതിയിൽ ഈടാക്കാതിരുന്നതിനാൽ 31,746 രൂപ ബില്ലിൽനിന്നും ഈടാക്കിയിട്ടില്ല. ഫയൽ നമ്പർ എം.ഒ.എച്ച്-6/18698/98 പ്രകാരം 42,54,500 രൂപയുടെ ലാർവിസൈഡ് വാങ്ങിയിട്ടുള്ളതായി കാണുന്നു. സർച്ചാർജ്ജ്, ഇൻകം ടാക്സ് തുടങ്ങിയവ കിഴിച്ച് യഥാർത്ഥത്തിൽ ബാക്കി നൽകേണ്ടിയിരുന്ന തുക 41,60,901 രൂപ ആണെന്നിരിക്കെ 43,65,956 രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം 2,05,055 രൂപ അധികമായി നൽകിയിരിക്കുന്നു. ഇതുമൂലം രണ്ടുഫയലുകൾ പ്രകാരം 2,36,801 രൂപ അധികമായി നൽകിയിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.I.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. കൊച്ചി നഗരസഭാപ്രദേശത്തെ കൊതുകുനിവാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി കൊച്ചിയിലെ പെട്രോ പ്രൊഡക്സ് എന്ന സ്ഥാപനത്തിൽനിന്നും 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ സ്പിക് ബയോമെഡ്, സ്പിക്ബയോ ബി.റ്റി.ഐ. എന്നീ ലാർവിസൈഡുകൾ വാങ്ങിയിട്ടുള്ളതും അതുപ്രകാരം സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന തുകയിൽനിന്നും കുറയ്ക്കേണ്ടിയിരുന്ന ഇൻകം ടാക്സ്, സർച്ചാർജ്ജ് കുറയ്ക്കാതിരുന്നതിനാൽ കോർപ്പറേഷന് 1997-ൽ 31,746 രൂപയുടെയും 1998-ൽ 2,05,055 രൂപയുടെയും ഉൾപ്പെടെ ആകെ 2,36,801 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. മേൽവിഷയം പെട്രോ പ്രൊഡക്സിനെ അറിയിച്ചതിനെ തുടർന്ന് 2,06,758 രൂപ DD ആയി തിരികെനൽകിയെന്നും ബാക്കിത്തുകയായ 31,000 രൂപ സ്ഥാപനത്തിന് കോർപ്പറേഷൻ നൽകേണ്ടിയിരുന്ന തുകയിൽനിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

134. മേൽസൂചിപ്പിച്ച വിവരങ്ങൾ രേഖകൾസഹിതം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

135. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 6-5-2011-ലെ കത്തുമുഖേന നല്കിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

136. **കൊച്ചി നഗരസഭാപ്രദേശത്ത് കൊതുക് നിവാരണത്തിന് ലാർവിസൈഡ് വാങ്ങിയപ്പോൾ സർച്ചാർജ്ജ്, ഇൻകം ടാക്സ് എന്നിവ കിഴിച്ച് യഥാർത്ഥത്തിൽ ബാക്കി നൽകേണ്ടിയിരുന്ന തുകയേക്കാൾ 2,36,801 രൂപ അധികം നല്കിയതായി സമിതിക്ക് ബോധ്യമായി. പ്രസ്തുത തുക നല്കിയത് ഓഡിറ്റ് തടസ്സം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലാർവിസൈഡ് വിതരണം ചെയ്ത**

**സ്ഥാപനത്തിൽനിന്നും ഈടാക്കിയിട്ടുണ്ടെന്ന് സർക്കാർ നല്കിയ മറുപടിയിലും തെളിവെടുപ്പുവേളയിലെ വിശദീകരണത്തിലും വ്യക്തമാക്കപ്പെട്ടെങ്കിലും ആയതിനാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നാണ് തെളിവെടുപ്പ് സമയത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചത്. വിശദീകരണത്തിൽ പരാമർശിച്ചതിൻപ്രകാരം, അധികം നല്കിയ തുക തിരികെ ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ കാണിച്ച് ബോധ്യപ്പെടുത്തുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും 7-12-2010-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതായും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നതായും 6-5-2011-ലെ റിപ്പോർട്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഓഡിറ്റ് ഖണ്ഡികയിലെ തടസ്സംനീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൈറ്റില ഷോപ്പിംഗ് കോംപ്ലക്സ് അനധികൃത കൈവശപ്പെടുത്തൽ സംബന്ധിച്ച് നഗരസഭാ റവന്യൂ നഷ്ടം**

(സ്പെഷ്യൽ റിപ്പോർട്ട്)

കൊച്ചി നഗരസഭ വൈറ്റില ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാംനിലയിൽ നോർത്ത് ബ്ലോക്കിൽ 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണംവരുന്ന സ്ഥലം 12-1-1995 മുതൽ ശ്രീമതി ചിബ്ലി ജോർജ്ജ്, ശ്രീമതി രമാ മാധവി എന്നിവരുടെ പേർക്ക് പാർട്ട്ണർഷിപ്പ് പ്രകാരം വാടകയ്ക്ക് നൽകിയിരിക്കുന്നതായി കാണുന്നു. എന്നാൽ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതിരുന്നതിനാൽ 29-10-1996-നു മാത്രമാണ് മേല്പറഞ്ഞവർ മുറി ഏറ്റെടുത്തിട്ടുള്ളത്. വൈദ്യുതി കണക്ഷൻ യഥാസമയം ലഭ്യമാക്കാതിരുന്നതിനാൽ വാടകയിനത്തിൽ 2,41,783 രൂപയുടെ സാമ്പത്തികനഷ്ടം സംഭവിച്ചിട്ടുണ്ട്. 11-1-1998-ന് കാലാവധി അവസാനിച്ചു എങ്കിലും കരാർ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ നഗരസഭയ്ക്ക് റവന്യൂ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1-3-2000-ൽ ശ്രീമതി ഓമന രാജു എന്ന വ്യക്തിയുടെ അപേക്ഷയിൽ ശ്രീമതി ചിബ്ലി ജോർജ്ജ്, ശ്രീമതി രമാ മാധവി എന്നിവർക്കു അനുവദിച്ചു നൽകിയ കെട്ടിടത്തിൽ ബിസിനസ് നടത്തുന്നതിൽ താനും പങ്കാളിയായിരുന്നു എന്നും 25-2-2000-ൽ പാർട്ട്ണർഷിപ്പു ഒഴിഞ്ഞു എന്നും ആയതിനാൽ മുറിയുടെ ലൈസൻസ് തന്റെപേർക്ക് മാത്രമായി അനുവദിച്ചുനൽകണമെന്നും പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള വാടക 25 ശതമാനം വർദ്ധനവു വരുത്തി 10-5-2000 മുതൽ 3 വർഷക്കാലത്തേക്ക് ശ്രീമതി ഓമന രാജുവിന്റെ പേർക്ക് കെട്ടിടലൈസൻസ് നൽകുകയുണ്ടായി. ഓമന രാജു പാർട്ട്ണർ ആയി വന്നത് കോർപ്പറേഷന്റെ അറിവോടെയോ സമ്മതത്തോടെയോ അല്ലാത്തതിനാൽ കോർപ്പറേഷൻ വക കെട്ടിടം വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗത്തിലൂടെ ആദ്യവാടകക്കാരിൽനിന്നും മറ്റൊരുവ്യക്തിക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ടി കുറുക്കുവഴി തേടിയതാണെന്ന് വ്യക്തമാക്കുന്നു. ഇതിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിട ലൈസൻസ് പുനർലേലം നടത്തിയിരുന്നു എങ്കിൽ ലൈസൻസ് ഫീസിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല.

മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ വരാന്തഭാഗം ലൈസൻസി അനധികൃതമായി കെട്ടിയടച്ച് കൈവശം വെച്ചിട്ടുള്ളതായി കാണുന്നു. ഈ സ്ഥലത്തിന് വാടക ഈടാക്കാതിരുന്നതിനാൽ 4,41,537 രൂപയുടെ സാമ്പത്തികനഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. 9-5-2003-ന് കരാറിന്റെ കാലാവധി അവസാനിച്ചു എങ്കിലും കരാർ പുതുക്കാൻ നടപടികൾ ഒന്നും സ്വീകരിച്ചു കാണുന്നില്ല.

കെട്ടിടലേലവുമായി ബന്ധപ്പെട്ട് 6,83,320 രൂപയുടെ സാമ്പത്തികനഷ്ടം കോർപ്പറേഷന് സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. തുക പലിശ ഉൾപ്പെടെ ഉത്തരവാദികളായവരിൽനിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.I.3.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

137. കൊച്ചി നഗരസഭ വൈറ്റില ഷോപ്പിംഗ് കോംപ്ലക്സിലെ 200 Sq.m. വിസ്തീർണ്ണം വരുന്ന കടമുറി 1994-ൽ ടെണ്ടർ ചെയ്യുന്ന വേളയിൽ മുറിയുടെ പണി പൂർത്തിയായിരുന്നില്ലെന്നും പാർട്ട്ണർമാരായ ശ്രീമതി ചിബ്ലി ജോർജ്ജ്, ശ്രീമതി രമാ മാധവി, ശ്രീമതി ഓമന രാജു എന്നിവർക്കാണ് മുറി വാടകയ്ക്ക് നൽകിയിരുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. 1996 ഒക്ടോബർ മാസം കറണ്ട് കണക്ഷൻ ലഭിച്ചശേഷമാണ് വാടക ലഭിച്ചുതുടങ്ങിയതെന്നും പാർട്ട്ണർഷിപ്പിൽ നിന്നും പിൻമാറിയശേഷം മുനിസിപ്പൽ ആക്ട് Sec. 215 പ്രകാരം കൗൺസിൽ റസലൂഷന്റെ അടിസ്ഥാനത്തിൽ 25% വാടക വർദ്ധനവോടെ 3 വർഷത്തേക്ക് കടമുറിയുടെ ലൈസൻസ് ശ്രീമതി ഓമന രാജുവിന് നൽകുകയുണ്ടായെന്നും സെക്രട്ടറി വിശദീകരിച്ചു.

138. എന്നാൽ, ശ്രീമതി ഓമന രാജു ടി കെട്ടിടത്തിന്റെ വരാന്തഭാഗം അനധികൃതമായി കൈവശംവയ്ക്കുകയും മുറിയുടെ വാടകയിനത്തിൽ 3,78,720 രൂപയും അനധികൃതമായി കൈവശപ്പെടുത്തിയ ഭാഗത്തെ വാടകയായ 4,41,000 രൂപയും അടവാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാൾക്കെതിരെ കോർപ്പറേഷൻ റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. ശ്രീമതി ഓമന രാജുവിനെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

139. ഇത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നല്കിയ 6-5-2011-ലെ കത്തുമുഖേന നല്കിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

140. **നഗരസഭ വൈറ്റിലയിൽ പണികഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാംനിലയിലെ നോർത്ത് ബ്ലോക്കിൽ 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണംവരുന്ന സ്ഥലം പാർട്ട്ണർമാരായ മൂന്നു വ്യക്തികളുടെ പേർക്ക് ടെൻഡറിലൂടെ 12-1-1995-ൽ വാടകയ്ക്ക് നല്കിയെങ്കിലും ടെൻഡർ നോട്ടീസിലെ വ്യവസ്ഥപ്രകാരം നഗരസഭ**

ചെയ്യേണ്ടിയിരുന്ന സ്ഥലംനിരപ്പാക്കൽ, വൈദ്യുതിബന്ധം സ്ഥാപിക്കൽ, വെള്ളം നല്കൽ എന്നീ പ്രവൃത്തികൾ 1996 ഒക്ടോബറിൽ മാത്രമേ പൂർത്തിയാക്കിയുള്ളൂ വെന്ന് സമിതി മനസ്സിലാക്കുന്നു. ടെൻഡർ വ്യവസ്ഥ അനുസരിച്ച് ടി പ്രവൃത്തികൾ നഗരസഭ പൂർത്തിയാക്കി ആവശ്യപ്പെട്ടപ്പോൾത്തന്നെ ലേലംകൊണ്ട മുറി കക്ഷികൾ ഏറ്റെടുത്തിട്ടുള്ളതായി സർക്കാരിന്റെ വിശദീകരണത്തിൽനിന്നും ബോധ്യമാകുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച വാടകയിനത്തിലുള്ള 2,41,783 രൂപ ഒടുക്കുന്നതിന് നഗരസഭ നല്കിയ നോട്ടീസിന് നല്കിയ മറുപടിയിൽ ടെൻഡർ വ്യവസ്ഥപ്രകാരം ടി തുക അടയ്ക്കുവാൻ കക്ഷികൾ ബാധ്യസ്ഥരല്ലെന്ന് അറിയിച്ചിട്ടുള്ളതായും കക്ഷികളുടെ നിലപാട് ശരിയാണെന്നും ടെൻഡർ വ്യവസ്ഥപ്രകാരം കക്ഷികൾ പ്രവർത്തിച്ചിട്ടുള്ളതിനാൽ അവരിൽനിന്നും പ്രസ്തുത തുക ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണ മെന്നുമാണ് നഗരസഭയുടെ നിലപാട്. സർക്കാരിന്റെയും നഗരസഭയുടെയും വിശദീകരണത്തിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ ടെൻഡറിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ടി ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

141. പാർട്ട്ണർഷിപ്പ് ഒഴിഞ്ഞതിനുശേഷം കക്ഷികളിൽ ഒരാളുടെപേരിൽ കടമുറി മാറ്റണമെന്ന അപേക്ഷയിന്മേൽ 25% വാടക വർദ്ധനവോടെ മൂന്നു വർഷത്തേക്ക് നല്കിയത് നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരമാണെന്നും കെട്ടിടലൈസൻസ് പേരുമാറ്റി നല്കിയത് കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 215-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്നും സമിതി മനസ്സിലാക്കുന്നു. കരാർ ഉടമ്പടി ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും കൂടിയാണ് നഗരസഭ ഈ തീരുമാനമെടുത്തതെന്നു കാണുന്നതിനാൽ ഇക്കാര്യത്തിൽ നഗരസഭയുടെ നടപടിയിൽ അപാകതയുള്ളതായി കരുതുവാനാകില്ല.

142. നഗരസഭ വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ വരാന്ത അനധികൃതമായി കെട്ടിയടച്ച കക്ഷിയുടെ നടപടി കരാർ വ്യവസ്ഥയുടെ ലംഘനമാണ്. കരാർവ്യവസ്ഥയ്ക്ക് വിരുദ്ധമായി വരാന്തഭാഗം അനധികൃതമായി കെട്ടിയടയ്ക്കുവാനുള്ള നീക്കം പ്രാരംഭത്തിൽത്തന്നെ തടയേണ്ടത് നഗരസഭാ അധികൃതരുടെ ഉത്തരവാദിത്വമായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടായിരിക്കുന്നതെന്ന് ഓഡിറ്റ് കണക്കാക്കിയിട്ടുള്ള പ്രതീക്ഷിത വാടക തുക നോക്കുമ്പോൾ ബോധ്യപ്പെടുന്നതാണ്.

143. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി, വാടക നല്കുന്ന കാര്യത്തിൽ കക്ഷി വീഴ്ച വരുത്തിയിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. അനധികൃതമായി കെട്ടിയടച്ച് കൈവശംവെച്ച സ്ഥലത്തിന്റെ വാടകയിനത്തിൽ ഓഡിറ്റ് കണക്കാക്കിയ 4,41,537 രൂപയും വാടകക്കുടിശ്ശികയിനത്തിലെ 3,78,720 രൂപയും ചേർന്ന് ആകെ 8,20,257 രൂപ നഗരസഭയ്ക്ക് കക്ഷിയിൽനിന്നും ലഭിക്കുവാനുണ്ട് എന്ന് സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തുക ഈടാക്കുവാൻ റവന്യൂ

**റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായി തെളിവെടുപ്പുവേളയിൽ നഗരസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് നല്കുവാൻ 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ മേല്പറഞ്ഞ 8,20,257 രൂപ പലിശസഹിതം റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അടിയന്തിരമായി നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇടപ്പള്ളി മേഖല ഓഫീസ് പ്രവർത്തനത്തിന് സ്വകാര്യകെട്ടിടം വാടകയ്ക്ക് എടുത്തത് 2,05,744 രൂപയുടെ പാഴ്ച്ചെലവ്**

2,160 രൂപ മാത്രം പ്രതിമാസ വാടകയിനത്തിൽ സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കൊച്ചി നഗരസഭയുടെ ഇടപ്പള്ളി മേഖല ഓഫീസ് 1-9-2000 മുതൽ പാലസ് റോഡിലുള്ള 33/1564-ാം നമ്പർ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പുതിയ കെട്ടിടത്തിന് വാടകയിനത്തിൽ പ്രതിമാസം 18,704 രൂപ നിരക്കിൽ 31-7-2000 മുതൽ നഗരസഭ നൽകിവന്നിരുന്നു. 9-12-2002-ൽ മാത്രമാണ് വാടകക്കെട്ടിടം ഒഴിഞ്ഞ് നഗരസഭ വക ഇടപ്പള്ളി അഞ്ചുമനയിലെ സ്വന്തം കെട്ടിടത്തിലേക്ക് മേഖല ഓഫീസ് പ്രവർത്തനം ആരംഭിച്ചത്.

ഓഫീസിനുവേണ്ടി കെട്ടിടം നൽകുവാൻ താൽപ്പര്യമുള്ളവരിൽനിന്നും ക്വട്ടേഷനുകളോ മറ്റ് അന്വേഷണങ്ങളോ ഒന്നുംതന്നെ സ്വീകരിക്കാതെയാണ് മേഖല ഓഫീസ് 1-9-2000 മുതൽ പുതിയ വാടകക്കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിച്ചത്. നഗരസഭയുടെ ആവശ്യത്തിനുവേണ്ടി കെട്ടിടം വാടകയ്ക്ക് എടുക്കണമെങ്കിൽ കെട്ടിടത്തിന്റെ വാടക പൊതുമരാമത്തു വകുപ്പിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിശ്ചയിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങിയതിനുശേഷം മാത്രമാണ് നൽകേണ്ടത്. ഇപ്രകാരമുള്ള നടപടികൾ ഒന്നുംപാലിക്കാതെയാണ് കെട്ടിടം 18,704 രൂപ പ്രതിമാസവാടകയിനത്തിൽ ഓഫീസിനുവേണ്ടി എടുത്തിരിക്കുന്നത്. കൊച്ചി നഗരസഭ ഇടപ്പള്ളി അഞ്ചുമനഭാഗത്ത് വിലയ്ക്കുവാങ്ങിയിട്ടുള്ള സ്ഥലത്ത് മേഖല ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ ഒരു കെട്ടിടം നിലവിലിരിക്കെയാണ് മറ്റൊരു കെട്ടിടം വാടകയ്ക്ക് എടുക്കുകവഴി 2001-2002 വർഷത്തിൽ 2,05,744 രൂപ പ്രസ്തുത കെട്ടിടത്തിന്റെ വാടകയിനത്തിൽ നഗരസഭ ചെലവഴിച്ചു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.I.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

144. കൊച്ചി നഗരസഭയുടെ ഇടപ്പള്ളി സോണൽ ഓഫീസ്, 2,160 രൂപ വാടകയ്ക്ക്, കാലപ്പഴക്കംമൂലം പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലിക്കുന്ന ഒരു കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും ചോർച്ചമൂലം പലഫയലുകളും ഉപയോഗിക്കാൻ പറ്റാത്ത ജീർണ്ണാവസ്ഥയിലായിത്തീരുകയും തന്മൂലം അടിയന്തിരമായി ഓഫീസ് കെട്ടിടം മാറ്റുന്നതിന് അധികാരികൾ നിർദ്ദേശിക്കുകയും ചെയ്തതിനെ തുടർന്ന് എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള ശ്രീ. ജയറാം പടിക്കലിന്റെ മകൾ രശ്മിയുടെ പേരിലുള്ള കെട്ടിടം സെപ്റ്റംബർ 2000 മുതൽ ഡിസംബർ 2002 വരെ പ്രതിമാസം 18,704 രൂപയ്ക്ക് വാടകയ്ക്ക് എടുക്കുകയുണ്ടായെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

145. ഗാർഹികേതരാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് നഗരസഭ നികുതി ചുമത്താനായി കണക്കാക്കുന്ന ശരാശരിവാടക ചതുരശ്ര അടിക്ക് 7 രൂപയായതിനാലാണ് ടി കെട്ടിടം 18,704 രൂപ നിരക്കിൽ മാസവാടകയ്ക്ക് എടുക്കേണ്ടിവന്നത് എന്നും 2000 ജൂൺ മാസത്തിലെ 57-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് അപ്രകാരം ചെയ്തതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

146. **നഗരസഭ സോണൽ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരുന്ന, 2,160 രൂപ നിരക്കിലുള്ള വാടകക്കെട്ടിടം പഴക്കംചെന്ന് ജീർണ്ണാവസ്ഥയിലായി ഓഫീസിന്റെ പ്രവർത്തനം അസാധ്യമായ സന്ദർഭത്തിലാണ് രണ്ടുവർഷത്തേക്ക് ഒരു താൽക്കാലിക സംവിധാനം എന്ന നിലയ്ക്ക് പുതിയ വാടകക്കെട്ടിടത്തിലേക്ക് മാറിയതെന്നും ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് നഗരസഭ നികുതി ചുമത്താനായി കണക്കാക്കുന്ന ശരാശരി വാടക കണക്കാക്കിയാണ് വാടക നല്കിയിട്ടുള്ളതെന്നും നഗരസഭയുടെയും സർക്കാരിന്റെയും മറുപടിയിൽ വിശദീകരിക്കുന്നു. നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബെ)—നഗരസഭയുടെ അനുവാദം ലഭിക്കാതെ പണിത കെട്ടിടം—അനധികൃത നിർമ്മാണം**

(2001-02, 2003-2004 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 23)

5-8-2002-ലെ ജി.ഒ. (എംഎസ്.) 135/02 പ്രകാരവും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരവും വീട് നിർമ്മിക്കുന്നതിന് കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ച് നിർമ്മാണത്തിനുള്ള അനുവാദം നഗരസഭയിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ഇത് ലഭ്യമാക്കാതെ വാംബെ ധനസഹായ പദ്ധതിപ്രകാരം തുക കൈപ്പറ്റുകയും തുക വീട് പണിയുന്നതിന് വിനിയോഗിച്ചതായി ബിൽഡിംഗ് ഇൻസ്പെക്ടർ സാക്ഷ്യപത്രം നൽകുകയും ചെയ്തിരിക്കുന്നു. കെട്ടിടത്തിന്റെ പ്ലാനിന് നഗരസഭയുടെ അംഗീകാരവും അനുവാദവും ലഭ്യമാക്കാതെ ധനസഹായം അനുവദിച്ച നടപടിയും ആയത് സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നടപടിയും ക്രമവിരുദ്ധമാണ്. ഇപ്രകാരം 6 വ്യക്തികൾക്കായി 2 ലക്ഷം രൂപ വിവിധ ചെക്കുകളിലായി 2003-04 വർഷം ചെലവഴിക്കുകയുണ്ടായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.I.3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

147. 2001-02, 2003-04 കാലയളവിൽ കൊച്ചി നഗരസഭയിൽ കെട്ടിട നിർമ്മാണങ്ങളുടെ പ്ലാൻ പാസ്സാക്കുന്നത് തടസ്സപ്പെടുത്തിക്കൊണ്ട് ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതുമൂലം പ്ലാനുകൾ പാസ്സാക്കുന്നതിന് സാധിക്കാത്ത സ്ഥിതിവിശേഷമായിരുന്നു നിലവിലുണ്ടായിരുന്നതെന്നും എന്നാൽ 2003 സെപ്റ്റംബർ മാസം സുപ്രീംകോടതി ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കിയതിനുശേഷം വാംബെ പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് കോർപ്പറേഷൻ സെക്രട്ടറി Occupancy Certificate നൽകിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

148. കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

149. **ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടായിരുന്നതിനാലാണ് കെട്ടിടങ്ങളുടെ പ്ലാൻ പാസ്സാക്കാതിരുന്നതെന്നും 2003 സെപ്റ്റംബർ മാസം ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി റദ്ദാക്കിയതിനുശേഷം വാംബേ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾക്ക് കോർപ്പറേഷൻ Occupancy Certificate നൽകിയിട്ടുണ്ടെന്നും ഉള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബി.പി.എൽ. ലിസ്റ്റിൽപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി**

(2001-02, 2003-2004 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 25)

21-1-2002-ലെ സർക്കാർ ഉത്തരവ് 269/02/എൽ.എസ്.ജി.ഡി. പ്രകാരം വാംബെ പദ്ധതിയിൽ ഉൾപ്പെടുന്നവരുടെ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പറയുന്നുണ്ട്. ഇപ്രകാരമുള്ള ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്ത 22 വ്യക്തികൾക്ക് 40,000 രൂപ വീതം ധനസഹായം നൽകാൻ 8,80,000 രൂപ നഗരസഭ 2003-04-ൽ ചെലവഴിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.I.3.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. 2002 വർഷത്തെ സർക്കാർ ഉത്തരവുപ്രകാരം നഗരസഭാപരിധിയിലുള്ള, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കൂടാതെ നഗരസഭാപരിധിയിലുള്ളവരും, വാസയോഗ്യമായ വീടില്ലാത്തവരും, ദരിദ്രരുമായ കുടുംബങ്ങളും വാംബെ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടെന്നും ഉത്തരവ്പ്രകാരം, ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രമേ വാംബെ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകാവൂ എന്ന് വ്യക്തമാക്കുന്നില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

151. **വാംബെ പദ്ധതിപ്രകാരം ആനുകൂല്യത്തിന് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ മാത്രമേ ആകാവൂ എന്ന് ഇത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങള ടങ്ങുന്ന 2002-ലെ സർക്കാർ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടില്ലെന്നും, പ്രത്യുത നഗരപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, വാസയോഗ്യമായ ഭവനങ്ങളില്ലാത്ത സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുമായ ജനവിഭാഗങ്ങളെ യാണ് ഗുണഭോക്താക്കളായി ലക്ഷ്യമിട്ടിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തി ലാണ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്തതുമായ കുടുംബാംഗങ്ങളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയതെന്നു മാണ് ഓഡിറ്റ് ഖണ്ഡികയ്ക്ക് നല്കിയ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. സർക്കാരിന്റെയും നഗരസഭയുടെയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യം നീക്കം—ക്വട്ടേഷൻ ഇല്ലാതെ കരാർ—1.5 കോടി അംഗീകരിക്കുന്നില്ല**

നഗരസഭയിൽ ഖരമാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് പ്രതിമാസം 12 ലക്ഷത്തിലധികം രൂപ ചെലവഴിക്കുന്നുണ്ട്. 2000-01-ൽ ഖരമാലിന്യം നീക്കംചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് കരാർ നൽകുകയും 2001-02, 2002-03 വർഷങ്ങളിൽ ക്വട്ടേഷൻ ക്ഷണിക്കാതെ അതേ ആളിന് തന്നെ നിയമങ്ങൾ ലംഘിച്ച് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ഖരമാലിന്യം നീക്കംചെയ്യാൻ ഉപയോഗിച്ച ലോറികളുടെ ട്രിപ്പ് ഷീറ്റ്, ഏതെല്ലാം ലോറികൾ, എത്ര സമയം, ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് ചവർ നീക്കി, ഡ്രൈവർമാർ ആരൊക്കെ എന്നീ വിശദാംശങ്ങൾ ഇല്ലാതെ 2002-03-ൽ നടത്തിയ 1,55,94,395 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ-3.3.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

152. 2000-01 വർഷം ചവർ നീക്കംചെയ്യുന്ന ലോറികൾ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നുള്ള ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ലഭിച്ച 1,549 രൂപയുടെ ക്വട്ടേഷൻ മുൻ വർഷത്തേക്കാൾ 25% കൂടുതലായിരുന്നെന്നും, വർദ്ധിച്ചുവരുന്ന ഡീസൽ വില കാരണം തുക കുറയ്ക്കാൻ കഴിയില്ലെന്നും എന്നാൽ വരുന്ന 3 വർഷത്തേക്ക്

ഇതേ തുകയ്ക്ക് കരാർ വയ്ക്കാമെന്നും കരാറുകാരൻ അറിയിച്ചുവെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

153. ഓരോ വർഷവും ക്വട്ടേഷൻ വിളിക്കുമ്പോൾ തുക വർദ്ധിച്ചുവരുന്നതായി കണ്ടതിനാലും ടി കാലങ്ങളിൽ അടിക്കടി ഡീസൽ വില വർദ്ധനവ് ഉണ്ടാകുന്നുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം കുറയ്ക്കുക എന്ന ഉത്തമ താൽപ്പര്യത്തോടെ മാത്രമാണ് കൗൺസിൽ അപ്രകാരം തീരുമാനമെടുത്ത തെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

154. ഗവൺമെന്റ് റിപ്പോർട്ടിന്റെയും സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം നടപടി ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

155. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6.5.2011-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

156. **നഗരസഭയിലെ ഖരമാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് 2000-2001-ൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷനാണ് ഹെൽത്ത് കമ്മിറ്റിയുടെ ശുപാർശപ്രകാരവും കൗൺസിൽ തീരുമാനപ്രകാരവും നഗരസഭ അംഗീകരിച്ചതെന്ന് സമിതിക്ക് ലഭ്യമായ മറുപടിയിൽനിന്നും വ്യക്തമാകുന്നു. ക്വട്ടേഷൻ ഉറപ്പിക്കുന്നതിനുമുമ്പ് നടത്തിയ നെഗോഷിയേഷനിൽ ക്വട്ടേഷൻ തുകയിൽ കുറവ് ആവശ്യപ്പെട്ടപ്പോൾ മുൻവർഷങ്ങളേക്കാൾ ഡീസൽ വിലയിൽ 35% വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും 20% വർദ്ധനവ് മാത്രമേ ക്വട്ടേഷൻ തുകയിൽ വരുത്തിയിട്ടുള്ളൂവെന്നും തുടർന്നുവരുന്ന മൂന്ന് വർഷത്തേക്ക് ഇതേ നിരക്കിൽത്തന്നെ വാഹനങ്ങൾ സപ്ലൈ ചെയ്യാമെന്നും കരാറുകാരൻ നിർദ്ദേശം വെച്ചതായി സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഡീസൽ വിലവർദ്ധനവ് പരിഗണിക്കുമ്പോൾ 2000-2001-ലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തുകയ്ക്ക് തന്നെ 2001-2002, 2002-2003 വർഷങ്ങളിലും വാഹനം സപ്ലൈ ചെയ്യാമെന്ന കരാറുകാരന്റെ ഓഫർ സ്വീകരിച്ച നഗരസഭയുടെ നടപടി ന്യായീകരിക്കത്തക്കതാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, മാലിന്യം നീക്കംചെയ്യുകയെന്നത് അത്യന്താപേക്ഷിതമായ കാര്യമാണെന്ന് സമിതിക്ക് ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ കരാർ ഉറപ്പിച്ചുകൊണ്ടുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടിശ്ശിക തുക നൽകാത്തതിനെതിരെ നൽകിയ കേസ്—കേസ് നടത്തിപ്പിലെ അപാകതകളും പാഴ്ച്ചെലവും**

[എൻ.എഫ്.സി.എൻ.(എസ്) : 503/06 25-9-2006 പ്രത്യേക കത്ത്]

നഗരസഭാപ്രദേശത്തെ ഖരമാലിന്യങ്ങൾ നിത്യേന നീക്കംചെയ്യുന്നതിന് 3-2-95-ൽ പോപ്പുലർ എൻവയോൺമെന്റ് മാനേജ്മെന്റ് സർവ്വീസ് എന്ന സ്ഥാപനവുമായി വ്യവസ്ഥകൾ പ്രകാരം ഒപ്പുവച്ച കരാറിന്റെ കാലാവധി 5 വർഷമാണെന്നിരിക്കെ കരാറുകാരൻ 24-2-98 വരെ മാത്രമേ നിർവ്വഹണം നടത്തിയതായി കാണുന്നുള്ളൂ. കരാറിലെ വ്യവസ്ഥപ്രകാരം 2-2-2000 വരെ കരാറുകാരൻ ഖരമാലിന്യം നീക്കംചെയ്യേണ്ടതാണ്.

ഖരമാലിന്യം നീക്കംചെയ്തതിന് 3,18,26,495.85 രൂപ ലഭിക്കേണ്ടതിൽ 2,09,85,758 രൂപ ലഭ്യമായെന്നും ബാക്കി 1,08,40,737.85 രൂപയും സെക്യൂരിറ്റി നിക്ഷേപം 4 ലക്ഷം രൂപയുമടക്കം 1,12,40,737.85 രൂപ ലഭിക്കുവാനുണ്ടെന്നും ആയതിന് 12-3-98 മുതൽ 12% പലിശ ലഭിക്കണമെന്നും കാണിച്ച് ഫയൽ ചെയ്ത കേസിൽ കോടതി നിർദ്ദേശപ്രകാരം 10 ലക്ഷം രൂപ 21-2-2006-ൽ നൽകിയിരിക്കെ, ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്നതുമായി ബന്ധപ്പെട്ട പ്രധാന ഫയലുകൾ കാണാതായി എന്നതിൽ ദുരൂഹതയുള്ളതായി ഓഡിറ്റിൽ കാണുന്നു. ഫയലുകൾ കണ്ടെത്തുന്നതിന് ഫലപ്രദമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ശരിയായ വസ്തുതാവിവരണപത്രിക തയ്യാറാക്കി സമർപ്പിക്കാൻപോലും കഴിഞ്ഞിട്ടില്ല. കേസിന്റെ ചെലവിലേക്കായി വക്കീലിന് 6,07,000 രൂപ നൽകുവാൻ കോടതി ഉത്തരവിട്ടിരിക്കെ മേൽപ്പറഞ്ഞ 10,99,654 രൂപ പൊതുപ്പണത്തിന്റെ പാഴ്ചെലവായി മാത്രമേ കാണാൻ കഴിയൂ.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

157. 1995-ൽ നഗരസഭയുടെ ചവർ നിർമ്മാർജ്ജനം M/s പോപ്പുലർ എൻവയോൺമെന്റ് മാനേജ്മെന്റ് സർവ്വീസസ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ഹെൽത്ത് ഇൻസ്പെക്ടർ സൂചിപ്പിക്കുന്ന ചവറ്റുകുട്ടയുടെ എണ്ണത്തിന്റെയടിസ്ഥാനത്തിൽ കൂലി നൽകാമെന്ന് തീരുമാനമാകുകയും ചെയ്തുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. 3 വർഷത്തിനുശേഷം സ്ഥാപനം 1,12,40,787 രൂപ കോർപ്പറേഷനോട് ആവശ്യപ്പെട്ടെങ്കിലും കോർപ്പറേഷൻ അതിനെതിരായി 2002-ൽ അഡീഷണൽ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു. എന്നാൽ കോർപ്പറേഷനെതിരെ വിധി വന്ന സാഹചര്യത്തിൽ 2003 മാർച്ചിൽ എതിർകക്ഷികളെ ഉൾപ്പെടുത്തി ബഹു.മേയറുടെ ചേമ്പറിൽ യോഗം ചേർന്ന് വിശദമായ പരിശോധനയ്ക്കുശേഷം 50,49,000 രൂപ ടി സ്ഥാപനത്തിന് നൽകാൻ തീരുമാനിക്കുകയുണ്ടായെന്നും ടി തീരുമാനം കൗൺസിൽ മുമ്പാകെ

സെപ്റ്റംബർ 2003-ന് വന്നുവെങ്കിലും 2005 വരെ യാതൊരു തീരുമാനവും കൈക്കൊള്ളാതെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തുവെന്നും കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു. ടി തുക, കോർപ്പറേഷൻ സ്ഥാപനത്തിന് നൽകാതിരുന്നതിനാൽ സ്ഥാപനം വീണ്ടും കേസ് ഫയൽ ചെയ്യുകയും, കോർപ്പറേഷൻ 67 ലക്ഷം രൂപ സ്ഥാപനത്തിന് നൽകണമെന്ന് വിധി വരുകയും ചെയ്തതിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ചെയ്തുവെന്നും 67 ലക്ഷം രൂപയുടെ സ്ഥാനത്ത് 50 ലക്ഷം രൂപ മാത്രം കോർപ്പറേഷൻ സ്ഥാപനത്തിന് നൽകിയാൽ മതിയെന്ന് വിധി നേടിയെടുക്കുകയും ചെയ്തുവെന്നും കോടതി ഫീസായി നൽകിയ 5,94,000 രൂപയിൽ 1,56,000 രൂപ തിരികെ നഗരസഭാ ഫണ്ടിൽ വരവ് വച്ചിട്ടുണ്ടെന്നും അതുപ്രകാരം കോർപ്പറേഷൻ സെക്രട്ടറി തുടർന്നറിയിച്ചു. ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി കോർപ്പറേഷൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

158. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

159. **നഗരസഭാപ്രദേശത്തെ ഖരമാലിന്യം നീക്കംചെയ്യുന്നതിന് നഗരസഭയും പോപ്പുലർ എൻവയോൺമെന്റ് മാനേജ്മെന്റ് സർവ്വീസ് എന്ന സ്ഥാപനവും ഒപ്പുവച്ച കരാറിലെ വ്യവസ്ഥപ്രകാരം 2000 ഫെബ്രുവരി 2-ാം തീയതിവരെ നഗരത്തിലെ ഖരമാലിന്യം നീക്കുവാനുള്ള ബാധ്യത പ്രസ്തുത സ്ഥാപനത്തിനുണ്ടായിരുന്നു. എന്നാൽ 1998 ഫെബ്രുവരി 24 വരെ മാത്രമേ ടി സ്ഥാപനം പ്രവർത്തിച്ചിട്ടുള്ളൂ. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവൃത്തിയിൽനിന്നും പിൻമാറിയ സ്ഥാപനത്തിന്റെ കണക്കനുസരിച്ച് പ്രവൃത്തിമൂല്യത്തിന്റെ ബാക്കി തുകയായ 1,08,40,737 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായ 4 ലക്ഷം രൂപയും ചേർത്ത് ആകെ 1,12,40,737 രൂപയാണ് സ്ഥാപനത്തിന് കിട്ടേണ്ടതെന്നായിരുന്നു അവകാശവാദമെങ്കിൽ, നഗരസഭയുടെ പക്കൽ തദവസരത്തിൽ ഇത് സംബന്ധിച്ച് വ്യക്തമായ ഒരു കണക്കുമില്ലായിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഭാരിച്ച ഒരു തുക അവകാശപ്പെട്ട് സ്ഥാപനമെത്തിയപ്പോൾ നടത്തിയ വിശദമായ പരിശോധനയിലാണ് 50,49,185 രൂപയാണ് നല്കേണ്ടതെന്ന് നഗരസഭയ്ക്ക് ബോധ്യപ്പെട്ടത്.**

**160. കരാർ വ്യവസ്ഥപ്രകാരം ആഴ്ചതോറും പ്രവൃത്തിമൂല്യം കണക്കാക്കി തുക നല്കാമായിരുന്നു എന്നിരിക്കെ ഇത്രയും ഭാരിച്ച ബാധ്യതയാകുന്നതുവരെ കാലതാമസം വരുത്തുകയും കോടതി വ്യവഹാരങ്ങളിലേക്ക് നയിച്ച് ആ ഇനത്തിൽ നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുകയും ചെയ്ത നഗരസഭയുടെ നടപടി ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്ഥാപനത്തിന് 67 ലക്ഷം രൂപ നല്കുവാനുള്ള കോടതിവിധിക്കെതിരെ അപ്പീൽ നല്കിയതിന്മേൽ അനുകൂലവിധി നേടി നഗരസഭയുടെ ബാധ്യത അമ്പത് ലക്ഷം രൂപയായി കുറയ്ക്കുവാൻ സാധിച്ചത് ആശ്വാസകരമായി എന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ, കരാർ വ്യവസ്ഥപ്രകാരം 2000 ഫെബ്രുവരി 2 വരെ പ്രവൃത്തി നടത്തേണ്ടിയിരുന്ന സ്ഥാപനം 1998-ൽ ആയതിൽനിന്നും പിൻവാങ്ങിയതിന്റെ**

**കാരണം സംബന്ധിച്ചോ കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല.**

**161. ഈ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തണമെന്ന് 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു രേഖകളും റിപ്പോർട്ടും ഓഡിറ്റിനോ സമിതിക്കോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കരാർ വ്യവസ്ഥപ്രകാരം ആഴ്ചതോറും നല്കേണ്ടിയിരുന്ന തുക നല്കാതെ നഗരസഭയ്ക്കു ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതിനും കോടതി വ്യവഹാരത്തിലൂടെ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതിനും ഇടയാക്കിയതിന്റെയും കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് കരാറുകാരൻ പ്രവൃത്തിയിൽനിന്നും പിൻവാങ്ങിയതിന്റേയും കാരണങ്ങളും കരാർ വ്യവസ്ഥ ലംഘിച്ചതിനുത്തരവാദി കരാറുകാരനാണെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തു നികുതി കുറവ് ചെയ്തു**

**[ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക—17 (എച്ച്)]**

നഗരസഭയുടെ 31-ാം ഡിവിഷനിലെ 31 കടമുറികൾക്ക് ഓരോന്നിലും 1-4-99 മുതൽ 1,118 രൂപ അർദ്ധവാർഷിക നികുതി ചുമത്തിയിരിക്കെ, റിവിഷൻ പെറ്റീഷൻ നഗരസഭ നിരസിച്ചതിനുശേഷം 10-3-2000-ൽ 915 രൂപയായും അപ്പീൽ പെറ്റീഷനിൽ 15-4-2000-ൽ 600 രൂപയായും കുറവ് ചെയ്തു. ആദ്യം നിരസിച്ച റിവിഷൻ പെറ്റീഷൻ യാതൊരു കാരണവും രേഖപ്പെടുത്താതെ വീണ്ടും പരിഗണിച്ച് വസ്തുനികുതി കുറവ് ചെയ്യുകയും നിർണ്ണയിച്ച നികുതി ഒടുക്കാതെ അപ്പീൽ പെറ്റീഷൻ അനുവദിച്ച് കുറവ് നൽകുകയും ചെയ്തതിനാൽ 1999-2000-ൽ രണ്ട് അർദ്ധവർഷത്തേക്കുമായി 32,116 രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 2005-2006-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

162. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 31 കടമുറികളുടെ വസ്തു നികുതി 6 മാസത്തേക്ക് 1,118 രൂപയായി നിജപ്പെടുത്തിയിരുന്നെന്നും അതിനെതിരെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യാനുള്ള അവകാശം വ്യക്തികൾക്കുണ്ടെന്നും അപ്രകാരം കക്ഷി ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അർദ്ധവാർഷിക നികുതി 915 രൂപയായി നിശ്ചയിക്കുകയും ചെയ്തുവെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. മേൽ ഉത്തരവിനെതിരെ കക്ഷി ടാക്സേഷൻ ആന്റ് ഫൈനാൻസ് കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കുകയും

ആയത് പരിഗണിച്ച് കെട്ടിടത്തിന്റെ അർദ്ധവാർഷിക നികുതി 600 രൂപയായി നിജപ്പെടുത്തിയെന്നും കക്ഷി കെട്ടിടം occupy ചെയ്ത അന്നുമുതൽ ടി നികുതി ഈടാക്കാൻ കമ്മിറ്റി തീരുമാനിച്ചുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

Kerala Municipality Taxation of Financial Rule, 1965 പ്രകാരം പഞ്ചവത്സര നികുതി നിർണ്ണയിച്ചശേഷം റിവിഷൻ പെറ്റീഷണർ അപ്പീൽ ഫയൽ ചെയ്യുമ്പോൾ, അപ്പോൾ നിർണ്ണയിച്ച നികുതിക്ക് മുൻപുള്ള പഞ്ചവത്സരനികുതി അടച്ചിരിക്കണമെന്നാണ് നിയമമെന്നും എന്നാൽ ഒരു പുതിയ കെട്ടിടത്തെ സംബന്ധിച്ചിടത്തോളം നികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ/നിലവിൽ നികുതി തീരുമാനിച്ചിട്ടില്ലാത്തതിനാൽ കക്ഷി ഫയൽ ചെയ്യുന്നതിന് മുൻപ് നികുതി അടവാക്കേണ്ടതില്ലെന്നും കോർപ്പറേഷൻ, അഡീഷണൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

163. റിവിഷൻ പെറ്റീഷൻ അഡ്മിറ്റ് ചെയ്യുന്നതിന് നികുതി അടയ്ക്കണമെന്ന് നിർബന്ധമില്ലെന്നും, എന്നാൽ ടാക്സ് അടവാക്കിയതിനുശേഷമേ അപ്പീൽ അഡ്മിറ്റ് ചെയ്യുകയുള്ളൂവെന്നുമാണ് നിലവിലുള്ള നിയമമെന്ന് എസ്.പി.എ.ഒ. വ്യക്തമാക്കി.

164. കോടതി ഉത്തരവ് എന്തുകൊണ്ടാണ് ഹാജരാക്കാത്തതെന്ന് സമിതി ആരാഞ്ഞതിന് ഉത്തരവ് ഉടൻ തന്നെ സമിതി മുമ്പാകെ ഹാജരാക്കാമെന്ന് സെക്രട്ടറി ഉറപ്പ് നൽകി.

165. വിഷയവുമായി ബന്ധപ്പെട്ട കോടതി വിധിയുടെ പകർപ്പ് ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

166. സമിതി നിർദ്ദേശമനുസരിച്ച് എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതായി 6-5-2011-ലെ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കത്ത് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

167. **നഗരസഭയുടെ 31-ാം ഡിവിഷനിലെ 31 കടമുറികൾക്ക് ഓരോന്നിനും ആദ്യം നിശ്ചയിച്ച അർദ്ധവാർഷിക നികുതി നിരക്കായ 1,118 രൂപ പിന്നീട് 915 രൂപയായും തുടർന്ന് 600 രൂപയായും പുനർനിശ്ചയിച്ചതായി സമിതിക്ക് ബോദ്ധ്യമാകുന്നു. ആദ്യം നിശ്ചയിച്ച നികുതി നിരക്ക് പുനഃപരിശോധിക്കണമെന്ന റിവിഷൻ പെറ്റിഷൻ നഗരസഭ നിരസിച്ചതിനെതിരെ സമർപ്പിച്ച പരാതിയിന്മേൽ നികുതി നിശ്ചയിച്ചുകൊണ്ടുള്ള റവന്യൂ ഓഫീസറുടെ ഉത്തരവ് ബഹു.ഹൈക്കോടതി അസാധുവാക്കിയതായും കക്ഷിയെ നേരിട്ട് കേട്ടതിനുശേഷം തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചതായും ഇതിന്റെ അടിസ്ഥാനത്തിൽ കക്ഷിയെ നേരിൽ കേട്ടതിനുശേഷമാണ് നികുതി 915 രൂപയായി കുറച്ചതെന്നും സർക്കാർ മറുപടിയിൽനിന്നും സമിതിക്ക് വ്യക്തമാകുന്നു. ടി ഉത്തരവിനെതിരെ നഗരസഭാ ടാക്സേഷൻ ആന്റ് ഫൈനാൻസ് കമ്മിറ്റിക്ക് വീണ്ടും കക്ഷി സമർപ്പിച്ച അപേക്ഷയിന്മേൽ നടത്തിയ വിചാരണയുടെ വെളിച്ചത്തിലാണ് നികുതി നിരക്ക് 600 രൂപയായി കുറച്ചതെന്നും വെളിപ്പെടുന്നു. നഗരസഭ നിശ്ചയിക്കുന്ന നികുതി നിരക്കിന്മേലുള്ള ആക്ഷേപം പരിശോധിച്ച് യുക്തമെന്ന് കരുതുന്നപക്ഷം കുറച്ച് കൊടുക്കുന്നതിന് നഗരസഭയ്ക്ക്**

**അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ വിഷയത്തിന്മേൽ നടപടിക്രമങ്ങൾ പാലിച്ചും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും നഗരസഭയുടെ അധികാരത്തിന്റെ പരിധിക്കുള്ളിൽനിന്നുമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും മറുപടികളിൽനിന്ന് സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്കാധാരമായ കോടതി ഉത്തരവ് ഓഡിറ്റിന് നല്കുവാൻ 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത കോടതി ഉത്തരവ് ലഭ്യമാക്കിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ രേഖാമൂലം സമിതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

168. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്കുകളുടെ ഓഡിറ്റ് വേളയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചയാണ് മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും ഇടയാക്കുന്നതെന്ന് പരാമർശിത ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാസമയത്ത് സമിതി മനസ്സിലാക്കുന്നു. സമിതി യോഗത്തിൽ നല്കിയ വിശദീകരണത്തിന് ആധാരമായ രേഖകൾ ഓഡിറ്റ് വേളയിൽതന്നെ നൽകിയിരുന്നുവെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കപ്പെടുമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിനെ ഗൗരവമായി വീക്ഷിക്കണമെന്നും ഓഡിറ്റിനാവശ്യമായ രേഖകളും വിവരങ്ങളും യഥാസമയം നല്കി ഓഡിറ്റ് പരാമർശങ്ങൾ പരമാവധി ഒഴിവാക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പ് പ്രത്യേക താല്പര്യമെടുത്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കണമെന്നും അവ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെൻഷൻ വിതരണത്തിൽ ക്രമക്കേടുകൾ**

[2002-b(2) ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 7 എ]

നഗരസഭയിൽ വിവിധ പെൻഷനുകളുടെ വിതരണത്തിലുള്ള ക്രമക്കേടുകൾ—വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) സർവ്വീസ് പെൻഷൻ, കുടുംബപെൻഷൻ വിതരണത്തിൽ തുക കൈപ്പറ്റിയ വ്യക്തികളുടെ ഒപ്പ് ശരിയല്ലാത്തതിനാലും കൈപ്പറ്റ് രസീത് ഇല്ലാത്തതിനാലും പെൻഷൻ തുക കൈപ്പറ്റിയതായി രേഖയില്ലാത്തതിനാലും 3,03,349 രൂപ അംഗീകരിക്കുന്നില്ല.

(2) സർവ്വീസ് പെൻഷൻ കൈപ്പറ്റാതെ രജിസ്റ്ററിൽ പാസ്സാക്കി നൽകിയതുവഴിയും 16,743 രൂപയുടെ നഷ്ടം 9/03 മുതൽ 6/04 വരെയുള്ള കാലയളവിൽ മരണമടഞ്ഞയാളുടെ പെൻഷൻ വ്യാജ ഒപ്പിട്ട് തിരിമറി നടത്തിയതായി കാണുന്നതിനാൽ 24,757 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(3) സർവ്വീസ് പെൻഷൻകാർക്ക് പെൻഷൻ, ക്ഷാമബത്ത കുടിശ്ശിക എന്നീ ഇനങ്ങളിൽ അർഹമായതിൽ കൂടുതൽ നൽകിയതുവഴി 8,937 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

169. വിഷയം സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

170. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003, 2003-2004 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കൊച്ചി നഗരസഭയിൽ സർവ്വീസ് പെൻഷൻ, കുടുംബപെൻഷൻ എന്നിവ വിതരണം ചെയ്തതിൽ ആകെ 3,53,786 രൂപയുടെ ക്രമക്കേടുകൾ പരാമർശിച്ചിരിക്കുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥനിൽനിന്നും നാളിതുവരെയായി 1,35,955 രൂപ മാത്രമാണ് നഗരസഭ ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. പരാമർശ വിധേയമായ കാലയളവിൽ കൊച്ചി നഗരസഭാ ജീവനക്കാരനായിരുന്ന വ്യക്തി കോട്ടയം നഗരസഭയിലേക്ക് സ്ഥലംമാറി പോകുകയും പിന്നീട് സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തതായി സർക്കാർ മറുപടിയിൽനിന്നും മനസ്സിലാക്കുന്നു. പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാനുള്ള ബാധ്യതാ തുകയായ 1,30,956 രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും ഈടാക്കുവാനായി തടഞ്ഞുവെച്ചിട്ടുണ്ടെങ്കിലും ടി തുക കോട്ടയം നഗരസഭയിൽനിന്നും കൊച്ചി നഗരസഭയ്ക്ക് ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ആയതിനാൽ, ടി ജീവനക്കാരനിൽനിന്നും തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങളിൽനിന്ന് പ്രസ്തുത തുക ഈടാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആയത് നാളിതുവരെ ഈടാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഗരസഭയ്ക്ക് ലഭിക്കുവാനുള്ള അവശേഷിക്കുന്ന തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തി—അപാകതകൾ**

(ഓഡിറ്റ് റിപ്പോർട്ട് 2003-04, ഖണ്ഡിക നമ്പർ 6)

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-11-1999-ലെ 44825/ബി.2/99/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർപ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 223 പ്രകാരവും സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ മുനിസിപ്പൽ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ദിവസക്കൂലി അടിസ്ഥാനത്തിൽ ക്ലാർക്കുമാരെ നിയമിക്കുന്നതിന് അനുമതി തേടിയ മേയറുടെ കത്തിന് തദ്ദേശസ്വയംഭരണ (എ) വകുപ്പിന്റെ 5-2-2001-ലെ 3949/എ/01/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം നിലവിലുള്ള ജീവനക്കാരുടെ സേവനം

ശാസ്ത്രീയമായി പുനർവിന്യാസം ചെയ്ത് വിനിയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച ക്ലാർക്കുമാരെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം പിരിച്ചുവിടുന്നതിനും മേലിൽ സർക്കാരിന്റെ മുൻകൂട്ടി അനുവാദ മില്ലാതെ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ പാടില്ലായെന്നും ഇതിന് വീഴ്ച വരുത്തുന്നപക്ഷം സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്നും 2-8-2001-ലെ തദ്ദേശസ്വയംഭരണ (എ) വകുപ്പിന്റെ 8263/എ2/01/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

എന്നാൽ, മേൽ ഉത്തരവുകൾക്കെല്ലാം വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നിലവിലില്ലാത്ത തസ്തികയിലേക്ക് കൗൺസിൽ തീരുമാനപ്രകാരം കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നൽകിയതുവഴി 2003-04 വർഷത്തിൽ 15,22,487 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.1.)

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

171. മുനിസിപ്പാലിറ്റി ആക്ട്പ്രകാരം മുനിസിപ്പാലിറ്റിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിക്ക് അധികാരമില്ലെന്നും പീപ്പിൾസ് പ്ലാനിംഗിനായി കൗൺസിൽ 6 ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 2000-01-ൽ മേയർ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് അനുമതി തേടിയ അവസരത്തിൽ അവ അംഗീകൃത തസ്തികകളിലല്ലാത്തതിനാൽ അപ്രകാരം നിയമനം നടത്താൻ കോർപ്പറേഷന് അധികാരമില്ലെന്ന് അറിയിച്ചതായും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് തടസ്സപ്പെടുത്തിയ 185 വൗച്ചറുകൾ 12 മാസംകൊണ്ട് വിവിധ തസ്തികകളിൽ ആൾക്കാരെ വച്ച് ജോലി ചെയ്യിച്ചതിന്റെയാണെന്നും ഈ 15 പോസ്റ്റുകളിൽ രണ്ടോ മൂന്നോ പോസ്റ്റുകൾ മാത്രമേ സാങ്ഷൻഡ് പോസ്റ്റ് അല്ലാതെയുള്ളൂവെന്നും 2006 വർഷത്തിൽ സർക്കാരിൽനിന്നും ലഭിച്ച കത്തിൽ സി.എൽ.ആർ. അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടെന്നും അതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. അംഗീകൃത തസ്തികയിലില്ലാത്ത എത്രപേർക്ക് ശമ്പളം നൽകിയിട്ടുണ്ടെന്ന് ഓഡിറ്റുകൾ വ്യക്തമാക്കിയിട്ടില്ലെന്നും ടി വ്യക്തികൾക്ക് നൽകിയ തുക മുനിസിപ്പൽ ഫണ്ടിൽനിന്നുമാണ് നൽകിയത് എന്ന കാരണത്താൽ കോർപ്പറേഷന് ന്യായീകരണമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

172. വളരെ അത്യാവശ്യ സാഹചര്യങ്ങളിലാണ് ഡെയ്‌ലിവേജസ് അടിസ്ഥാനത്തിൽ ആളെ നിയമിക്കുന്നതെന്നും, അപ്രകാരം നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ പരസ്പര വിരുദ്ധമായ അഭിപ്രായങ്ങളാണ് നൽകിയിരിക്കുന്നതെന്നും കരാറടിസ്ഥാന ത്തിൽ ആളെ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്നറിയിച്ച് 6-3-2005-ൽ സർക്കാരിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

173. ഓഡിറ്റ് പരാമർശത്തിന് വിധേയമായ കാലഘട്ടത്തിൽ അംഗീകാരമില്ലാത്ത/അംഗീകാരമുള്ള തസ്തികകൾ എത്രയെന്നും ഈ തസ്തികകളിൽ ജോലി നോക്കിയവർ എത്രയെന്നും ഇവർക്ക് നൽകിയ വേതനം എത്രയെന്നതും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാൻ സമിതി ശുപാർശ ചെയ്യുന്നു.

174. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

175. **കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേക്കാണ് ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയ നഗരസഭാ അഡീഷണൽ സെക്രട്ടറി കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ബിൽ കളക്ടർ തുടങ്ങിയ തസ്തികകളിൽ അല്ലാതെയും നിയമനം നടത്തിയിട്ടുള്ളതായി പറയുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ള 15,22,487 രൂപ ചെലവഴിച്ചിട്ടുള്ളത് 2003-2004 സാമ്പത്തികവർഷത്തിലാണ്. എന്നാൽ, ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്ന് വാദിച്ചുകൊണ്ട് ക്രമവിരുദ്ധമായ ഈ ചെലവിന് സർക്കാരിന്റെ 2006-ലെ ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് നഗരസഭ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതായാണ് സമിതി കാണുന്നത്. ഇത്തരം നിയമനങ്ങൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കുവാൻ സമിതിമുമ്പാകെ ഹാജരായ നഗരസഭയുടെ അഡീഷണൽ സെക്രട്ടറിക്ക് കഴിഞ്ഞില്ല. ആയതിനാൽ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമനകാലാവധി എന്നിവ സംബന്ധിച്ച രേഖകളും 2003-2004 സാമ്പത്തികവർഷം ഇത്തരത്തിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം, തസ്തികകൾ (Sanctioned post & others), കാലയളവ്, ശമ്പളം നല്കിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവയും ഓഡിറ്റ് വകുപ്പിനും ആയതിന്മേലുള്ള റിപ്പോർട്ട് സമിതിക്കും നല്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു.**

176. **എന്നാൽ, സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഈ സമീപനത്തെ സമിതി അപലപിക്കുകയും മേല്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. പരാമർശവിധേയമായ മേല്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ സർക്കാർ അനുമതിയോ നഗരസഭാ കൗൺസിലിൽ തീരുമാനമോ ഇല്ലാതെയാണ് പുതിയ തസ്തികകൾ**

**സൃഷ്ടിക്കപ്പെട്ടതെങ്കിൽ ആ ഇനത്തിലുണ്ടായ തുക ഉത്തരവാദികളായ നഗരസഭാ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

177. **നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ, സർക്കാരിന്റെ അനുമതി കൂടാതെ സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിനു നല്കിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാവില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത്, നിർത്തിവയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യ വകുപ്പും സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അപകടമരണ ഇൻഷ്വറൻസ് പദ്ധതി—സർക്കാർ അനുമതി വാങ്ങിയില്ല.**

(ഓഡിറ്റ് റിപ്പോർട്ട് 2003-04, ഖണ്ഡിക നമ്പർ 38)

കൊച്ചി നഗരസഭ അതിർത്തിയിലെ സ്ഥിരതാമസക്കാർക്കായി 1995-96 വർഷം മുതൽ അപകട മരണ ഇൻഷ്വറൻസ് പദ്ധതി നഗരസഭ ആരംഭിച്ചു. 7 ലക്ഷം രൂപ ചെലവഴിച്ച് തുടങ്ങിയ ടി പദ്ധതിക്കായി തുടർന്നുള്ള വർഷങ്ങളിൽ ഭീമമായ തുക പ്രീമിയം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 5 വയസ്സിനുമേൽ പ്രായമായ ഒരാൾക്ക് 40,000 രൂപ ഇൻഷ്വറൻസ് തുക നൽകുന്ന ഇൻഷ്വറൻസ് പദ്ധതി 1-5-2001 മുതൽ ഒരു വർഷത്തേക്ക് നടപ്പാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് 18-8-2003-ൽ ചെക്ക് നമ്പർ 9121 പ്രകാരം 35,70,531 രൂപ നൽകി പദ്ധതി ആരംഭിക്കുകയും ചെയ്തു. ടി നടപടികൾക്ക് ഒന്നുംതന്നെ മുൻകൂർ സർക്കാർ അനുമതി നേടിയിട്ടില്ല. 10-9-1998-ലെ 37804/പി-3/98 എൽ.എ.ഡി. നമ്പർ സർക്കുലർപ്രകാരം കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ നടപ്പിലാക്കാൻ പാടില്ലാ എന്നതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ അപേക്ഷ പ്രകാരം 1995-96 വർഷം നഗരസഭാഫണ്ടിൽനിന്നും 7 ലക്ഷം രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകിയ 17-10-2000-ലെ ജി.ഒ.(പി) 4187/00/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ഇത്തരം നടപടികൾ സ്വീകരിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ ഉത്തരവിന് വിരുദ്ധമായി കൗൺസിൽ തീരുമാനപ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി 18-8-2003-ൽ 35,70,531 രൂപ ചെലവഴിച്ച നടപടി സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

178. കൊച്ചി കോർപ്പറേഷൻ 1995-96 വർഷം ആരംഭിച്ച അപകട ഇൻഷ്വറൻസ് പദ്ധതിക്കായി 7 ലക്ഷം രൂപ മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവാക്കിയെന്നും ടി സ്കീം പ്രകാരം കോർപ്പറേഷൻ പരിധിയിൽ താമസിക്കുന്ന ആളുകൾക്ക് 40,000 രൂപ വീതം അപകട ഇൻഷ്വറൻസ് നൽകാനായിരുന്നു ഉദ്ദേശമെന്നും 2000-ലെ സർക്കാർ ഉത്തരവുപ്രകാരം പദ്ധതി അംഗീകരിച്ചിരുന്നുവെന്നും കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

179. 2003-ൽ സമാനരീതിയിലുള്ള പദ്ധതി കോർപ്പറേഷൻ ആരംഭിക്കുകയും ഓറിയന്റൽ ഇൻഷ്വറൻസ് നൽകിയ 35 ലക്ഷം രൂപയുടെ ക്വട്ടേഷനായിരുന്നു ഏറ്റവും കുറവെങ്കിലും 2004-05-ൽ പദ്ധതി നിർത്തിവയ്ക്കുകയും ചെയ്തതിനാൽ സർക്കാർ സാധൂകരണം ലഭിച്ചില്ലെന്നും സാധൂകരണത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും അപ്രകാരമാണ് ഓഡിറ്റ് തടസ്സം ഉടലെടുത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വേണ്ടത്ര ഗുണങ്ങൾ ഇല്ലാത്തതുകൊണ്ട് ഇത്തരമൊരു പദ്ധതി മേലിൽ ആരംഭിക്കരുതെന്നും സർക്കാർ നയം വ്യക്തമാക്കിയിരുന്നുവെന്നും എന്നിട്ടും വീണ്ടും അപ്രകാരം ആവർത്തിച്ചത് നിയമവിരുദ്ധമായ പ്രവൃത്തിയാണെന്നും S.P.A.O. സമിതിയിൽ വിശദീകരിച്ചു.

180. കൗൺസിലിന്റെ അംഗീകാരത്തോടെയാണോ പദ്ധതി വീണ്ടും ആരംഭിച്ചതെന്നും സെക്രട്ടറി ഗവൺമെന്റ് ഡയറക്ഷൻ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, കൗൺസിലിന്റെ അംഗീകാരത്തോടെയാണ് പദ്ധതി ആരംഭിച്ചതെന്നും സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് ഫയലിലില്ലെന്നും സെക്രട്ടറി മറുപടി നൽകി.

181. 17-10-2000-ലെ കത്ത് മുഖേന ഇത്തരത്തിലുള്ള പദ്ധതികൾ ആരംഭിക്കരുതെന്ന് സർക്കാർ ഉത്തരവ് നൽകിയതിനുശേഷം 77 ലക്ഷം രൂപ കോർപ്പറേഷൻ ഇപ്രകാരം നൽകിയിട്ടുണ്ടെന്നും, അതുമൂലം എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ലെന്നും S.P.A.O. കൂട്ടിച്ചേർത്തു.

182. അന്നത്തെ സെക്രട്ടറി ശ്രീ. സി. ഇ. ബഷീർ എന്തുകൊണ്ട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയില്ലെന്നും, ആയതിനാൽ കൗൺസിലിനോടൊപ്പം എന്തുകൊണ്ട് ഉത്തരവാദിത്വം ചുമത്തി ഇതിനായി ചെലവഴിച്ച തുക തുല്യമായി ഈടാക്കിക്കൂടാ എന്നും കാണിച്ച് ടിയാന് ഷൊക്കോസ് നോട്ടീസ് നൽകി ടിയാന്റെ മറുപടി 15 ദിവസത്തിനകം ലഭ്യമാക്കി വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

183. ഇതു സംബന്ധിച്ച് 6-5-2011-ലെ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

184. **കൊച്ചി നഗരസഭ 1995-96-ൽ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി 7 ലക്ഷം രൂപ ചെലവഴിക്കുകയും ഓഡിറ്റ് തടസ്സം ഉന്നയിച്ച പശ്ചാത്തലത്തിൽ ടി ചെലവിന് സർക്കാരിന്റെ സാധൂകരണം തേടുകയും ചെയ്ത സന്ദർഭത്തിൽ നഗരസഭ ഇൻഷ്വറൻസ് പദ്ധതിക്കായി ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നല്കിയെങ്കിലും മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതികൂടാതെ ഇത്തരംനടപടികൾ സ്വീകരിക്കുവാൻ പാടില്ലെന്ന് 17-10-2000-ലെ ഉത്തരവ് മുഖേന അറിയിച്ചിരുന്നതായി സമിതിക്ക് ബോധ്യപ്പെടുന്നു. എന്നാൽ, പ്രസ്തുത ഉത്തരവിന് വിരുദ്ധമായി കൗൺസിൽ തീരുമാനപ്രകാരം സർക്കാർ അനുമതി ഇല്ലാതെ 18-8-2003-ൽ അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി 35,70,531 രൂപ വീണ്ടും ചെലവഴിച്ചിരിക്കുന്നു. ഇൻഷ്വറൻസ് പദ്ധതിക്ക് മുൻകൂർ അനുമതി ഇല്ലാതെ തുക ചെലവഴിക്കുന്നത് വിലക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനുശേഷവും നാലുപ്രാവശ്യമായി 77 ലക്ഷം രൂപ നഗരസഭ ചെലവഴിച്ചിട്ടുള്ളതായി കാണുന്നുവെന്ന് 7-12-2010-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി. നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് നിരീക്ഷിക്കുന്നതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതിപ്പണം ചെലവാക്കിയതിന് നഗരസഭാ കൗൺസിലർമാർ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. അപകടമരണ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിക്കുണ്ട്. മാത്രമല്ല സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി കൗൺസിൽ തീരുമാനമെടുക്കുന്ന പക്ഷം ബന്ധപ്പെട്ട ഫയലിൽ വിയോജനക്കുറിപ്പ് എഴുതേണ്ട ബാധ്യതയും സെക്രട്ടറിക്കുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ അത്തരമൊരു നടപടി സ്വീകരിച്ചതായി യാതൊരു രേഖയും കാൺമാനില്ല എന്നാണ് നഗരസഭാ സെക്രട്ടറിയും ഫിനാൻസ് ഓഫീസറും സമിതിമുമ്പാകെ വെളിപ്പെടുത്തിയത്. ഇൻഷ്വറൻസ് പദ്ധതിക്കായി 77 ലക്ഷം രൂപ ചെലവഴിച്ചിട്ട് ആയതിന്റെ ഗുണഫലം ലഭ്യമായതുമായ യാതൊരു രേഖകളും ഫയലിൽ കാണുന്നില്ലായെന്നും പദ്ധതി ആനുകൂല്യത്തിന് ആകെ കിട്ടിയ രണ്ട് അപേക്ഷകളും നിരസിച്ചിട്ടുള്ളതായി മാത്രമാണ് കാണുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചിരിക്കുന്നു.**

185. **ഈ സാഹചര്യത്തിൽ, അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച കൗൺസിലർമാരിൽനിന്നും ഈടാക്കുന്നതോടൊപ്പം ഈടാക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ അന്നത്തെ നഗരസഭാ സെക്രട്ടറിക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി പതിനഞ്ചു ദിവസത്തിനകം റിപ്പോർട്ട് ചെയ്യുവാൻ 7-12-2010-ൽ ചേർന്ന സമിതിയോഗം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-5-2011-ലെ റിപ്പോർട്ട് പ്രകാരം 22-2-2011-ന് മാത്രമാണ് കാരണം**

**കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതെന്നും സമിതി നിർദ്ദേശത്തിന്മേൽ സമയബന്ധിതമായുള്ള നടപടിയോ തുടർനടപടിയോ സ്വീകരിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.**

186. **ആയതിനാൽ അപകടമരണ ഇൻഷ്വറൻസ് പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതികൂടാതെ നടപ്പിലാക്കരുതെന്ന 17-10-2000-ലെ സർക്കാർ ഉത്തരവിനുശേഷം നഗരസഭ ഏറ്റെടുത്ത ഇൻഷ്വറൻസ് പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നതിനും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 35,70,531 രൂപ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്ത വേളയിലെ നഗരസഭാ കൗൺസിൽ യോഗത്തിൽ ഹാജരായിരുന്ന കൗൺസിൽ അംഗങ്ങളിൽനിന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും തുല്യമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനം—അധികം ചെലവ് അംഗീകരിക്കുന്നില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 37)

(1) കൊച്ചി നഗരസഭ വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ 50 ദിവസങ്ങൾ, 10 കുതിരശക്തി മോട്ടോറുകൾ പ്രവർത്തിപ്പിച്ച് വെള്ളക്കെട്ട് നിർമ്മാർജനംചെയ്യുവാൻ തീരുമാനിക്കുകയും കുറഞ്ഞ ക്വട്ടേഷൻ നൽകിയ കരാറുകാരന് ജോലി ഏൽപ്പിക്കുകയും ചെയ്തു. സർക്കാർ നിരക്കിന് വിരുദ്ധമായിട്ടാണ് മോട്ടോറുകളുടെ പ്രതിദിന വാടക ഈടാക്കുന്നത്. 3 ഷിഫ്റ്റിലായി 50 ദിവസങ്ങൾ കരാർ ജോലികൾ നടത്തിയെങ്കിലും ഡി.എൽ.ആർ. തൃപ്തികരമായി ജോലി നിർവ്വഹിച്ചു എന്ന് തെളിയിക്കുന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധിക നിരക്കുമൂലം ചെലവഴിച്ച തുക 1,23,108 രൂപ ഓഡിറ്റിൽ അനുവദിച്ചിട്ടില്ല.

(2) കൊച്ചി നഗരസഭ വെള്ളക്കെട്ട് നിയന്ത്രണപ്രവർത്തനങ്ങളുടെ ഭാഗമായി ആകെ 50 ദിവസങ്ങൾ 100/125 കെ.വി. ജനറേറ്റർ ഉപയോഗിച്ചുകൊണ്ട് വെള്ളം പമ്പ് ചെയ്തുകളയുന്ന ജോലിയിൽ പ്രസ്തുത ജനറേറ്ററിന് നിലവിലുള്ള പ്രതിദിന വാടക 1,500 രൂപയാണെന്നിരിക്കെ 4,000 രൂപ പ്രതിദിന വാടക നൽകുയും ഡി.എൽ.ആറോ., വകുപ്പ് തലവനിൽനിന്ന് സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധിക നിരക്കുമൂലം ചെലവഴിച്ച തുക 1,17,700 രൂപ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

187. KSRTC ബസ്സ്റ്റാന്റിന്റെ സമീപപ്രദേശങ്ങളിലുള്ള വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 10 HP മോട്ടോർ, 50 ദിവസങ്ങൾ പ്രവർത്തിപ്പിച്ച് വെള്ളം പമ്പ് ചെയ്ത് കളയുവാൻ തീരുമാനിക്കുകയും, ആയതിലേക്കായി ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവുംകുറഞ്ഞ റേറ്റായ പ്രതിദിനം 4,000 രൂപ നിരക്കിന് മോട്ടോർ വാടകയ്ക്ക്

എടുക്കുകയും ചെയ്തുവെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ജനറേറ്റർ, മോട്ടോർ എന്നിവയുടെ വാടകയും, കൂലിയും ഉൾപ്പെടെ പ്രതിദിനം 6,747 രൂപയ്ക്ക് M/S Cochin Tech Engineering Industries പ്രവൃത്തിയേറ്റെടുക്കുകയുണ്ടായെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

188. 1,500 രൂപ പ്രതിദിന വാടകയ്ക്ക് മോട്ടോർ ലഭിക്കുമായിരുന്നിട്ടും 4,000 രൂപ നിരക്കിൽ മോട്ടോർ വാടയ്ക്ക് എടുത്ത നടപടിയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തെന്നും, എന്നാൽ 1,500 രൂപ വാടകയ്ക്ക് ലഭിക്കുന്നത് 10 HP മോട്ടോർ ആയിരിക്കില്ലെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ശരിയല്ലെന്നും സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

189. പ്രതിദിന വാടകയായ 6,747 രൂപയ്ക്ക് തൊഴിലാളികളുടെ കൂലികൂടി ഉൾപ്പെട്ടിട്ടുള്ളതിനാലാണ് DLR സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതിരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

190. പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി നൽകുവാനും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

191. ഇതുസംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്നും ലഭിച്ച മറുപടി അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

192. **കൊച്ചി നഗരസഭയുടെ വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിന് സമീപത്തുള്ള വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിന് 10 HP മോട്ടോർ 125 കെ.വി. ജനറേറ്റർ ഉപയോഗിച്ച് പ്രവർത്തിപ്പിച്ചതിന്റെ പ്രതിദിന നിരക്ക് 6,747 രൂപയായിരുന്നുവെന്നും ഇതിൽ ജനറേറ്റർ, മോട്ടോർ, ലേബർ എന്നിവയെല്ലാം അടങ്ങുന്നുവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 1,500 രൂപ നിരക്കിൽ ലഭ്യമാകുന്ന ജനറേറ്റർ ഉപയോഗിച്ച് 10 HP മോട്ടോർ പ്രവർത്തിപ്പിക്കാനാവില്ലെന്നും പ്രവൃത്തിക്കാണ് ക്വട്ടേഷൻ നല്കിയിട്ടുള്ളതെന്നും ആയതിനാൽ ഡി.എൽ.ആർ. തയ്യാറാക്കലിന്റെ ആവശ്യമുണ്ടായിരുന്നില്ലെന്നും സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. നഗരസഭാ സെക്രട്ടറി നല്കിയ വിശദീകരണം ന്യായയുക്തമായി കരുതാമെങ്കിലും ആയതിനാധാരമായ യാതൊരു രേഖയും ഓഡിറ്റിനോ സമിതി മുമ്പാകെയോ സമർപ്പിക്കുകയുണ്ടായില്ല. ഈ വിഷയം സംബന്ധിച്ച ഫയലുകളും മറ്റ് രേഖകളും പതിനഞ്ച് ദിവസത്തിനകം ഓഡിറ്റിന് സമർപ്പിക്കുവാൻ 7-12-2010-ലെ സമിതിയോഗം നഗരസഭാ സെക്രട്ടറിയോടാവശ്യപ്പെട്ടുവെങ്കിലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ അവ ലഭ്യമാക്കിയിട്ടില്ലെന്നും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് അടിയന്തര പ്രാധാന്യത്തോടെ വെള്ളക്കെട്ട് നിയന്ത്രണപ്രവർത്തനം ഏറ്റെടുത്തതെന്നും, നഗരസഭ പ്രവൃത്തി നേരിട്ട് ചെയ്യാതിരുന്നതിനാലും, പുറത്തുള്ള ഏജൻസി പ്രവൃത്തി പൂർണ്ണമായും ചെയ്തതിനാലുമാണ് ഡി.എൽ.ആർ. എഴുതാതിരുന്നത് എന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ്**

**ഡയറക്ടർ സമിതിയെ അറിയിച്ചിരിക്കുന്നു. ബഹു. കേരള ഹൈക്കോടതിയുടെ ജഡ്ജ്മെന്റിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡംപിംഗ് ഗ്രൗണ്ടിൽ ഗാർബേജിനുമുകളിൽ ചുവന്ന മണ്ണ് വിരിക്കുന്ന പ്രവൃത്തി-അധിക തുക നൽകി**

(ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 41)

കൊച്ചി നഗരസഭയുടെ ചേരാനെല്ലൂർ, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിലെ ഗാർബേജ് ഡംപിംഗ് ഗ്രൗണ്ടിൽ 5-2-2003 മുതൽ 180 ദിവസത്തേക്ക് നിക്ഷേപിക്കുന്ന ചപ്പുചവറുകൾക്ക് മീതേ ചുവന്ന മണ്ണ് അധികമായി വിരിക്കുകയും ഇതിന്റെ വിലയായി 9,21,979.73 രൂപ ചെലവഴിക്കുകയും ചെയ്തു. ടി മണ്ണിനുമീതേ 180/എ.3 ക്വാറി പൊടിവിരിച്ചതിന് 292.32/-എം.3 എന്ന നിരക്കിൽ 52,617.60 രൂപയും ചപ്പ് ചവറുകൾക്ക് മീതേ തളിക്കുന്നതിന് നുവാൻ എന്ന കീടനാശിനിക്ക് മാർക്കറ്റ് നിരക്കിൽ അധികതുകയും നൽകിയതുമൂലം 2,145 രൂപയുടേയും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം 9,76,742.33 രൂപയിൽ ടെൻഡർ റിഡക്ഷൻ കിഴിച്ച് 9,37,673 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

193. 24-1-2003 മുതൽ 11-9-2006 വരെയുള്ള കാലയളവിലുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും നേവി ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മിനിമം 15 സെ.മീ. കനത്തിൽ മണ്ണിടുമെന്ന് ഉറപ്പുനൽകിയതനുസരിച്ചാണ് അപ്രകാരം ചെയ്തതെന്നും കോർപ്പറേഷൻ പ്രോജക്ട് എഞ്ചിനീയർ ശ്രീ. നഹാസ് സമിതിയിൽ വിവരിച്ചു.

194. രണ്ടാമത്തെ ഓഡിറ്റ് പരാമർശം ചവറിന്റെ അളവ് സംബന്ധിച്ചായിരുന്നെന്നും പ്രസ്തുത കാലയളവിൽ 1050 ദിവസമേയുള്ളൂ എന്ന് ഓഡിറ്റുകാർ പരാമർശിച്ചിരിക്കുന്നത് ശരിയല്ലെന്നും യഥാർത്ഥത്തിൽ 1324 ദിവസം വരുന്നുണ്ടെന്നും ഒരു ദിവസം 169 ടൺ വേസ്റ്റ് വരുമെന്നും ഒരു ലോഡ് എന്നത് രണ്ട് ടൺ എന്ന് കണക്കനുസരിച്ച് 84 ലോഡ്/ട്രിപ്പ് വന്നാൽ മാത്രമേ 169 ടൺ വേസ്റ്റ് വരുകയുള്ളൂവെന്നും ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന 38 ലോഡ് എന്നത് തെറ്റാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

195. കീടനാശിനി രണ്ട് റേറ്റിൽ വാങ്ങിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ഒരേ സാധനത്തിന് പല സ്ഥലങ്ങളിൽനിന്ന് പല റേറ്റുകൾ ലഭിക്കാറുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

196. പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി നൽകണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

197. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമായിട്ടുള്ള മറുപടി അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**198. കൊച്ചി നഗരസഭയുടെ ചേരാനല്ലൂർ, വെല്ലിംഗ്ടൺ എന്നിവിടങ്ങളിലെ ഗാർബേജ് ഡംപിംഗ് ഗ്രൗണ്ടിൽ നിക്ഷേപിക്കപ്പെട്ട ചപ്പുചവറുകൾക്ക് മീതെ 15 മുതൽ 20 വരെ സെ.മീ. കനത്തിൽ ചുവന്നമണ്ണ് വിരിച്ചത് പ്രദേശവാസികളുമായും നാവിക ഉദ്യോഗസ്ഥരുമായും നഗരസഭ നടത്തിയ ചർച്ചയിലെ ധാരണയുടെ അടിസ്ഥാനത്തിലാണെന്നും ലോറി സുഗമമായി പോകുന്നതിനാണ് ക്വാറി ഡസ്റ്റ് വിതറിയതെന്നുമുള്ള നഗരസഭയുടെ വിശദീകരണം പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സെന്റ് ബെനഡിക്റ്റ് റോഡിന്റെ വശത്തുള്ള കാനപുതുക്കൽ—ഭരണാനുമതിയോ സാങ്കേതികാനുമതിയോ വാങ്ങിയിട്ടില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 45)

59-ാം ഡിവിഷൻ സെന്റ് ബെനഡിക്റ്റ് റോഡിന്റെ തെക്കുവശത്തുള്ള കാന പുതുക്കി പണിയുന്നതിന് ഭരണാനുമതിയോ സാങ്കേതികാനുമതിയോ വാങ്ങിയിട്ടില്ല. പഴയ കാന പൊട്ടിച്ചതിനുശേഷം അതിനുമുകളിൽ വേണം കാന നിർമ്മാണം നടത്തേണ്ടത്. എന്നാൽ അളവ് പുസ്തകം പരിശോധിച്ചതിൽ നിലവിലുള്ള കാന പുതുക്കുന്നതിനുവേണ്ടി പഴയ കാന പൊട്ടിപ്പൊളിച്ചതായിട്ടോ, പഴയ കാന പുതുക്കി പണിയുന്ന തരത്തിലുള്ള ഒരു വേലയോ, അളവ് പുസ്തകത്തിൽ കാണിച്ചിട്ടില്ല. പഴയ കാന പൊളിക്കാതെ പുതിയ കാന നിർമ്മിക്കുവാൻ കഴിയില്ല. ഭരണാനുമതിയും സാങ്കേതികാനുമതിയും ഇല്ലാതെയും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെയും ധനം ദുർവിനിയോഗം ചെയ്തതിനാൽ 90,562 രൂപ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

199. സെന്റ് ബെനഡിക്റ്റ് റോഡിന്റെ തെക്കുവശത്തുള്ള കാന പുതുക്കി പണിയുന്നതിന് ഭരണാനുമതിയോ സാങ്കേതികാനുമതിയോ വാങ്ങാത്തതിന്റെയും നിലവിലുള്ള കാന പുതുക്കുന്നതിനുവേണ്ടി പഴയ കാന പുതുക്കി പണിയുന്ന തരത്തിലുള്ള ഒരു വേലയും അളവ് പുസ്തകത്തിൽ കാണിക്കാത്തതിന്റെയും കാരണം സമിതി ആരാഞ്ഞതിന് പഴയ കാന വളരെ ശോചനീയാവസ്ഥയിലുള്ളതായിരുന്നെന്നും

പഴയ കാന പൊളിച്ചാൽ മാത്രമേ കോൺട്രാക്ടർക്ക് പുതിയ കാനയുടെ പണി ആരംഭിക്കാൻ കഴിയുമായിരുന്നുള്ളൂവെന്നും അതിനാലാണ് പഴയ കാന പൊളിച്ചതിന്റെ രേഖകൾ അളവ് പുസ്തകത്തിൽ ഉൾപ്പെടുത്താതിരുന്നതെന്നും ടി പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു. പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തിരമായി ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

200. ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദമായ മറുപടി രേഖകൾസഹിതം കൃത്യസമയത്ത് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് ഈ ആവശ്യത്തിലേക്കായി മാത്രം കോർപ്പറേഷനിൽ ഒരു സെക്ഷൻ രൂപീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

201. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് അനുബന്ധം III-ൽ ചേർക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

202. **ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സെന്റ് ബെനഡിക്റ്റ് റോഡിന്റെ തെക്കുവശത്തുള്ള കാന നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയിട്ടുണ്ടെന്നും പഴയ കാന പൂർണ്ണമായും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലായിരുന്ന തിനാലാണ് ആയത് പൊളിച്ചത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതെന്നു മാണ് നഗരസഭ സെക്രട്ടറി നല്കിയ വിശദീകരണം. പ്രവൃത്തി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി നിരീക്ഷിച്ചു. കാന പുതുക്കി നിർമ്മിക്കുവാനുള്ള ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും രേഖകളും പ്രവൃത്തി സംബന്ധിച്ച വിശദമായ വിവരങ്ങളും ഓഡിറ്റിന് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, പ്രസ്തുത വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കി മറുപടി സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

203. **1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നഗരസഭ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14(3) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് മുനിസിപ്പാലിറ്റിക്ക് ലഭിച്ച് ഒരു മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേക യോഗം റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ ഭൂരിഭാഗം നഗരസഭകളും പാലിക്കുന്നില്ല എന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനാവേളയിൽ വെളിപ്പെടുന്നതെന്ന് റിപ്പോർട്ട് ചെയ്യുന്നു. ഈ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കൊച്ചി നഗരസഭയുടെ ഓഡിറ്റ് ഖണ്ഡികളിന്മേലുള്ള മറുപടികൾ ലഭ്യമാക്കി യിരിക്കുന്നതും മേല്പറഞ്ഞ ചട്ടങ്ങൾ പാലിച്ചുകൊണ്ടല്ലെന്ന് സമിതി മനസ്സിലാക്കുന്നു.**

**നഗരസഭകളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്ന ഈ വീഴ്ച സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുകയും അടിയന്തിരനടപടി ആവശ്യപ്പെടുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ അടിയന്തിരശ്രദ്ധ അനിവാര്യമാണെന്നും നഗരസഭകൾ പൊതുപ്പണം ചെലവഴിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും ഓഡിറ്റിനും നിയമസഭാ സമിതിക്കും യഥാസമയം സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| | | **തദ്ദേശസ്വയം ഭരണ വകുപ്പ്** | |
| 1 | 4 | കൊച്ചി കോർപ്പറേഷൻ | കൊച്ചി കോർപ്പറേഷൻ ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ് 5-4-1999-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 2,000 രൂപയാണ്. പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി കൊച്ചി നഗരസഭ 1998-99, 1999-2000 വർഷങ്ങളിലെ പദ്ധതി പ്രകാരം കക്കൂസ് നിർമ്മിച്ച ഓരോ കുടുംബത്തിനും 4,500 രൂപ സബ്സിഡി അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിക്ക് 1999-2000-ൽ 10 ലക്ഷം രൂപ വകയിരുത്തിയതിൽ 118 കുടുംബങ്ങൾക്കായി 5,31,000 രൂപയും 1998-99-ൽ പുതുക്കിയ പദ്ധതിക്ക് 191 കുടുംബങ്ങൾക്കായി 8,59,500 രൂപ വകയിരുത്തിയതിൽ 189 കുടുംബങ്ങൾക്കായി 8,50,500 രൂപയും ചെലവഴിച്ചിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. സർക്കാർ ഉത്തരവിൽ, കക്കൂസ് നിർമ്മാണത്തിന് മാത്രമാണ് സബ്സിഡി തുക പരമാവധി 2,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നതെന്നും ഈ പദ്ധതിയിൻകീഴിൽ കക്കൂസിനോടൊപ്പം കുളിമുറിയുടെ നിർമ്മാണംകൂടി ഉൾപ്പെടുത്തിയിരുന്നുവെന്നും കുളിമുറിയുടെ നിർമ്മാണം അനുവദനീയമല്ല എന്ന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നില്ല എന്നും കോർപ്പറേഷൻ പറയുന്നു. കൂടാതെ, വളരെ പരിമിതമായ സാഹചര്യത്തിൽ ജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കായി വിഭാവനം ചെയ്ത ഈ പദ്ധതിപ്രകാരം മുഴുവൻ വാർഡുകളിൽ നിന്നും വാർഡ് കമ്മിറ്റി മുൻഗണനാക്രമത്തിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അംഗീകരിച്ച ലിസ്റ്റ് നഗരസഭയും അംഗീകരിച്ച തിനുശേഷമാണ് ആനുകൂല്യം നല്കിയ തെന്നും പദ്ധതിക്ക് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി, നഗരസഭാ കൗൺസിൽ, കോർപ്പറേഷൻ ലെവൽ എക്സ്പെർട്ട് കമ്മിറ്റി, ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരവുമുണ്ടെന്നും കോർപ്പറേഷൻ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ, വളരെയധികം ദാരിദ്ര്യത്തിലും പരിമിതമായ സാഹചര്യത്തിലും ജീവിക്കുന്ന പട്ടികജാതി ജനവിഭാഗങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കു വേണ്ടി വിഭാവനം ചെയ്തു നടപ്പിലാക്കിയ പദ്ധതി എന്ന നിലയ്ക്കും പദ്ധതിക്കായി മാറ്റി വെച്ച തുകയ്ക്കുള്ളിൽത്തന്നെ നടപ്പിലാക്കി യെന്നത് പരിഗണിച്ചും ഭാവിയിൽ ഇത്തരം ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ സാധൂകരണം കൂടി തേടി ഓഡിറ്റ് തടസ്സങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കണമെന്ന അഭിപ്രായ ത്തോടെ മേൽ പരാമർശിക്കുന്ന രണ്ട് ഓഡിറ്റ് ഖണ്ഡികകളിലേയും ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 6 | കൊച്ചി കോർപ്പറേഷൻ | കൊച്ചി കോർപ്പറേഷൻ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ പുകയില്ലാത്ത അടുപ്പിന്റെയും ചൂടാറാപ്പെട്ടിയുടെയും വിതരണം പരമാവധി ഊർജം സംരക്ഷിക്കാൻ കഴിയുന്ന ഉല്പാദനക്ഷമമായ പദ്ധതി എന്ന നിലയ്ക്കാണ്. ചൂടാറാപ്പെട്ടിക്ക് 175 രൂപ വില യുള്ളതിനാൽ 75 രൂപ ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് ആക്ഷേപരഹിതമായും സർക്കാർ അംഗീകൃത ഏജൻസിയായ ശാസ്ത്ര സാഹിത്യ പരിഷത്തു മുഖേനയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം ചൂടാറാപ്പെട്ടി വിതരണം ചെയ്യുന്നത് തടസ്സ പ്പെടുത്തുന്നില്ലായെന്നും, പ്രസ്തുത പന്ത്രണ്ട് ഇനങ്ങൾ മാത്രമേ നല്കരുതെന്ന് പറഞ്ഞിട്ടു ള്ളൂവെന്നും മറ്റുള്ളവ നല്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് വിവേചനാധികാര |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മുണ്ടെന്നും ആയതുപ്രകാരം ജില്ലാ ആസൂത്രണ സമിതി ഈ പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്നും കോർപ്പറേഷൻ വിശദീകരിക്കുന്നു. സർക്കാരിന്റെ മറുപടിയുടെയും കോർപ്പറേഷന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു |
| 3 | 17 | കൊച്ചി കോർപ്പറേഷൻ | കോർപ്പറേഷൻ എസ്.സി.പി. പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗങ്ങളുടെ വീട് വൈദ്യുതീകരണത്തിന് 100 പേർക്ക് 800 രൂപാവീതം ധനസഹായം നല്കുന്നതിന് സംസ്ഥാനാവിഷ്കൃത ഫണ്ടിൽനിന്നും 80,000 നീക്കിവെച്ചെങ്കിലും കേവലം 13 പേർക്കായി 10,400 രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ ബാഹുല്യംമൂലം പദ്ധതിത്തുക ഉയർത്തിയെന്ന് വാദിക്കുന്ന കോർപ്പറേഷന് ആദ്യം വിഭാവനം ചെയ്ത ലക്ഷ്യത്തിന്റെ അരികിലെത്താൻ പോലുമായില്ല. പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയതായി പറയപ്പെടുന്ന 13 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള തുകയായ 10,400 രൂപ 31-3-2000-ൽ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നുണ്ടെങ്കിലും 8-5-2000-ൽ മാത്രമാണ് ഗുണഭോക്താക്കൾക്ക് ചെക്ക് നല്കുന്നത്. വിവിധ പദ്ധതികൾക്കായി നിരവധി ചെക്കുകൾ ഉള്ളതിനാൽ ബാങ്കിൽനിന്നും ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞേ പണം ലഭ്യമാകുകയുള്ളൂവെന്ന കോർപ്പറേഷന്റെ മറുപടി സ്വീകാര്യമല്ല. |
| 4 | 18 | ” | ഗുണഭോക്താക്കൾക്ക് പണം നേരിട്ട് നല്കിയ കോർപ്പറേഷന്റെ പക്കൽ ഗുണഭോക്തൃ ലിസ്റ്റും ചെക്കുനമ്പരും ഗുണഭോക്താക്കൾ പണം കൈപ്പറ്റിയെന്നതിന്റെ രസീതു ബുക്കുമല്ലാതെ ബന്ധപ്പെട്ട ഫയലോ, വൈദ്യുതി കണക്ഷന് സി.ഡി. അടച്ചതിന്റെ പകർപ്പോ ഇല്ല. പദ്ധതി വിഹിതത്തിൽനിന്നും പണം ചെലവഴിക്കുമ്പോൾ ആയതിന് വ്യക്തമായ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | രേഖകൾ ഉണ്ടാകണമെന്ന് സമിതി നിഷ്കർഷിക്കുന്നു. വ്യക്തമായ രേഖകൾ ഇല്ലാതെ പണം ചെലവഴിക്കുന്നപക്ഷം ആയത് ചെലവഴിക്കുന്ന വ്യക്തിയുടെ പേരിൽ ബാധ്യതയായി ചുമത്തേണ്ടതാണ്. ട്രഷറിയിൽനിന്ന് പണം പിൻവലിച്ച് കൈയിൽ സൂക്ഷിച്ച് മാസങ്ങൾക്കുശേഷം മാത്രം ചെലവാക്കുന്നത് ഭാഗികമായ പണാപഹരണമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 5 | 19 | കൊച്ചി കോർപ്പറേഷൻ | പദ്ധതിപ്രകാരം 13 ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായി ചെലവഴിച്ച 10,400 രൂപ വിതരണം ചെയ്തതിന് വൈദ്യുതി ബോർഡിൽ സി.ഡി. അടച്ചതിന്റെ രേഖകൾ, ആനുകൂല്യം നല്കുന്നതിനുള്ള തുക പിൻവലിച്ച് അനധികൃതമായി കൈവശം സൂക്ഷിച്ച സെക്രട്ടറിയുടെ പേരുവിവരം, തുക വിതരണം ചെയ്യാനുണ്ടായ കാലതാമസത്തിനുള്ള കാരണം, എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് 15-12-2009-ലെ സമിതിയോഗം ആവശ്യപ്പെടുകയും അതു സംബന്ധിച്ച് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പ് നല്കുകയും ചെയ്തിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ അവ ലഭ്യമാക്കിയിട്ടില്ല. ഇത് സർക്കാരിന്റെയും കോർപ്പറേഷന്റെയും ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയായും സമിതിയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു. ഈ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം പദ്ധതിപ്പണം യഥാർത്ഥ ലക്ഷ്യത്തിനായി വിനിയോഗിക്കപ്പെട്ടില്ല എന്ന നിഗമനത്തിൽ ഈയിനത്തിൽ ചെലവാക്കിയ 10,400 രൂപ പലിശസഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 32 | കൊച്ചി കോർപ്പറേഷൻ | ജനകീയാസൂത്രണ പദ്ധതിപ്രകാരം 1998-99-ലും സ്പിൽ ഓവറായി 1999-2000-ലുമായി കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കിയ ദുർബല വിഭാഗങ്ങളുടെ വീട് റിപ്പയർ പ്രോജക്ടിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ നിശ്ചയിക്കുവാൻ വ്യക്തമായ മാനദണ്ഡവും, നടപടിക്രമവും സർക്കാർ പുറപ്പെടുവിച്ചിരുന്നൂ വെങ്കിലും ഇതിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും ആനുകൂല്യം നല്കിയിരിക്കുന്നു. പദ്ധതിയുടെ അടങ്കൽത്തുക ആദ്യം 25 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നത് പിന്നീട് തുക 38.75 ലക്ഷം രൂപയായും ഗുണഭോക്താക്കളുടെ എണ്ണം 775 ആയും നഗരസഭ ഉയർത്തിയിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്ന് വ്യക്തമാകുന്നു. പദ്ധതിപ്രകാരം ആനുകൂല്യത്തിനായി 120000 അപേക്ഷകൾ ലഭിച്ചിരുന്നൂവെന്ന് തെളിവെടുപ്പ് യോഗത്തിൽ വ്യക്തമാക്കിയ നഗരസഭാ ഉദ്യോഗസ്ഥർ, ഇത്രയേറെ അപേക്ഷകർ ഉണ്ടായിട്ടും ഗുണഭോക്താക്കൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് ആനുകൂല്യം നല്കുന്നതിനുള്ള നടപടിക്രമങ്ങളും സമർപ്പിക്കേണ്ട രേഖകളും ലഘൂകരിക്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്നും പറയുന്നു. ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാലിച്ചിരിക്കേണ്ടതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും അവ ലംഘിച്ചും തീരുമാനമെടുക്കുവാൻ നഗരസഭാ കൗൺസിലിന് അധികാരമില്ല എന്ന് സമിതി ശക്തമായി അഭിപ്രായപ്പെടുന്നു. ഇത്തരം സന്ദർഭത്തിൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്. വ്യവസ്ഥകൾക്ക് വിരുദ്ധമായ തീരുമാനത്തോട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായാണ് നഗരസഭാ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വെളിപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, നഗരസഭാ കൗൺസിലിൽ നഗരസഭാ സെക്രട്ടറിക്ക് ഒരു ഉപദേശകന്റെ റോൾ മാത്രമേയുള്ളൂവെന്ന നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ നിലപാടിനോട് സമിതി വിയോജിക്കുന്നു. സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി കൗൺസിൽ തീരുമാനമെടുക്കുമ്പോൾ സെക്രട്ടറി അഭിപ്രായം പറയേണ്ടതും കൗൺസിൽ മുൻതീരുമാനത്തിൽ ഉറച്ച് നില്ക്കുന്നപക്ഷം അതിനോടുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. നിയമാനുസൃതമല്ലാത്ത തീരുമാനം കൗൺസിൽ എടുക്കുന്ന പക്ഷം കൗൺസിൽ അംഗങ്ങൾ ഉത്തരവാദികളായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 7 | 33 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭാ കൗൺസിൽ, പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ വിഷയത്തിന്മേൽ, ജനകീയാസൂത്രണത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചു മാത്രമേ തീരുമാനമെടുക്കാൻ അധികാരമുള്ളൂ എന്നിരിക്കെ, സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം നല്കിയിരിക്കുന്നു. നഗരസഭാ കൗൺസിലിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| 8 | 34 | ” | ഒറിജിനൽ പ്രോജക്ട് റിപ്പോർട്ടും ഫയലുകളും ഓഡിറ്റിനും നഗരകാര്യ ഡയറക്ടർക്കും പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനുള്ള കാരണവും ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതിയുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 15-12-2009-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത വിഷയത്തിന്മേൽ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റേയും നഗരസഭയുടേയും ഭാഗത്തുനിന്നുമുള്ള ഈ സമീപനം സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടുമാസത്തിനകം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 9 | 42 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭാ പരിധിയിൽ സ്ഥിരതാമസമുള്ള വ്യക്തികൾക്ക് അപകടമരണം സംഭവിക്കുമ്പോഴാണ് ഗ്രൂപ്പ് ജനത അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാകുന്നത്. 1996-97 സാമ്പത്തികവർഷം 7 ലക്ഷം രൂപ ആയിനത്തിൽ ചെലവഴിച്ചെങ്കിലും തുച്ഛമായ തുകമാത്രമാണ് നഷ്ടപരിഹാരമായി വിതരണം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം ചെലവുകൾ നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പരാമർശവിധേയമായ സംഗതിയിൽ ചെലവാക്കിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണത്തിന് നഗരസഭ അപേക്ഷിച്ച സന്ദർഭത്തിൽ 1996-97 സാമ്പത്തികവർഷത്തിൽ ചെലവായ 7,00,000 രൂപയ്ക്ക് മാത്രം സർക്കാർ മാപ്പ് അനുവാദം നൽകിയതായും ഇത്തരം ചെലവുകൾ ആവർത്തിക്കാൻ പാടില്ലാ എന്ന് 17-10-2000-ലെ ജി.ഒ. (ആർടി.) നമ്പർ 4187/2000/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കർശന നിർദ്ദേശം നല്കിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ, 1996-97 സാമ്പത്തികവർഷത്തിന് ശേഷം 2003-2004 വരെ 95,84,803 രൂപ നഗരസഭ ഈയിനത്തിൽ ചെലവഴിച്ചതായി കാണുന്നു. |
| 10 | 43 | ” | സർക്കാർ അംഗീകരിച്ച ഇൻഷ്വറൻസ് പദ്ധതികൾക്ക് മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം നല്കാവൂവെന്ന കർശന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർദ്ദേശമുണ്ടായിട്ടും 2003-04 കാലയളവ് വരെ പ്രയോജനപ്രദമല്ലാത്ത ഈ പദ്ധതിക്ക് വലിയൊരു തുക ചെലവിട്ട നഗരസഭയുടെ നടപടി സർക്കാരിനോടുള്ള വെല്ലുവിളിയായാണ് സമിതി കരുതുന്നത്. സർക്കാരിന്റെ 17-10-2000-ലെ ഉത്തരവിനുശേഷവും പണം ചെലവഴിച്ചതിന് യാതൊരു ന്യായീകരണവും സമിതിക്ക് കാണുവാനാകുന്നില്ല. സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെ നഗ്നമായ ലംഘനം നടത്തിയ നഗരസഭയുടെ ഈ നടപടിയെ സമിതി ശക്തമായി അപലപിക്കുന്നു. കൂടാതെ, മേലിൽ ഇത്തരം ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 11 | 44 | കൊച്ചി കോർപ്പറേഷൻ | നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെയുള്ള എല്ലാ കമ്മിറ്റികളിലും നഗരസഭാ സെക്രട്ടറിയുടെ സാന്നിധ്യം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ പുറപ്പെടുവിക്കുന്നതും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളതുമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും മേയറുടെയോ ബന്ധപ്പെട്ട ഭരണസമിതികളുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അവ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അതാതു സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ ചുമതലയാണ്. കൊച്ചിനഗരസഭയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങളുടെ ഏതെങ്കിലും ഘട്ടത്തിൽ, പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് തദവസരത്തിൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാർ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നോവെന്നുള്ളത് സംശയാസ്പദമാണ്. ഇക്കാര്യം വകുപ്പുതലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നല്കുവാൻ സമിതിയുടെ 15-12-2009-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി യോഗം ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുന്നതിനും സമിതിക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചെത്തുന്ന ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. ആയത് പാലിക്കാത്ത നടപടിയെ സമിതി ഗൗരവമായി കാണുകയും അപലപിക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണവും നല്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 12 | 45 | കൊച്ചി കോർപ്പറേഷൻ | കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൗൺസിലർമാരുടെയും മേയറുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 13 | 53 | ” | നഗരസഭയുടെ മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം 300 ഗുണഭോക്താക്കൾക്കാണ് ധനസഹായം നല്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 297 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച നഗരസഭ 777 പേർക്ക് 7,000 രൂപ വീതം ഒന്നാം ഗഡു ധനസഹായം നല്കിയിരിക്കുന്നു. മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡുമായി ചേർന്നാണ് ഭവന പദ്ധതി നടപ്പിലാക്കേണ്ടത്. ധനസഹായ തുക ഹൗസിംഗ് ബോർഡിൽ നിക്ഷേപിക്കേണ്ടതും വ്യക്തികൾക്ക് നേരിട്ട് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഹൗസിംഗ് ബോർഡിനെ ഒഴിവാക്കി ഗുണഭോക്താക്കൾക്ക് തുക നേരിട്ട് നല്കിയ നഗരസഭ, അവശേഷിക്കുന്ന തുകയുടെ വിതരണമോ പദ്ധതിയുടെ പൂർത്തീകരണമോ ഉറപ്പാക്കിയതുമില്ല. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 14 | 54 | കൊച്ചി കോർപ്പറേഷൻ | ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 300-ൽ നിന്നും 777 ആയി വർദ്ധിപ്പിച്ചുവെന്നും, വാർഡ് സഭ തെരഞ്ഞെടുത്തതും കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ചതുമായ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമമനുസരിച്ചാണ് ആനുകൂല്യം വിതരണം ചെയ്തതെന്നും പറയുന്ന നഗരസഭ അതിന് ആധാരമായ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയതായി കാണുന്നില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിൽ ജനകീയാസൂത്രണ പ്രസ്ഥാനം വിഭാവനം ചെയ്ത സുതാര്യത പാലിക്കപ്പെട്ടിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. |
| 15 | 55 | ” | പ്രാരംഭത്തിൽ 19,500 രൂപാ നിരക്കിൽ 300 പേർക്ക് ആനുകൂല്യം ലക്ഷ്യമിട്ടതിനുശേഷം 35,000 രൂപാ നിരക്കിൽ 167 പേർക്കായി ആനുകൂല്യം നിശ്ചയിക്കുന്നതിനുള്ള ഭേദഗതിയും ഹൗസിംഗ് ബോർഡിനെ ഒഴിവാക്കുവാനുള്ള നിർദ്ദേശവും നഗരസഭാ കൗൺസിൽ പാസ്സാക്കിയതായി കാണുന്നുവെങ്കിലും 777 പേർക്ക് 7,000 രൂപ നിരക്കിൽ തുക നല്കിയിരിക്കുന്നു. പദ്ധതി നടത്തിപ്പിനു സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളപ്പോൾ അവ മറികടക്കുവാൻ കൗൺസിലിന് അധികാരമില്ല. അത്തരം ലംഘനങ്ങൾ പദ്ധതിപ്പണത്തിന്റെ ദുരുപയോഗമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 16 | 56 | ” | പരാമർശവിധേയമായ മൈത്രി ഭവന പദ്ധതിയുടെ നടത്തിപ്പ് സുതാര്യമായിരുന്നില്ല എന്നാണ് സമിതി മുമ്പാകെ സമർപ്പിച്ച സർക്കാർ മറുപടിയിൽനിന്നും തെളിവെടുപ്പ് യോഗത്തിൽ നൽകിയ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യമായത്. ടി പദ്ധതിയുടെ ഒറിജനൽ പ്രോജക്ട്, പ്രസ്തുത പ്രോജക്ടിൽ മാറ്റം വരുത്തുവാൻ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ്, പ്രോജക്ടിന്റെ നടത്തിപ്പ്, ഗുണഭോക്താക്കളെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, പ്രോജക്ടിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് 2009 ഡിസംബർ 15-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റേയും നഗരസഭയുടെയും ഈ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനും ആവശ്യപ്പെടുന്നു. |
| 17 | 57 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ പരിശോധിക്കുന്നതിനും തെളിവെടുപ്പിനുമായി 2009 ഓഗസ്റ്റ് 8-ാം തീയതി ചേർന്ന യോഗത്തിൽ ഹാജരായ കോർപ്പറേഷൻ സെക്രട്ടറിയും മറ്റു ഉദ്യോഗസ്ഥരും സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നല്കാത്തതിനാൽ യോഗം മാറ്റി വെയ്ക്കേണ്ടതായി വരികയും ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ഗൗരവപൂർവ്വം പരിശോധിക്കാതെയും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താതെയും സമിതി മുമ്പാകെ തെളിവെടുപ്പിന് ഹാജരായ ഉദ്യോഗസ്ഥരുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. അതേ ഓഡിറ്റ് ഖണ്ഡികകൾ പരിശോധിക്കുന്നതിനായി 15-12-2009-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറി ഹാജരായില്ല. ആയതിന് അദ്ദേഹം നല്കിയ വിശദീകരണം തൃപ്തികരമായിരുന്നില്ല. പ്രസ്തുത യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്കും സമിതി ഉന്നയിച്ച പരമപ്രധാനമായ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നല്കാനായില്ല എന്നത് സമിതി അത്യധികം ഗൗരവപൂർവ്വം വീക്ഷിക്കുന്നു. സമിതി മുമ്പാകെ പരിഗണനയിലിരിക്കുന്ന സമാഹൃത റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാ വേളയിൽ ഹാജരാകുന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സമിതി ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് സ്പഷ്ടമായ വിശദീകരണം നല്കുവാൻ പ്രാപ്തരായിരിക്കണം എന്ന് സമിതി നിഷ്കർഷിക്കുന്നു. സമിതിക്കാവശ്യമായ വിവരങ്ങളും രേഖകളും തെളിവെടുപ്പിന് മുമ്പ് തന്നെ ലഭ്യമാക്കേണ്ടതും പരിഗണിക്കപ്പെടുന്ന വിഷയത്തെ കുറിച്ചുള്ള മുഴുവൻ ഫയലുകളും രേഖകളും വേണ്ടവിധത്തിൽ പഠിച്ച് മാത്രം യോഗത്തിന് ഹാജരാകേണ്ടതും ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന വീഴ്ച സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. നിയമസഭാ സമിതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നതിലൂടെ സഭയുടെ പ്രത്യേകാവകാശം തന്നെ ചോദ്യം ചെയ്യപ്പെടുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേലിൽ സഭാ സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ രേഖകൾ യഥാസമയം ലഭ്യമാക്കണമെന്നും സമിതി യോഗങ്ങളിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർ യഥാവിധി തയ്യാറെടുപ്പുകളുമായി എത്തണമെന്നും സമിതി ശക്തമായി നിഷ്ക്കർഷിക്കുന്നു. അല്ലാത്ത പക്ഷം സമിതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടിക്ക് ശുപാർശ ചെയ്യുവാൻ സമിതി നിർബന്ധിതമാകുമെന്ന് ഓർമ്മിപ്പിക്കുന്നു. സമിതിയുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | 63 | കൊച്ചി കോർപ്പറേഷൻ | സർക്കാർ ഉത്തരവ് പ്രകാരം വീട്ടുവളപ്പിൽ മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് 3 മുതൽ 4 മാസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ സർക്കാർ ഉത്തരവിലെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യവസ്ഥ പാലിച്ചതായി നിർവ്വഹണോദ്യോഗ സ്ഥനായ വെറ്ററിനറി സർജന്റെ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ അംഗീകൃത ഫാമിൽ നിന്നാണ് വിതരണത്തിനുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതെന്നും സമിതി മനസ്സിലാക്കുന്നു. കോഴിക്കുഞ്ഞുങ്ങൾക്കുള്ള ഫീഡ് സപ്ലിമെന്റായി വിതരണം ചെയ്തത് പ്രോജക്ടിലെ വ്യവസ്ഥപ്രകാരമുള്ള ധാതു ലവണ മിശ്രിതമാണെന്നും ഇതിന് കോഴിത്തീറ്റ യേക്കാളും വിലകൂടുതലാണെന്നും ഫീഡും (കോഴിത്തീറ്റ) ഫീഡ് സപ്ലിമെന്റും (ധാതു ലവണ മിശ്രിതം) വ്യത്യസ്തമാണെന്നും ഇവ തെറ്റായി ധരിച്ചതുമൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്നുമുള്ള നിർവ്വഹണോദ്യോഗ സ്ഥന്റെ വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിനിർവ്വഹണം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സമിതി മുമ്പാകെ നല്കിയ വിശദീകരണത്തി ന്റേയും സർക്കാർ രേഖാമൂലം നൽകിയ മറുപടി യുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 68 | കൊച്ചി കോർപ്പറേഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ലാതാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച അതേ തീയതിയിലെ നഗരസഭാ കൗൺസി ലിന്റെ തീരുമാനത്തിന് 22-10-1998-ന് നഗരസഭാ വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതിയും 31-10-1998-ന് ജില്ലാ ആസൂത്രണ സമിതിയു ടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുശേഷമാണ് സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടതെന്നും ഉടൻതന്നെ അക്കാര്യം മേയറുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടെന്നും മേയർ അക്കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നുമുള്ള നിർവ്വഹണോദ്യോഗ സ്ഥന്റെ വിശദീകരണം ന്യായയുക്തമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണം പൂർത്തിയായി കഴിഞ്ഞതിന്റേയും മേൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിശദീകരണത്തിന്റേയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 20 | 77 | കൊച്ചി കോർപ്പറേഷൻ | നഗരസഭ വിഭാവനം ചെയ്ത ചെറുകിട പശു വളർത്തൽ യൂണിറ്റ് പദ്ധതി 1998-1999-ൽ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും കരാറിലേർപ്പെട്ട സ്ഥാപനം സാമ്പത്തിക വർഷത്തെ അവസാന ദിവസമായിട്ടും കിടാരികളെ എത്തിക്കാത്തതിനാൽ പ്രസ്തുത വർഷം പദ്ധതി നടപ്പിലായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരാമർശ ത്തിന് വിധേയമായ പദ്ധതിതുക ചെലവഴിച്ചത് കിടാരികളെ ഇൻഷ്വർ ചെയ്യുന്നതിനായിരുന്നു വെന്നും പദ്ധതിയിൻകീഴിൽ ടി വർഷം 27,607 രൂപയാണ് ആകെ ചെലവായതെന്നും മൂന്നു മാസത്തിനുശേഷം സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയെന്നും നിർവ്വഹണോ ദ്യോഗസ്ഥനായിരുന്ന വെറ്ററിനറി സർജൻ മറുപടി നല്കിയിരിക്കുന്നു. |
| 21 | 78 | ” | സ്പിൽ ഓവറായി മൂന്നു മാസങ്ങൾക്കുശേഷം പദ്ധതി നടപ്പിലാക്കിയെന്ന് നിർവ്വഹണോദ്യോ ഗസ്ഥൻ സമിതി മുമ്പാകെ വാദിച്ചെങ്കിലും ആയത് തെളിയിക്കുവാനാവശ്യമായ യാതൊരു രേഖയും ഓഡിറ്റിനോ, സമിതിക്കോ ലഭ്യമാക്കിയില്ല. പദ്ധതി സംബന്ധിച്ച ഫയൽ നഗരസഭയിലും ലഭ്യമല്ല എന്നാണ് നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. സമിതി യുടെ യോഗത്തിൽ വച്ച് പദ്ധതി നടപ്പിലാക്കി യെന്ന് വെളിപ്പെടുത്തിയെങ്കിലും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് 5-12-2009-ൽ നല്കിയ മറുപടിയിൽപോലും പൂർത്തീകരണ ത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. ലഭ്യമാകാത്ത കിടാരികൾക്കായി പദ്ധതിപ്പണം പിൻവലിച്ച് ഇൻഷ്വറൻസ് കമ്പനിയുടെ പേരിൽ ഡി.ഡി. എടുത്ത നിർവ്വഹണോദ്യോഗസ്ഥന്റെ നടപടി തികച്ചും നിരുത്തരവാദപരമാണെന്ന് സമിതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിലയിരുത്തുന്നു. സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയപ്പോൾ പ്രസ്തുത ഡി.ഡി. ഉപയോഗിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും അതു തെളിയിക്കുവാനുള്ള രേഖ ഹാജരാക്കുവാൻ കഴിയാത്തതിൽ നിന്നും ആയതിന്റെ വിനിയോഗം സംബന്ധിച്ച അവകാശവാദം സംശയാസ്പദമാകുന്നു. |
| 22 | 79 | കൊച്ചി കോർപ്പറേഷൻ | പദ്ധതി സംബന്ധിച്ച ഫയലുകളും രേഖകളും സ്ഥലമാറ്റവേളയിൽ തിരിച്ചേൽപ്പിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എന്നാൽ ഫയൽ കൈമാറ്റം ചെയ്തതിനുള്ള യാതൊരു തെളിവും ഹാജരാക്കാത്തതിനാൽ ടിയാന്റെ വാദം വിശ്വസനീയമായി കരുതുവാനാവില്ല. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ നിർവ്വഹണോദ്യോഗസ്ഥരുടെ അധീനതയിലാണെന്നും കൈമാറ്റം ചെയ്യുന്നത് മതിയായ കൈപ്പറ്റു രസീതോടെയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയ തുകയുടെ വിനിയോഗം, പദ്ധതിയുടെ നിർവ്വഹണം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നല്കുവാനും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടിരുന്ന നടപടികൾ സ്വീകരിച്ച് റിപ്പോർട്ടു ചെയ്യുവാനും പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 82 | ” | സർക്കാർ ഉത്തരവ് ലംഘിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി വിഹിതം ചെലവഴിച്ചത് തികച്ചും ധനദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരാമർശത്തിന് കാരണമായ വസ്തുതകളെക്കുറിച്ച് അന്വേഷിച്ച് നിജസ്ഥിതി സമിതിയെ അറിയിക്കുവാൻ ജോയിന്റ് ഡയറക്ടർ, അഡ്മിനിസ്ട്രേഷൻ (അർബൻ) നോട് സമിതി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ മറുപടി നാളിതുവരെ ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. |
| 24 | 83 | കൊച്ചി കോർപ്പറേഷൻ | പ്രോജക്ടിന്റെ യഥാർത്ഥ എസ്റ്റിമേറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും മറ്റ് ബന്ധപ്പെട്ട രേഖകളും അടിയന്തിരമായി പരിശോധിച്ച് മറുപടി നല്കുവാൻ സർക്കാരിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോടും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 25 | 90 | ” | പ്രോജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സ്വന്തമായി വീടുള്ളവർക്കും ആവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകിയ കോർപ്പറേഷന്റെ നടപടി ന്യായീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് നടക്കുന്ന വേളയിൽ ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതാണ് ഓഡിറ്റ് തടസ്സങ്ങൾക്ക് പ്രധാനകാരണമെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയലുകളും രേഖകളും ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനുഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഓഡിറ്റ് വകുപ്പ് അവ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നല്കണമെന്നും 15-12-2009-ലെ സമിതി യോഗം നിർദ്ദേശിച്ചിരുന്നു. എന്നാൽ, പ്രസ്തുത റിപ്പോർട്ട് നാളിതുവരെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിക്ക് നല്കിയിട്ടില്ല. ഇത് സമിതിയോടുള്ള അനാദരവായി സമിതി കാണുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കി മറുപടി നല്കുവാനും സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 26 | 93 | കൊച്ചി കോർപ്പറേഷൻ | കോർപ്പറേഷന്റെ തനതുഫണ്ട് ഉപയോഗിച്ചാണ് കാർ വാങ്ങിയതെന്ന് സമിതി മനസ്സിലാക്കുന്നു. രണ്ടു കാറുകൾ വാങ്ങുവാനുള്ള അനുമതിക്കായി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഒരു കാർ വാങ്ങുവാൻ മാത്രമേ സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നുള്ളൂ. എന്നാൽ സർക്കാർ അനുമതി ലഭിക്കുന്നതിനു മുമ്പുതന്നെ നഗരസഭ രണ്ടുകാറുകൾ വാങ്ങിക്കഴിഞ്ഞതായി തെളിയുന്നു. നഗരസഭയുടെ ഈ നടപടി ഉചിതമാണെന്ന് സമിതി കരുതുന്നില്ല. നിലവിലുണ്ടായിരുന്ന പഴയ രണ്ടു കാറുകൾ പി.ഡബ്ല്യു.ഡി. വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ പറഞ്ഞിരുന്നതിന്റെയും കൂടുതൽ തുകയ്ക്ക് വിൽക്കുകയും തുക നഗരസഭയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ട് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ അധികാരമുണ്ടെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി നിഷ്കർഷിക്കുന്ന സംഗതികളിന്മേൽ ആയത് നേടിയിരിക്കണമെന്നും പരാമർശവിധേയമായ കാറുകൾ വാങ്ങുന്ന വിഷയത്തിൽ അതുണ്ടായിട്ടില്ലെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും സമിതി നിഷ്കർഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | 97 | കൊച്ചി കോർപ്പറേഷൻ | കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേക്കാണ് ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയ നഗരസഭാ അഡീഷണൽ സെക്രട്ടറി കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ബിൽ കളക്ടർ തുടങ്ങിയ തസ്തികകളിൽ അല്ലാതെയും നിയമനം നടത്തിയിട്ടുള്ളതായും പറയുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ള 18,50,721 രൂപ ചെലവഴിച്ചിട്ടുള്ളത് 2000-2001 സാമ്പത്തിക വർഷത്തിലാണ്. എന്നാൽ, ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്ന് വാദിച്ചുകൊണ്ട് ക്രമവിരുദ്ധമായ ഈ ചെലവിന് സർക്കാരിന്റെ 2006-ലെ ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് നഗരസഭ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതായാണ് സമിതി കാണുന്നത്. ഇത്തരം നിയമനങ്ങൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കുവാൻ സമിതിമുമ്പാകെ ഹാജരായ നഗരസഭയുടെ അഡീഷണൽ സെക്രട്ടറിക്ക് കഴിഞ്ഞില്ല. ആയതിനാൽ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമനകാലാവധി എന്നിവ സംബന്ധിച്ച രേഖകളും 2000-2001 സാമ്പത്തിക വർഷം ഇത്തരത്തിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം, തസ്തികകൾ, കാലയളവ്, |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ശമ്പളം നല്കിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവയും ഓഡിറ്റ് വകുപ്പിനും ആയതിന്മേലുള്ള റിപ്പോർട്ട് സമിതിക്കും നല്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. |
| 28 | 98 | കൊച്ചി കോർപ്പറേഷൻ | സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഈ സമീപനത്തെ സമിതി അപലപിക്കുകയും മേൽപ്പറഞ്ഞ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. പരാമർശവിധേയമായ മേല്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ സർക്കാർ അനുമതിയോ നഗരസഭാ കൗൺസിൽ തീരുമാനമോ ഇല്ലാതെയാണ് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതെങ്കിൽ ആയിനത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായ നഗരസഭാ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 29 | 99 | ” | നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കികൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ സർക്കാരിന്റെ അനുമതി കൂടാത സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിന് നല്കിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാകില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യവകുപ്പും സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 30 | 106 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭയ്ക്ക് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽ നിന്നും 85,58,325 രൂപ നല്കി പൊന്നുംവിലയ്ക്കെടുത്ത കൃഷ്ണവിലാസം കൊട്ടാരവളപ്പിലെ 1.28 ഏക്കർ ഭൂമി, ലക്ഷ്യമിട്ട പദ്ധതിക്ക് വിനിയോഗിക്കാതെയും സർക്കാർ അനുമതി കൂടാതെയുമാണ് എറണാകുളം ശിവക്ഷേത്ര സമിതിയുടെ അഭ്യർത്ഥന പ്രകാരം 3.75 കോടി രൂപയ്ക്ക് ക്ഷേത്രാവശ്യത്തിന് നല്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില നിശ്ചയിച്ചതിൽ ആക്ഷേപമുന്നയിച്ച് തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ എറണാകുളം സബ്കോടതിയിൽ സമർപ്പിച്ച എൽ.എ.ആർ. കേസിന്മേലുള്ള കോടതി വിധിപ്രകാരം 1,76,63,000 രൂപകൂടി ഭൂമിക്കുള്ള വിലയായി സർക്കാർ നല്കേണ്ടതായി വന്നു. കരാർ പ്രകാരം നിശ്ചയിച്ച തുക യഥാസമയം നല്കാത്തതിന്റെ ഫലമായി 1,36,66,666 രൂപ പലിശയായി നല്കുവാൻ ക്ഷേത്രസമിതി ബാധ്യസ്ഥമായിരുന്നു. കോടതി നിർദ്ദേശത്തെ തുടർന്ന്, ശിവക്ഷേത്രസമിതി നല്കുവാൻ അവശേഷിച്ചിരുന്ന 75 ലക്ഷം രൂപയും നഗരസഭ ഇളവ് ചെയ്ത പലിശതുകയായ 3,12,132 രൂപയും നഗരസഭയിൽ അടവാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, എൽ.എ.ആർ. വിധിയിലൂടെ സർക്കാർ നല്കിയ 1,76,63,000 രൂപ നല്കുവാൻ ക്ഷേത്രസമിതി തയ്യാറായിട്ടില്ല. |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | 107 | കൊച്ചി കോർപ്പറേഷൻ | ഒരു പ്രത്യേക ആവശ്യത്തിനായി പൊന്നും വിലയ്ക്കെടുത്ത ഭൂമി വില്ക്കുവാൻ നഗരസഭ യെടുത്ത തീരുമാനം ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില സംബന്ധിച്ച ആക്ഷേപം കോടതി മുമ്പാകെയുള്ളപ്പോൾ ആയതിന്മേ ലുള്ള കോടതി ഉത്തരവുമൂലമുണ്ടാകാവുന്ന ബാധ്യതകൂടി നല്കേണ്ടത് സംബന്ധിച്ച് വില്പനകരാറിൽ വ്യവസ്ഥ ചെയ്യാത്ത നഗരസഭയുടെ നടപടിയും നിരുത്തരവാദപര മാണെന്ന് സമിതി കരുതുന്നു. ഇതു സംബന്ധിച്ച് വ്യക്തത ഉണ്ടാകാതിരിക്കുമ്പോഴാണ് വില്പന വില യഥാസമയം അടവാക്കാത്തതിന്റെ ഫലമായി നല്കുവാനുണ്ടായിരുന്ന പലിശ കൂടി ഇളവു നല്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്നത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് സർക്കാരിന്റെയും കോടതിയു ടെയും അന്തിമ തീരുമാനം അറിയിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല. |
| 32 | 108 | ” | ആയതിനാൽ, കോടതി ഉത്തരവ് മുഖേന ഭൂമിക്ക് നഗരസഭ അധികമായി നല്കേണ്ടിവന്ന 1,76,63,000 രൂപ ബാങ്ക് നിരക്കിലുള്ള പലിശ സഹിതം കൊച്ചി ദേവസ്വം ബോർഡിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരി ക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, സ്ഥലം വിട്ടുകൊടുത്തതും പലിശ ഇളവ് ചെയ്തതും സംബന്ധിച്ച് നഗരസഭാ കൗൺസിൽ എടുത്ത തീരുമാനത്തിന്മേൽ സർക്കാർ അടിയന്തിരമായി തീരുമാനമെടുത്ത് റിപ്പോർട്ട് ചെയ്യുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 33 | 113 | ” | പള്ളുരുത്തി സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണ പദ്ധതി 31-3-2000-ൽ പൂർത്തിയാക്കേണ്ടതായി രുന്നുവെന്നും 2003 നവംബർ മാസമായിട്ടും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചില്ലെന്നും ഭാഗികമായി ചെയ്ത പ്രവൃത്തിയുടെ മൂല്യം 3,25,496 രൂപയായിരിക്കേ 3,60,396 രൂപ കരാർ സ്ഥാപനമായ സൊസൈറ്റിക്ക് നല്കി യതിലൂടെ 34,900 രൂപ അധികം നല്കിയെന്നും അധികമായി നല്കിയ ടി തുക തിരിച്ചു പിടിക്കാനുള്ള റവന്യൂ റിക്കവറി ആരംഭിച്ചിട്ടി ല്ലെന്നും സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ആയതിന്മേലുള്ള നിലവിലെ സ്ഥിതി, ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ പൂർത്തീകരണം, എന്നിവ സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലഭ്യമാക്കണമെന്ന് 7-12-2010-ലെ യോഗത്തിൽ കൊച്ചി നഗരസഭാ സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കാമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നല്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തി ട്ടില്ല എന്ന് 6-5-2011-ലെ റിപ്പോർട്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് സമിതിക്ക് സർക്കാരിൽ നിന്നോ നഗരസഭയിൽ നിന്നോ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാക്കാത്തതും സമിതിയുടെ നിർദ്ദേശത്തിന്മേൽ മേൽനടപടി സ്വീകരി ക്കാത്തതും സമിതിയോടുള്ള അവഹേളന മായി കണക്കാക്കുകയും ആയതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു |
| 34 | 114 | കൊച്ചി കോർപ്പറേഷൻ | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, അധിക മായി നല്കിയ തുകയായ 34,900 രൂപ പലിശ സഹിതം കൺവീനറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ക്വാർട്ടേഴ്സ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് പൂർത്തീകരിച്ച് ഉപയുക്തമാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 35 | 120 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭ, സർക്കാർ ഉത്തരവുപ്രകാരം ആംഡ് ഫോഴ്സിന്റെ ഫ്ളാഗ് ഡേയ്ക്ക് ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ യഥാർത്ഥത്തിൽ അടവാക്കാനുള്ള തുകയേക്കാൾ 65,968 രൂപ അധികം അടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക രണ്ട് ഗഡുക്കളായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും തിരികെ ഈടാക്കിയതായി സർക്കാരിന്റെ രേഖാമൂലമുള്ള മറുപടിയിലും തെളിവെടുപ്പ് വേളയിലെ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിലും വ്യക്തമാക്കുന്നുണ്ടെങ്കിലും ആയതു സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിനോ സമിതി മുമ്പാകെയോ ഹാജരാക്കപ്പെട്ടിട്ടില്ല. നഗരസഭാ ഫണ്ടിൽ നിന്നും അധികമായി ജില്ലാ സൈനിക ഓഫീസിൽ അടവാക്കിയ തുക ഓഡിറ്റിന്റെ കണ്ടെത്തലിനെ തുടർന്ന് വർഷങ്ങൾക്കുശേഷമാണ് നഗരസഭയുടെ ഫണ്ടിലേക്ക് തിരിച്ചടയ്ക്കപ്പെട്ടിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഇടവേളയിൽ നഗരസഭാ ഫണ്ടിന് അർഹമായ പലിശ, ജില്ലാ ക്ഷേമ ഓഫീസിൽ അധികം തുക ഒടുക്കിയിതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. |
| 36 | 121 | ” | നഗരസഭ അധികമായി ഒടുക്കിയ തുക അഡ്ജസ്റ്റ് ചെയ്തതിന്റെയും ടി തുക ജില്ലാ സൈനിക ഓഫീസിന്റെ അധീനതയിലായിരുന്ന കാലയളവിലെ സാധാരണ പലിശ കണക്കാക്കി തദവസരത്തിലെ നഗരസഭാ ഫിനാൻസ് ഓഫീസർ സർവ്വീസിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നോ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടിയിലൂടെയോ ഈടാക്കിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ 7-12-2010-ലെ സമിതിയോഗം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ, പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന് 6-5-2011-ലെ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. നഗരസഭയുടെ പ്രസ്തുത സമീപനത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള മേല്പറഞ്ഞ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ ശുപാർശയും ചെയ്യുന്നു. |
| 37 | 130 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭ അക്കൗണ്ട്സ് വിഭാഗത്തിൽ റഗുലർ പെൻഷൻ, ഫാമിലി പെൻഷൻ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ചുമതലപ്പെട്ട ക്ലർക്കുമാരുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകളും ധനദുർവിനിയോഗവും ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. 2004 ജൂൺ മാസത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2002-2003, 2003-2004, 2004-2005 കാലയളവിലെ ഇതു സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് വീണ്ടും വിശദമായി പരിശോധിച്ചപ്പോൾ റഗുലർ പെൻഷൻ വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും 1,35,955 രൂപയുടെയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും 1,30,956 രൂപയുടെയും ക്രമക്കേടുകൾ കണ്ടെത്തിയതായാണ് തെളിവെടുപ്പുയോഗത്തിലെ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽനിന്നും സമിതി മനസ്സിലാക്കുന്നത്. ഇവയിൽ ഒരു ഉദ്യോഗസ്ഥനിൽ നിന്നും മൂന്ന് ഗഡുക്കളായി മുഴുവൻ തുകയും ഈടാക്കിയെന്നും ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ ഡി.സി.ആർ.ജി. തുക മുഴുവനും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഈടാക്കിയെങ്കിലും ഇനിയും 8,872 രൂപ ഈടാക്കുവാനുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. തുടർച്ചയായുള്ള മൂന്ന് വർഷങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടും അവ കണ്ടെത്തുവാൻ മേലുദ്യോഗസ്ഥർക്കായില്ല എന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. മാത്രമല്ല, ലക്ഷക്കണക്കിനു തുകയുടെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടും കേവലം നഷ്ടപ്പെട്ട തുക മാത്രം തിരികെ ഈടാക്കിക്കൊണ്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഒരാളെ സസ്പെൻഡ് ചെയ്തതൊഴിച്ച് യാതൊരു ശിക്ഷാ നടപടിയും സ്വീകരിക്കാത്തതും ക്രമവിരുദ്ധമായി കൈവശംവച്ച പണത്തിന് സാധാരണ നിരക്കിൽപോലും പലിശ ഈടാക്കാത്തതുമായ നഗരസഭയുടെ നടപടി സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടിയെടുക്കുവാൻ നഗരസഭാ സെക്രട്ടറിക്കും കൗൺസിലിനും അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആരോപണ വിധേയരായ മേല്പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടി എടുക്കേണ്ടതില്ലെന്ന കൗൺസിൽ തീരുമാനം സംബന്ധിച്ച് വ്യക്തമായ ഉത്തരം നല്കുവാൻ നഗരസഭാ സെക്രട്ടറിക്കായില്ല. കൂടാതെ, ഓഡിറ്റ് റിപ്പോർട്ടിന് കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ ചട്ടം 14(3) പ്രകാരമല്ല മറുപടി നല്കിയിരിക്കുന്നതെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനും ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിൽ വയ്ക്കുന്നതും ഈ ഓഡിറ്റ് റിപ്പോർട്ട് വച്ചതു സംബന്ധിച്ചുമുള്ള സമിതിയുടെ ചോദ്യത്തിനും നഗരസഭാ സെക്രട്ടറിക്കോ ഫിനാൻസ് ഓഫീസർക്കോ വ്യക്തമായ മറുപടി പറയുവാൻ സാധിച്ചിട്ടില്ല. |
| 38 | 131 | കൊച്ചി കോർപ്പറേഷൻ | ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമായാലുടൻതന്നെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഭരണസമിതികളിൽ വയ്ക്കുകയും ആയതിന്മേലുള്ള പരാമർശങ്ങൾ ഗൗരവ പൂർവ്വം പരിശോധിച്ച് ഉചിതമായ മറുപടി യഥാസമയം നല്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 39 | 132 | കൊച്ചി കോർപ്പറേഷൻ | പരാമർശവിധേയമായ മേൽസംഗതിയിൽ ഇനിയും ഈടാക്കുവാനുള്ള തുകയായ 8,872 രൂപയും ദുരുപയോഗം ചെയ്ത പണത്തിന് സാധാരണ നിരക്കിൽ പലിശയും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ 7-12-2010-ലെ സമിതി യോഗം ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടി റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ സമിതി ആവശ്യപ്പെട്ട മേൽനടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 40 | 136 | ” | കൊച്ചി നഗരസഭാ പ്രദേശത്ത് കൊതുക് നിവാരണത്തിന് ലാർവിസൈഡ് വാങ്ങിയപ്പോൾ സർച്ചാർജ്ജ്, ഇൻകം ടാക്സ് എന്നിവ കിഴിച്ച് യഥാർത്ഥത്തിൽ ബാക്കി നൽകേണ്ടിയിരുന്ന തുകയേക്കാൾ 2,36,801 രൂപ അധികം നല്കിയതായി സമിതിക്ക് ബോദ്ധ്യമായി. പ്രസ്തുത തുക നല്കിയത് ഓഡിറ്റ് തടസ്സം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലാർവിസൈഡ് വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് സർക്കാർ നല്കിയ മറുപടിയിലും തെളിവെടുപ്പുവേളയിലെ വിശദീകരണത്തിലും വ്യക്തമാക്കപ്പെട്ടെങ്കിലും ആയതിനാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നാണ് തെളിവെടുപ്പ് സമയത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചത്. വിശദീകരണത്തിൽ പരാമർശിച്ചതിൻ പ്രകാരം, അധികം നല്കിയ തുക തിരികെ ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ കാണിച്ച് ബോധ്യപ്പെടുത്തുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ലഭ്യമാക്കുവാനും 7-12-2010-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതായും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നതായും 6-5-2011-ലെ റിപ്പോർട്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഓഡിറ്റ് ഖണ്ഡികയിലെ തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 41 | 140 | കൊച്ചി കോർപ്പറേഷൻ | നഗരസഭ വൈറ്റിലയിൽ പണികഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാംനിലയിലെ നോർത്ത് ബ്ലോക്കിൽ 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന സ്ഥലം പാർട്ണർമാരായ മൂന്ന് വ്യക്തികളുടെ പേർക്ക് ടെൻഡറിലൂടെ 2-1-1995-ൽ വാടകയ്ക്ക് നല്കിയെങ്കിലും ടെൻഡർ നോട്ടീസിലെ വ്യവസ്ഥപ്രകാരം നഗരസഭ ചെയ്യേണ്ടിയിരുന്ന സ്ഥലം നിരപ്പാക്കൽ, വൈദ്യുതിബന്ധം സ്ഥാപിക്കൽ, വെള്ളം നല്കൽ എന്നീ പ്രവൃത്തികൾ 1996 ഒക്ടോബറിൽ മാത്രമേ പൂർത്തിയാക്കിയുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ടെൻഡർ വ്യവസ്ഥ അനുസരിച്ച് ടി പ്രവൃത്തികൾ നഗരസഭ പൂർത്തിയാക്കി ആവശ്യപ്പെട്ടപ്പോൾതന്നെ ലേലം കൊണ്ട മുറി കക്ഷികൾ ഏറ്റെടുത്തിട്ടുള്ളതായി സർക്കാരിന്റെ വിശദീകരണത്തിൽ നിന്നും ബോദ്ധ്യമാകുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച വാടകയിനത്തിലുള്ള 2,41,783 രൂപ ഒടുക്കുന്നതിന് നഗരസഭ നല്കിയ നോട്ടീസിന് നല്കിയ മറുപടിയിൽ ടെൻഡർ വ്യവസ്ഥ പ്രകാരം ടി തുക അടയ്ക്കുവാൻ കക്ഷികൾ ബാധ്യസ്ഥരല്ലെന്ന് അറിയിച്ചിട്ടുള്ളതായും കക്ഷികളുടെ നിലപാട് ശരിയാണെന്നും ടെൻഡർ വ്യവസ്ഥ പ്രകാരം കക്ഷികൾ പ്രവർത്തിച്ചിട്ടുള്ളതിനാൽ അവരിൽ നിന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രസ്തുത തുക ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നുമാണ് നഗരസഭ യുടെ നിലപാട്. സർക്കാരിന്റെയും നഗരസഭയുടെയും വിശദീകരണത്തിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ ടെൻഡറിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുള്ള തായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ടി ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 42 | 141 | കൊച്ചി കോർപ്പറേഷൻ | പാർട്ട്ണർഷിപ്പ് ഒഴിഞ്ഞതിനുശേഷം കക്ഷി കളിൽ ഒരാളുടെ പേരിൽ കടമുറി മാറ്റണമെന്ന അപേക്ഷയിന്മേൽ 25% വാടക വർദ്ധനവോടെ മൂന്നു വർഷത്തേക്ക് നല്കിയത് നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരമാണെന്നും കെട്ടിട ലൈസൻസ് പേരുമാറ്റി നല്കിയത് കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 215-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയ മായിട്ടാണെന്നും സമിതി മനസ്സിലാക്കുന്നു. കരാർ ഉടമ്പടി ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് നഗരസഭ ഈ തീരുമാനമെടുത്തതെന്നു കാണുന്നതിനാൽ ഇക്കാര്യത്തിൽ നഗരസഭയുടെ നടപടിയിൽ അപാകതയുള്ളതായി കരുതുവാനാകില്ല. |
| 43 | 142 | ” | നഗരസഭ വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ വരാന്ത അനധികൃതമായി കെട്ടിയടച്ച കക്ഷിയുടെ നടപടി കരാർ വ്യവസ്ഥയുടെ ലംഘനമാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി വരാന്തഭാഗം അനധികൃതമായി കെട്ടിയടയ്ക്കുവാനുള്ള നീക്കം പ്രാരംഭത്തിൽ തന്നെ തടയേണ്ടത് നഗരസഭാധികൃതരുടെ ഉത്തരവാദിത്വമായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ഗുരുതര മായ വീഴ്ചയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നതെന്ന് ഓഡിറ്റ് കണക്കാക്കിയിട്ടുള്ള പ്രതീക്ഷിത വാടകതുക നോക്കുമ്പോൾ ബോദ്ധ്യപ്പെടുന്നതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 44 | 143 | കൊച്ചി കോർപ്പറേഷൻ | കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി, വാടക നല്കുന്ന കാര്യത്തിൽ കക്ഷി വീഴ്ച വരുത്തിയിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. അനധികൃതമായി കെട്ടിയടച്ച് കൈവശംവെച്ച സ്ഥലത്തിന്റെ വാടകയിനത്തിൽ ഓഡിറ്റ് കണക്കാക്കിയ 4,41,537 രൂപയും വാടക കുടിശ്ശികയിനത്തിലെ 3,78,720 രൂപയും ചേർന്ന് ആകെ 8,20,257 രൂപ നഗരസഭയ്ക്ക് കക്ഷിയിൽ നിന്നും ലഭിക്കുവാനുണ്ട് എന്ന് സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായി തെളിവെടുപ്പ് വേളയിൽ നഗരസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് നല്കുവാൻ 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ മേല്പറഞ്ഞ 8,20,257 രൂപ പലിശസഹിതം റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അടിയന്തിരമായി നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 45 | 146 | ” | നഗരസഭാ സോണൽ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരുന്ന, 2,160 രൂപ നിരക്കിലുള്ള വാടക കെട്ടിടം പഴക്കംചെന്ന് ജീർണ്ണാവസ്ഥയിലായി ഓഫീസിന്റെ പ്രവർത്തനം അസാധ്യമായ സന്ദർഭത്തിലാണ് രണ്ടു വർഷത്തേക്ക് ഒരു താല്ക്കാലിക സംവിധാനം എന്ന നിലയ്ക്ക് പുതിയ വാടക കെട്ടിടത്തിലേക്ക് മാറിയതെന്നും ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് നഗരസഭ നികുതി ചുമത്താനായി കണക്കാക്കുന്ന ശരാശരി വാടക കണക്കാക്കിയാണ് വാടക നല്കിയിട്ടുള്ളതെന്നും നഗരസഭയുടെയും സർക്കാരിന്റെയും മറുപടിയിൽ വിശദീകരിക്കുന്നു. നഗരസഭാ കൗൺസിലിന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തീരുമാനപ്രകാരമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 46 | 149 | കൊച്ചി കോർപ്പറേഷൻ | ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടായിരുന്നതിനാലാണ് കെട്ടിടങ്ങളുടെ പ്ലാൻ പാസ്സാക്കാതിരുന്നതെന്നും 2003 സെപ്റ്റംബർ മാസം ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി റദ്ദാക്കിയതിനുശേഷം വാംബേ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾക്ക് കോർപ്പറേഷൻ Occupancy Certificate നൽകിയിട്ടുണ്ടെന്നും ഉള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 47 | 151 | ” | വാംബെ പദ്ധതിപ്രകാരം ആനുകൂല്യത്തിന് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ മാത്രമേ ആകാവൂ എന്ന് ഇത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളടങ്ങുന്ന 2002-ലെ സർക്കാർ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടില്ലെന്നും, പ്രത്യുത നഗരപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, വാസയോഗ്യമായ ഭവനങ്ങളില്ലാത്ത സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുമായ ജനവിഭാഗങ്ങളെയാണ് ഗുണഭോക്താക്കളായി ലക്ഷ്യമിട്ടിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്തതുമായ കുടുംബാംഗങ്ങളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയതെന്നുമാണ് ഓഡിറ്റ് ഖണ്ഡികയ്ക്ക് നല്കിയ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. സർക്കാരിന്റെയും നഗരസഭയുടെയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 48 | 156 | ” | നഗരസഭയിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2000-2001-ൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തുകയ്ക്കുള്ള ക്വട്ടേഷനാണ് ഹെൽത്ത് കമ്മിറ്റിയുടെ ശുപാർശപ്രകാരവും കൗൺസിൽ തീരുമാനപ്രകാരവും നഗരസഭ അംഗീകരിച്ചതെന്ന് സമിതിക്ക് ലഭ്യമായ മറുപടിയിൽനിന്നും വ്യക്തമാകുന്നു. ക്വട്ടേഷൻ ഉറപ്പിക്കുന്നതിനു മുമ്പ് നടത്തിയ നെഗോഷിയേഷനിൽ ക്വട്ടേഷൻ തുകയിൽ കുറവ് ആവശ്യപ്പെട്ടപ്പോൾ മുൻവർഷങ്ങളേക്കാൾ ഡീസൽ വിലയിൽ 35% വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും 20% വർദ്ധനവ് മാത്രമേ ക്വട്ടേഷൻ തുകയിൽ വരുത്തിയിട്ടുള്ളൂവെന്നും തുടർന്നുവരുന്ന മൂന്ന് വർഷത്തേക്ക് ഇതേ നിരക്കിൽത്തന്നെ വാഹനങ്ങൾ സപ്ലൈ ചെയ്യാമെന്നും കരാറുകാരൻ നിർദ്ദേശം വച്ചതായി സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഡീസൽ വിലവർദ്ധനവ് പരിഗണിക്കുമ്പോൾ 2000-2001-ലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തുകയ്ക്ക് തന്നെ 2001-2002, 2002-2003 വർഷങ്ങളിലും വാഹനം സപ്ലൈ ചെയ്യാമെന്ന കരാറുകാരന്റെ ഓഫർ സ്വീകരിച്ച നഗരസഭയുടെ നടപടി ന്യായീകരിക്കത്തക്കതാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, മാലിന്യം നീക്കം ചെയ്യുകയെന്നത് അത്യന്താപേക്ഷിതമായ കാര്യമാണെന്നു സമിതിക്ക് ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ കരാർ ഉറപ്പിച്ചുകൊണ്ടുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 49 | 159 | കൊച്ചി കോർപ്പറേഷൻ | നഗരസഭാപ്രദേശത്തെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭയും പോപ്പുലർ എൻവയോൺമെന്റ് മാനേജ്മെന്റ് സർവ്വീസ് എന്ന സ്ഥാപനവും ഒപ്പുവച്ച കരാറിലെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യവസ്ഥപ്രകാരം 2000 ഫെബ്രുവരി 2-ാം തീയതിവരെ നഗരത്തിലെ ഖരമാലിന്യം നീക്കുവാനുള്ള ബാധ്യത പ്രസ്തുത സ്ഥാപന ത്തിനുണ്ടായിരുന്നു. എന്നാൽ 1998 ഫെബ്രുവരി 24 വരെ മാത്രമേ ടി സ്ഥാപനം പ്രവർത്തിച്ചിട്ടുള്ളൂ. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവൃത്തിയിൽനിന്നും പിൻമാറിയ സ്ഥാപനത്തിന്റെ കണക്കനുസരിച്ച് പ്രവൃത്തി മൂല്യത്തിന്റെ ബാക്കി തുകയായ 1,08,40,737 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായ 4 ലക്ഷം രൂപയും ചേർത്ത് ആകെ 1,12,40,737 രൂപയാണ് സ്ഥാപനത്തിന് കിട്ടേണ്ടതെന്നായിരുന്നു അവകാശവാദമെങ്കിൽ, നഗരസഭയുടെ പക്കൽ തദവസരത്തിൽ ഇത് സംബന്ധിച്ച് വ്യക്തമായ ഒരു കണക്കുമില്ലായി രുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഭാരിച്ച ഒരു തുക അവകാശപ്പെട്ട് സ്ഥാപനമെത്തി യപ്പോൾ നടത്തിയ വിശദമായ പരിശോധന യിലാണ് 50,49,185 രൂപയാണ് നല്കേണ്ട തെന്ന് നഗരസഭയ്ക്ക് ബോധ്യപ്പെട്ടത്. |
| 50 | 160 | കൊച്ചി കോർപ്പറേഷൻ | കരാർ വ്യവസ്ഥപ്രകാരം ആഴ്ചതോറും പ്രവൃത്തിമൂല്യം കണക്കാക്കി തുക നല്കാമാ യിരുന്നു എന്നിരിക്കെ ഇത്രയും ഭാരിച്ച ബാധ്യതയാകുന്നതുവരെ കാലതാമസം വരുത്തുകയും കോടതി വ്യവഹാരങ്ങളിലേക്ക് നയിച്ച് ആ ഇനത്തിൽ നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുകയും ചെയ്ത നഗരസഭയുടെ നടപടി ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്ഥാപന ത്തിന് 67 ലക്ഷം രൂപ നല്കുവാനുള്ള കോടതിവിധിക്കെതിരെ അപ്പീൽ നല്കിയതി ന്മേൽ അനുകൂലവിധി നേടി നഗരസഭയുടെ ബാധ്യത അമ്പത് ലക്ഷം രൂപയായി കുറയ്ക്കു വാൻ സാധിച്ചത് ആശ്വാസകരമായി എന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ, കരാർ വ്യവസ്ഥപ്രകാരം 2000 ഫെബ്രുവരി 2 വരെ പ്രവൃത്തി നടത്തേണ്ടിയിരുന്ന സ്ഥാപനം 1998-ൽ ആയതിൽനിന്നും പിൻവാങ്ങിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിന്റെ കാരണം സംബന്ധിച്ചോ കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. |
| 51 | 161 | കൊച്ചി കോർപ്പറേഷൻ | ഈ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തണമെന്ന് 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു രേഖകളും റിപ്പോർട്ടും ഓഡിറ്റിനോ സമിതിക്കോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കരാർ വ്യവസ്ഥപ്രകാരം ആഴ്ചതോറും നല്കേണ്ടിയിരുന്ന തുക നല്കാതെ നഗരസഭയ്ക്കു ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതിനും കോടതി വ്യവഹാരത്തിലൂടെ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതിനും ഇടയാക്കിയതിന്റെയും കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് കരാറുകാരൻ പ്രവൃത്തിയിൽനിന്നും പിൻവാങ്ങിയതിന്റേയും കാരണങ്ങളും കരാർ വ്യവസ്ഥ ലംഘിച്ചതിനുത്തരവാദി കരാറുകാരനാണെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 52 | 167 | ” | നഗരസഭയുടെ 31-ാം ഡിവിഷനിലെ 31 കടമുറികൾക്ക് ഓരോന്നിനും ആദ്യം നിശ്ചയിച്ച അർദ്ധവാർഷിക നികുതി നിരക്കായ 1,118 രൂപ പിന്നീട് 915 രൂപയായും തുടർന്ന് 600 രൂപയായും പുനർനിശ്ചയിച്ചതായി സമിതിക്ക് ബോദ്ധ്യമാകുന്നു. ആദ്യം നിശ്ചയിച്ച നികുതി നിരക്ക് പുനഃപരിശോധിക്കണമെന്ന റിവിഷൻ പെറ്റിഷൻ നഗരസഭ നിരസിച്ചതിനെതിരെ സമർപ്പിച്ച പരാതിയിന്മേൽ നികുതി നിശ്ചയിച്ചുകൊണ്ടുള്ള റവന്യൂ ഓഫീസറുടെ ഉത്തരവ് ബഹു. ഹൈക്കോടതി അസാധുവാക്കിയതായും കക്ഷിയെ നേരിട്ട് കേട്ടതിനുശേഷം തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചതായും ഇതിന്റെ അടിസ്ഥാനത്തിൽ കക്ഷിയെ നേരിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കേട്ടതിനുശേഷമാണ് നികുതി 915 രൂപയായി കുറച്ചതെന്നും സർക്കാർ മറുപടിയിൽനിന്നും സമിതിക്ക് വ്യക്തമാകുന്നു. ടി ഉത്തരവിനെതിരെ നഗരസഭാ ടാക്സേഷൻ ആൻഡ് ഫൈനാൻസ് കമ്മിറ്റിക്ക് വീണ്ടും കക്ഷി സമർപ്പിച്ച അപേക്ഷയിന്മേൽ നടത്തിയ വിചാരണയുടെ വെളിച്ചത്തിലാണ് നികുതി നിരക്ക് 600 രൂപയായി കുറച്ചതെന്നും വെളിപ്പെടുന്നു. നഗരസഭ നിശ്ചയിക്കുന്ന നികുതി നിരക്കിന്മേലുള്ള ആക്ഷേപം പരിശോധിച്ച് യുക്തമെന്ന് കരുതുന്നപക്ഷം കുറച്ച് കൊടുക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ വിഷയത്തിന്മേൽ നടപടിക്രമങ്ങൾ പാലിച്ചും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും നഗരസഭയുടെ അധികാരത്തിന്റെ പരിധിക്കുള്ളിൽനിന്നുമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും മറുപടികളിൽനിന്ന് സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്കാധാരമായ കോടതി ഉത്തരവ് ഓഡിറ്റിന് നല്കുവാൻ 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത കോടതി ഉത്തരവ് ലഭ്യമാക്കിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ രേഖാമൂലം സമിതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 53 | 168 | കൊച്ചി കോർപ്പറേഷൻ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്കുകളുടെ ഓഡിറ്റ് വേളയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചയാണ് മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും ഇടയാക്കുന്നതെന്ന് പരാമർശിത ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാ സമയത്ത് സമിതി മനസ്സിലാക്കുന്നു. സമിതി യോഗത്തിൽ നല്കിയ വിശദീകരണത്തിന് ആധാരമായ രേഖകൾ ഓഡിറ്റ് വേളയിൽത്തന്നെ നൽകിയിരുന്നുവെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കപ്പെടുമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിനെ ഗൗരവമായി വീക്ഷിക്കണമെന്നും ഓഡിറ്റിനാവശ്യമായ രേഖകളും വിവരങ്ങളും യഥാസമയം നല്കി ഓഡിറ്റ് പരാമർശങ്ങൾ പരമാവധി ഒഴിവാക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പ് പ്രത്യേക താല്പര്യമെടുത്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കണമെന്നും അവ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 54 | 170 | കൊച്ചി കോർപ്പറേഷൻ | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003, 2003-2004 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കൊച്ചി നഗരസഭയിൽ സർവ്വീസ് പെൻഷൻ, കുടുംബപെൻഷൻ എന്നിവ വിതരണം ചെയ്തതിൽ ആകെ 3,53,786 രൂപയുടെ ക്രമക്കേടുകൾ പരാമർശിച്ചിരിക്കുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും നാളിതുവരെയായി 1,35,955 രൂപ മാത്രമാണ് നഗരസഭ ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. പരാമർശ വിധേയമായ കാലയളവിൽ കൊച്ചി നഗരസഭാ ജീവനക്കാരനായിരുന്ന വ്യക്തി കോട്ടയം നഗരസഭയിലേക്ക് സ്ഥലംമാറി പോകുകയും പിന്നീട് സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തതായി സർക്കാർ മറുപടിയിൽനിന്നും മനസ്സിലാക്കുന്നു. പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാനുള്ള ബാധ്യതാ തുകയായ 1,30,956 രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും ഈടാക്കുവാനായി തടഞ്ഞുവച്ചിട്ടുണ്ടെങ്കിലും ടി തുക കോട്ടയം നഗരസഭയിൽനിന്നും കൊച്ചി നഗരസഭയ്ക്ക് ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ആയതിനാൽ, ടി ജീവനക്കാരനിൽനിന്നും തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങളിൽനിന്ന് പ്രസ്തുത തുക ഈടാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആയത് നാളിതുവരെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഈടാക്കിയിട്ടില്ലെങ്കിൽ അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഗരസഭയ്ക്ക് ലഭിക്കുവാനുള്ള അവശേഷിക്കുന്ന തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 55 | 175 | കൊച്ചി കോർപ്പറേഷൻ | കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേക്കാണ് ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയ നഗരസഭാ അഡീഷണൽ സെക്രട്ടറി കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ബിൽ കളക്ടർ തുടങ്ങിയ തസ്തികകളിൽ അല്ലാതെയും നിയമനം നടത്തിയിട്ടുള്ളതായി പറയുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ള 15,22,487 രൂപ ചെലവഴിച്ചിട്ടുള്ളത് 2003-2004 സാമ്പത്തികവർഷത്തിലാണ്. എന്നാൽ, ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്ന് വാദിച്ചുകൊണ്ട് ക്രമവിരുദ്ധമായ ഈ ചെലവിന് സർക്കാരിന്റെ 2006-ലെ ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് നഗരസഭ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതായാണ് സമിതി കാണുന്നത്. ഇത്തരം നിയമനങ്ങൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കുവാൻ സമിതിമുമ്പാകെ ഹാജരായ നഗരസഭയുടെ അഡീഷണൽ സെക്രട്ടറിക്ക് കഴിഞ്ഞില്ല. ആയതിനാൽ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താല്ക്കാലിക നിയമനങ്ങൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമനകാലാവധി എന്നിവ സംബന്ധിച്ച രേഖകളും 2003-2004 സാമ്പത്തികവർഷം ഇത്തരത്തിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം, തസ്തികകൾ (Sanctioned post & others), കാലയളവ്, ശമ്പളം നല്കിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവയും ഓഡിറ്റ് വകുപ്പിനും ആയതിന്മേലുള്ള റിപ്പോർട്ട് സമിതിക്കും നല്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. |
| 56 | 177 | കൊച്ചി കോർപ്പറേഷൻ | നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതികൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ, സർക്കാരിന്റെ അനുമതി കൂടാതെ സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിനു നല്കിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാവില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത്, നിർത്തിവയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യവകുപ്പും സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 57 | 184 | ” | കൊച്ചി നഗരസഭ 1995-96-ൽ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി 7 ലക്ഷം രൂപ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെലവഴിക്കുകയും ഓഡിറ്റ് തടസ്സം ഉന്നയിച്ച പശ്ചാത്തലത്തിൽ ടി ചെലവിന് സർക്കാരിന്റെ സാധൂകരണം തേടുകയും ചെയ്ത സന്ദർഭത്തിൽ നഗരസഭ ഇൻഷ്വറൻസ് പദ്ധതിക്കായി ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നല്കിയെങ്കിലും മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ഇത്തരം നടപടികൾ സ്വീകരിക്കുവാൻ പാടില്ലെന്ന് 17-10-2000-ലെ ഉത്തരവ് മുഖേന അറിയിച്ചിരുന്നതായി സമിതിക്ക് ബോധ്യപ്പെടുന്നു. എന്നാൽ, പ്രസ്തുത ഉത്തരവിന് വിരുദ്ധമായി കൗൺസിൽ തീരുമാനപ്രകാരം സർക്കാർ അനുമതി ഇല്ലാതെ 18-8-2003-ൽ അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി 35,70,531 രൂപ വീണ്ടും ചെലവഴിച്ചിരിക്കുന്നു. ഇൻഷ്വറൻസ് പദ്ധതിക്ക് മുൻകൂർ അനുമതി ഇല്ലാതെ തുക ചെലവഴിക്കുന്നത് വിലക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനുശേഷവും നാലു പ്രാവശ്യമായി 77 ലക്ഷം രൂപ നഗരസഭ ചെലവഴിച്ചിട്ടുള്ളതായി കാണുന്നുവെന്ന് 7-12-2010-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി. നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് നിരീക്ഷിക്കുന്നതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതിപ്പണം ചെലവാക്കിയതിന് നഗരസഭാ കൗൺസിലർമാർ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. അപകടമരണ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിക്കുണ്ട്. മാത്രമല്ല, സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി കൗൺസിൽ തീരുമാനമെടുക്കുന്ന പക്ഷം ബന്ധപ്പെട്ട ഫയലിൽ വിയോജനക്കുറിപ്പ് എഴുതേണ്ട ബാധ്യതയും സെക്രട്ടറിക്കുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ അത്തരമൊരു നടപടി സ്വീകരിച്ചതായി യാതൊരു രേഖയും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കാൺമാനില്ല എന്നാണ് നഗരസഭാ സെക്രട്ടറിയും ഫിനാൻസ് ഓഫീസറും സമിതി മുമ്പാകെ വെളിപ്പെടുത്തിയത്. ഇൻഷ്വറൻസ് പദ്ധതിക്കായി 77 ലക്ഷം രൂപ ചെലവഴിച്ചിട്ട് ആയതിന്റെ ഗുണഫലം ലഭ്യമായതുമായ യാതൊരു രേഖകളും ഫയലിൽ കാണുന്നില്ലായെന്നും പദ്ധതി ആനുകൂല്യത്തിന് ആകെ കിട്ടിയ രണ്ട് അപേക്ഷകളും നിരസിച്ചിട്ടുള്ളതായി മാത്രമാണ് കാണുന്നതെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചിരിക്കുന്നു. |
| 58 | 185 | കൊച്ചി കോർപ്പറേഷൻ | ഈ സാഹചര്യത്തിൽ, അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്കായി സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച കൗൺസിലർമാരിൽനിന്നും ഈടാക്കുന്നതോടൊപ്പം ഈടാക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ അന്നത്തെ നഗരസഭാ സെക്രട്ടറിക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി പതിനഞ്ചു ദിവസത്തിനകം റിപ്പോർട്ട് ചെയ്യുവാൻ 7-12-2010-ൽ ചേർന്ന സമിതി യോഗം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-5-2011-ലെ റിപ്പോർട്ട് പ്രകാരം 22-2-2011-ന് മാത്രമാണ് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതെന്നും സമിതി നിർദ്ദേശത്തിന്മേൽ സമയബന്ധിതമായുള്ള നടപടിയോ തുടർനടപടിയോ സ്വീകരിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| 59 | 186 | ” | ആയതിനാൽ അപകടമരണ ഇൻഷ്വറൻസ് പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ നടപ്പിലാക്കരുതെന്ന 17-10-2000-ലെ സർക്കാർ ഉത്തരവിനുശേഷം നഗരസഭ ഏറ്റെടുത്ത ഇൻഷ്വറൻസ് പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നതിനും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 35,70,531 രൂപ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്ത വേളയിലെ നഗരസഭാ കൗൺസിൽ യോഗത്തിൽ ഹാജരായിരുന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കൗൺസിൽ അംഗങ്ങളിൽനിന്നും ഉത്തരവാദി കളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 60 | 192 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭയുടെ വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് സമീപ ത്തുള്ള വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിന് 10 HP മോട്ടോർ 125 കെ.വി. ജനറേറ്റർ ഉപയോഗിച്ച് പ്രവർത്തിപ്പിച്ചതിന്റെ പ്രതിദിന നിരക്ക് 6,747 രൂപയായിരുന്നുവെന്നും ഇതിൽ ജനറേറ്റർ, മോട്ടോർ, ലേബർ എന്നിവയെല്ലാം അടങ്ങുന്നുവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 1,500 രൂപ നിരക്കിൽ ലഭ്യമാകുന്ന ജനറേറ്റർ ഉപയോഗിച്ച് 10 HP മോട്ടോർ പ്രവർത്തിപ്പിക്കാനാവില്ലെന്നും പ്രവൃത്തിക്കാണ് ക്വട്ടേഷൻ നല്കിയിട്ടുള്ള തെന്നും ആയതിനാൽ ഡി.എൽ.ആർ. തയ്യാറാക്ക ലിന്റെ ആവശ്യമുണ്ടായിരുന്നില്ലെന്നും സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. നഗരസഭാ സെക്രട്ടറി നല്കിയ വിശദീകരണം ന്യായ യുക്തമായി കരുതാമെങ്കിലും ആയതിനാധാര മായ യാതൊരു രേഖയും ഓഡിറ്റിനോ സമിതി മുമ്പാകെയോ സമർപ്പിക്കുകയുണ്ടായില്ല. ഈ വിഷയം സംബന്ധിച്ച ഫയലുകളും മറ്റ് രേഖകളും പതിനഞ്ച് ദിവസത്തിനകം ഓഡിറ്റിന് സമർപ്പിക്കുവാൻ 7-12-2010-ലെ സമിതിയോഗം നഗരസഭാ സെക്രട്ടറിയോട് ആശ്യപ്പെട്ടുവെങ്കിലും നിർദ്ദിഷ്ട സമയത്തിനു ള്ളിൽ അവ ലഭ്യമാക്കിയിട്ടില്ലെന്നും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് അടിയന്തര പ്രാധാന്യത്തോടെ വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനം ഏറ്റെടുത്ത തെന്നും, നഗരസഭ പ്രവൃത്തി നേരിട്ട് ചെയ്യാ തിരുന്നതിനാലും, പുറത്തുള്ള ഏജൻസി പ്രവൃത്തി പൂർണ്ണമായും ചെയ്തതിനാലുമാണ് ഡി.എൽ.ആർ. എഴുതാതിരുന്നത് എന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചിരിക്കുന്നു. ബഹു. കേരള ഹൈക്കോടതിയുടെ ജഡ്ജ്മെന്റിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യ ത്തിൽ, ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 61 | 198 | കൊച്ചി കോർപ്പറേഷൻ | കൊച്ചി നഗരസഭയുടെ ചേരാനല്ലൂർ, വെല്ലിംഗ്ടൺ എന്നിവിടങ്ങളിലെ ഗാർബേജ് ഡംപിംഗ് ഗ്രൗണ്ടിൽ നിക്ഷേപിക്കപ്പെട്ട ചപ്പ് ചവറുകൾക്ക് മീതെ 15 മുതൽ 20 വരെ സെ.മീ. കനത്തിൽ ചുവന്ന മണ്ണ് വിരിച്ചത് പ്രദേശവാസികളുമായും നാവിക ഉദ്യോഗസ്ഥ രുമായും നഗരസഭ നടത്തിയ ചർച്ചയിലെ ധാരണയുടെ അടിസ്ഥാനത്തിലാണെന്നും ലോറി സുഗമമായി പോകുന്നതിനാണ് ക്വാറി ഡസ്റ്റ് വിതറിയതെന്നുമുള്ള നഗരസഭ യുടെ വിശദീകരണം പരിശോധിച്ച് ബോധ്യ പ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 62 | 202 | ” | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സെന്റ് ബെനഡിക്റ്റ് റോഡിന്റെ തെക്കുവശ ത്തുള്ള കാന നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയിട്ടുണ്ടെന്നും പഴയ കാന പൂർണ്ണമായും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലായിരുന്നതിനാലാണ് ആയത് പൊളിച്ചത് അളവ് പുസ്തകത്തിൽ രേഖപ്പെടു ത്താത്തതെന്നുമാണ് നഗരസഭ സെക്രട്ടറി നല്കിയ വിശദീകരണം പ്രവൃത്തി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി നിരീക്ഷിച്ചു. കാന പുതുക്കി നിർമ്മിക്കുവാനുള്ള ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും രേഖകളും പ്രവൃത്തി സംബന്ധിച്ച വിശദമായ വിവരങ്ങളും ഓഡിറ്റിന് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, പ്രസ്തുത വിവരങ്ങൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കി മറുപടി സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 63 | 203 | കൊച്ചി കോർപ്പറേഷൻ | 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നഗരസഭ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14(3) പ്രകാരം ആഡിറ്റ് റിപ്പോർട്ട് മുനിസിപ്പാലിറ്റിക്ക് ലഭിച്ച് ഒരു മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേക യോഗം റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ ഭൂരിഭാഗം നഗരസഭകളും പാലിക്കുന്നില്ല എന്നാണ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനാ വേളയിൽ വെളിപ്പെടുന്നതെന്ന് റിപ്പോർട്ട് ചെയ്യുന്നു. ഈ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കൊച്ചി നഗരസഭയുടെ ഓഡിറ്റ് ഖണ്ഡികളിന്മേലുള്ള മറുപടികൾ ലഭ്യമാക്കിയിരിക്കുന്നതും മേല്പറഞ്ഞ ചട്ടങ്ങൾ പാലിച്ചു കൊണ്ടല്ലെന്ന് സമിതി മനസ്സിലാക്കുന്നു. നഗര സഭകളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്ന ഈ വീഴ്ച സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുകയും അടിയന്തരനടപടി ആവശ്യപ്പെടുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ അടിയന്തരശ്രദ്ധ അനിവാര്യമാണെന്നും നഗരസഭകൾ പൊതുപ്പണം ചെലവഴിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും ഓഡിറ്റിനും നിയമസഭാ സമിതിക്കും യഥാസമയം സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയിട്ടില്ലെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു. |